# ക്രൈസ്തവ കാഹളം

★

1963

November

Vol. XXII. No. VII.



"കത്താവെ, നിന്റെ ആശ്രയത്തിൽ മരിച്ച് നിന്റെ വരവിനായി നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചു പോയവരെ നീ ആശ്വസിപ്പിക്കണമെ".

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | പുറം |
|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ | 201 |
| 2. | പാർശ്വവീക്ഷണം (A. A.) | 202 |
| 3. | സാഹോദര്യം (കവിത) (ചാരുംമൂട്ട്) | 204 |
| 4. | 'കേരളദാസൻ' സൃഷ്ടിച്ച കോളിളക്കം അറസ്റ്റും ജയിൽവാസവും (എം. എം. വർക്കി, മൂക്കഞ്ചേരിൽ) | 205 |
| 5. | എന്തിനു് നിരീക്ഷകർ പോകുന്നു? | 209 |
| 6 | ഉത്തമമായ പ്രതിവിധി — (ഏലിയാമ്മ ജോർജ്ജ് വലിയതാഴത്തു്) | 211 |
| 7. | കൗൺസിലിന്റെ തീരുമാനങ്ങൾ — (ജോസ് തച്ചിൽ, പൂന) | 213 |
| 8. | ഫോർമോസായിലെ കന്യാസ്ത്രീയായ ഡോ. ഹിൽഡാ — (എസ്. ഏബ്രഹാം) | 216 |
| 9 | ദൈവത്തിന്റെ വഴികൾ (ചെറുകഥ) —(പി. സി. ജോസഫ്, പട്ടാഴി ഈസ്റ്റ്) | 220 |
| 10. | കിഴക്കു നിന്നും വെളിച്ചം (M. C.) | 222 |
| 11. | ആ നല്ല ഇടയന്റെ സ്വരം | 226 |
| 12. | 'ശ്ലോമോ ലാകുലകുൻ' (ഫാദർ ഡി. സക്കറിയാ) | 230 |
| 13 | മലബാറിലെ പുനരൈക്യവേലകൾ — (ഫാദർ ജേക്കബ് അയനി) | 233 |
| 14. | പരേതനായ ബ്. ബ്രദർ ആന്റണി ഓ ഐ. സി യുടെ ഒന്നാം ചരമവാർഷികം | 236 |
| 15. | സഭാകലണ്ടർ | കവർ 3 |
| 16. | വിവിധ വൃത്താന്തങ്ങൾ | 3—4 |


### അറിയിപ്പ്

പത്രാധിപക്കുള്ള ലേഖനങ്ങൾ, കത്തുകൾ മുതലായവ താഴെ കാണുന്ന മേൽവിലാസത്തിൽ അയയ്ക്കണം.


റവ. ഫാദർ സി. എ. ഏബ്രഹാം,
മാർ ഈവാനിയോസ് കോളജ്, തിരുവനന്തപുരം-15.




അമ്പലത്തുംകാല, കൈതക്കുഴി, കുണ്ടറ, മാറനാട്, മുളവന, മുഖത്തല, നല്ലില, നീരേശ്വരം, പ്ലാക്കാട്, എന്നീ ഇടവകകളിലുള്ള കത്തോലിക്കാ മാതാക്കളുടെ ഒരു സമ്മേളനം ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാം തീയതി കുണ്ടറ ചെറുപുഷ്പ ബഥനി മഠത്തിൽ വച്ചു നടത്തപ്പെട്ടപ്പോൾ എടുത്ത ഫോട്ടോ.

വരിസംഖ്യ മുൻകൂർ 2ക. 50ന. പ.

വിദേശങ്ങളിൽ 3ക. 50ന. പ.

*Chief Editor*: Rt. Rev. Msgr. Philipose Ramban.

*Sub*: ,, Rev. Fr. Thomas Inchakalody.

# ക്രൈസ്തവകാഹളം

പുസ്തകം 22 | നവംബർ 1963 | ലക്കം 1

17875

## പത്രാധിപക്കുറിപ്പുകൾ

### കൗൺസിലും അയ്മേനികളും:

രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ സംബന്ധിക്കുന്നതിന് ഏതാനും അയ്മേനികളെ ക്ഷണിച്ചതു് ചരിത്രം സൃഷ്ടിച്ച ഒരു നടപടിയായിരുന്നു. സുന്നഹദോസിൽ വോട്ടുചെയ്യാൻ അവർക്കവകാശമില്ലെങ്കിലും അവരുടെ ചിന്തയും പ്രേരണാശക്തിയും സുന്നഹദോസിന്റെ അഭിപ്രായരൂപീകരണപ്രക്രിയയിൽ ചെറിയതോതിലെങ്കിലും സ്വാധീനം ചെലുത്താതിരിക്കുകയില്ല. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അയ്മേനികൾക്കുള്ള സ്ഥാനത്തെപ്പററി ചിന്താവികസനത്തിന്റെ വ്യക്തമായ ലക്ഷണങ്ങൾ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ തെളിഞ്ഞു കാണുന്നുണ്ടു്.

സുന്നഹദോസിന്റെ ചർച്ചകൾക്കടിസ്ഥാനമായിരിക്കുന്ന സഭയെ സംബന്ധിച്ച പ്രബന്ധത്തിന്റെ മൂന്നാം അദ്ധ്യായം അയ്മേനികൾക്കു സഭയിലുള്ള സ്ഥാനത്തെപ്പററിയാണെന്നറിയുന്നു. അകമേനിന്നു ലോകത്തെ വിശുദ്ധീകരിക്കുക എന്ന സഭയുടെ കർത്തവ്യത്തിൽ അയ്മേനിക്കുള്ള പങ്കിനെ ഇതു് ഊന്നിപ്പറയുന്നു. മാമ്മോദീസാമൂലം ക്രിസ്തുവിലും സഭയിലും ആയിരിക്കുന്ന ക്രിസ്ത്യാനി ക്രിസ്തുവിന്റെ ത്രിവിധ സ്ഥാനങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നവനാണു്. സഭയിലെ കൂദാശാപരമായ ജീവിതം വഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, ക്രിസ്തുവിന്റെ സാക്ഷിയായി ജീവിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതുമൂലം ക്രിസ്തുവിന്റെ പ്രവാചകസ്ഥാനത്തിലും, പാപത്തിന്മേലുള്ള ക്രിസ്തുവിന്റെ വിജയത്തോടുള്ള ബന്ധംമൂലം ക്രിസ്തുവിന്റെ രാജത്വത്തിലും അയ്മേനിക്കു പങ്കുണ്ടെന്നു സുന്നഹദോസ് ചർച്ചചെയ്തുകൊണ്ടിരിക്കുന്ന പ്രബന്ധം പ്രഖ്യാപിക്കുന്നു.

അയ്മേനികളുടെ പദവിയും ചുമതലകളും പട്ടക്കാരുടെയും മെത്രാന്മാരുടെയും പദവിയ്ക്കും ചുമതലകൾക്കും ഹാനികരമാണെന്നുള്ള തെററായ ധാരണ ചില സ്ഥലങ്ങളിലും കാലങ്ങളിലും ഉണ്ടായിരുന്നിട്ടുണ്ടു്. ഒരു ശരീരത്തിലെ അവയവങ്ങൾ ഒന്നു് ഒന്നിനെ സഹായിക്കുകയും പരസ്പരം ആശ്രയഭാവത്തിൽ കഴിയുകയും ചെയ്യുന്നതുപോലെ അയ്മേനികളും പട്ടക്കാരും സഭാശരീരത്തിൽ വർത്തിക്കേണ്ടതാണു്. വി. കുർബാനയിൽ പുരോഹിതനും ജനങ്ങളും സഹകരിച്ചു് ഒരേ ആത്മാവിൽ ബലിയർപ്പിക്കുന്നതുപോലെ ഇതരകാര്യങ്ങളിലും ആയിരിക്കേണ്ടതാണെന്നു പറയാം.

സുന്നഹദോസിന്റെ താത്വികമായ പ്രഖ്യാപനങ്ങൾ പ്രായോഗികമാക്കുന്നതിനുള്ള ചുമതല ഓരോ ദേശത്തെയും സഭാഘടകങ്ങൾക്കായിരിക്കും എന്നുള്ളതിനു സംശയമില്ല. കേരളത്തിലെ ചുററുപാടുകളും പാരമ്പര്യവും കണക്കിലെടുത്തുകൊണ്ടു്, അയ്മേനികൾക്കു് സഭയിലുള്ളതായി സുന്നഹദോസ് കാണുന്ന സ്ഥാനത്തെ പ്രായോഗികമായി അംഗീകരിക്കുന്നതിനുള്ള മാർഗ്ഗ

ങ്ങൾ മലങ്കരസുറിയാനി കത്തോലിക്കാസഭയിലും സ്വീകരിക്കപ്പെട്ടുമെന്നു നമുക്കു പ്രത്യാശിക്കാം.

* * * * *

### മാതൃസഭയിലേക്ക്

കേരളത്തിലെ ഓർത്തഡോക്സ് സുറിയാനിസഭയുടെ "മലങ്കരസഭ" എന്ന മാസികയിൽ ചേർത്തിരുന്ന ഒരു വാർത്തയുടെ തലക്കെട്ടാണു് മുകളിൽ കൊടുത്തിരിക്കുന്നതു്. അട്ടച്ചാക്കൽ എന്ന സ്ഥലത്തുനിന്നു് "റീത്തിൽ" ചേർന്നിരുന്നവരിൽ 25 വീട്ടുകാർ ഓർത്തഡോക്സു സഭയിലേക്കു തിരിച്ചു പോയി, ഇനി ബാക്കിയുള്ള ഏതാനും പേർ ഉടനെ തിരിച്ചു പോകും എന്നാണു് വാർത്ത. 115 വീട്ടുകാർ അടുത്തകാലത്തു് കത്തോലിക്കരായ സ്ഥലത്തു് 6 വീട്ടുകാർ ചില പ്രത്യേക കാരണങ്ങൾകൊണ്ടു് തിരിച്ചുപോയി എന്നുള്ള സത്യത്തിൻെറ ഓർത്തഡോക്സ് ഭാഷ്യമാണു് അതു്. ഈ വസ്തുത ഇവിടെ എടുത്തു പറയുന്നതു് ഓർത്തഡോക്സുകാരുടെ കണക്കു് അവരറിഞ്ഞോ അറിയാതെയോ തെററിയിരിക്കുന്നു എന്നുമാത്രം കാണിക്കാനല്ല.

പുനരൈക്യപ്പെടുന്ന സന്മനസ്സുള്ള ഓർത്തഡോക്സുകാരെയും മററുള്ളവരെയും കത്തോലിക്കാവിശ്വാസത്തിലും പരിശീലനത്തിലും ഉറപ്പിക്കുന്നതിനുള്ള നമ്മുടെ പരിശ്രമങ്ങൾ അപര്യാപ്തങ്ങളാണു് എന്നുള്ള പരമാർത്ഥത്തെപ്പററിയാണു് നാം ചിന്തിക്കേണ്ടതു്. കത്തോലിക്കാസഭയ്ക്കുള്ളിൽ ഒരു യാക്കോബായാ പോക്കററുപോലെ കഴിഞ്ഞുകൂടുന്ന പരിതഃസ്ഥിതി പുനരൈക്യപ്പെട്ടവർക്കുണ്ടാതെ നിഷ്കർഷിക്കേണ്ടതാവശ്യമാണു്. പുനരൈക്യപ്പെടുന്നവർക്കു ക്രൂദാശാപരമായ ജീവിതത്തിലും, പുണ്യപരിശീലനത്തിലും, സഭാസ്നേഹത്തിലും വളരുന്നതിനുള്ള സാഹചര്യങ്ങളും സഹായങ്ങളും നൽകുന്നതാണു് മലങ്കര സുറിയാനികത്തോലിക്കാസഭയുടെ പ്രഥമമായ ചുമതലയെന്നു് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. "റീത്തി"ലേയ്ക്കല്ല "മാതൃസഭ"യിലേക്കാണു് തങ്ങൾ വരുന്നതെന്നുള്ള ബോധം കത്തോലിക്കാസഭയോടു് പുനരൈക്യപ്പെടുന്ന ഓർത്തഡോക്സുകാർക്കു നൽകേണ്ടതു് ഈ ചുമതലയുടെ ഒരു ഭാഗം മാത്രമാണു്.

* * * * *

## പാർശ്വവീക്ഷണം:

# സുന്നഹദോസിനെപ്പററി മാർത്തോമ്മാ മെത്രാപ്പോലീത്താ

(A. A.)

പ്രധാനമായും മാർത്തോമ്മാസഭാംഗങ്ങളെ ഉദ്ദേശിച്ചെഴുതിയിട്ടുള്ള ഒരു കത്തിൽ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി വത്തിക്കാൻ സുന്നഹദോസിനെപ്പററി ശ്രദ്ധേയമായ പല പരാമർശനങ്ങൾ നടത്തിയിട്ടുണ്ടു്. അകത്തോലിക്കാസഭകൾ നിരീക്ഷകരെ അയച്ചതിനെപ്പററി തിരുമേനി ഇപ്രകാരം പറയുന്നു. "ഇതുമൂലം റോമാസഭയെ അതിൻെറ ഉന്നത നിലവാരത്തിൽ കാണുന്നതിനും, ഇതര സഭാവിഭാഗങ്ങളെ അവയുടെ ഉത്തമ പ്രതിനിധികളിൽക്കൂടെ റോമാസഭയ്ക്കു കാണുന്നതിനും ഒരു അവസരം ലഭിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം റോമാക്കാർക്കില്ല, കന്യകമറിയാമ്മിനെയും, വിശുദ്ധന്മാരെയും ഉള്ള ആരാധനയേ ഉള്ളു എന്നു ധരിച്ചിരിക്കുന്ന റോമേതരർ ഉണ്ടു്. പ്രോട്ടസ്റ്റൻറുകാർക്കു് ക്രിസ്തുവിലുള്ള വിശ്വാസമില്ല എന്നു ധരിച്ചിരിക്കുന്ന റോമാക്കാരും ഉണ്ടു്. നാം തമ്മിൽ തമ്മിൽ മനസ്സിലാക്കേണ്ടതു് വളരെ ആവശ്യം".

സുന്നഹദോസിൻെറ ആലോചനാവിഷയങ്ങളിൽ മാർത്തോമ്മാസഭയ്ക്കു പ്രത്യേകതാല്പര്യമുള്ള രണ്ടു കാര്യങ്ങളെപ്പററി മെത്രാപ്പോലീത്താ തിരുമേനി പ്രത്യേകം എടുത്തുപറയുന്നുണ്ടു്. "അ

രാധനയ്ക്കു്, പ്രത്യേകിച്ചു വി. കർബാനയ്ക്കു്, ഓരോ നാട്ടിലെയും ഭാഷ ഉപയോഗിക്കുന്നതിനുള്ള അനുവാദം കൊടുക്കുക എന്നതാണു് ഒന്നു്. ഇതിനു് അനുവാദം കിട്ടുമെന്നുള്ളതു് നിശ്ചയം അത്രെ. അബ്രഹാം മല്പാനച്ചൻ തക്സാ മലയാളത്തിൽ പരിഭാഷപ്പെടുത്തി കുർബാന അനുഷ്ഠിച്ചതു തെററും അനുസരണക്കേടുമായിട്ടായിരുന്നു അന്നു സുറിയാനിസഭ കരുതിയതു്. ഇതര ക്രൈസ്തവസഭയ്ക്കു് പ്രയാസം ഉണ്ടാക്കുന്ന ഒന്നാണു് റോമൻ കത്തോലിക്കു് സഭയുടെ വിവാഹ ചട്ടം. ഏതു ക്രൈസ്തവസഭയിൽ പെട്ട പുരുഷനാണെങ്കിലും റോമാസഭയിലെ ഒരു സ്ത്രീയെ വിവാഹം ചെയ്യണമെങ്കിൽ, പുരുഷൻ അഭിമാനംവിട്ടു് മക്കളെ റോമാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരും എന്നു സമ്മതിക്കണം. ഈ നില വ്യത്യാസപ്പെടുത്തുന്നതിനെപ്പററിയും ആലോചന വരും".

മെത്രാപ്പോലീത്താ തിരുമനസ്സിലെ ഈ നല്ല കത്തിൽ അവസാനം പറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങളെപ്പററി രണ്ടു വാക്കു്. അബ്രാഹം മല്പാൻ മലയാളത്തിൽ കുർബാന ചൊല്ലിയതു് അന്നത്തെ യാക്കോബായസഭ സഹിഷ്ണുതയോടെ വീക്ഷിച്ചില്ലെന്നുള്ളതു ശരിയാണു്. അക്കാര്യത്തിൽ അബ്രാഹം മല്പാൻ ദീർഘവീക്ഷണം പ്രകടിപ്പിച്ചു. എന്നാൽ യാക്കോബായ സഭ ശക്തിയായ എതിർപ്പു പ്രകടിപ്പിച്ചതു് അബ്രാഹം മല്പാൻ സി. എം. എസ്. മിഷ്യനറിമാരുടെ വ്യാഖ്യാനങ്ങൾക്കു യോജിച്ച രീതിയിൽ തക്സാ വെട്ടിത്തിരുത്തിയതിനോടായിരുന്നു. പ്രാദേശിക ഭാഷകൾ ഉപയോഗിക്കാൻ വത്തിക്കാൻ സുന്നഹദോസ് തീരുമാനിച്ചാലും മാർത്തോമ്മാ സഭയെ സംബന്ധിച്ചു് കാതലായ ഈ പ്രശ്നം പിന്നെയും അവശേഷിക്കുമല്ലൊ. തക്സാശാസ്ത്രത്തെപ്പററി ഇന്നുള്ളതുപോലെയുള്ള അറിവു് ലഭ്യമല്ലാതിരുന്ന കാലത്തായിരുന്നു അബ്രാഹം മല്പാൻ തക്സാ തിരുത്തിയതെന്നും, അദ്ദേഹം തള്ളിക്കളഞ്ഞ വിശ്വാസാചാരങ്ങൾ റോമൻ കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭകളും ഒരുപോലെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നവയും, ക്രിസ്തീയസഭ ഒന്നായിരുന്ന കാലത്തു നിലവിലിരുന്നവയുമാണെന്നും ഉള്ള സത്യങ്ങളെ ധൈര്യപൂർവ്വം വീക്ഷിക്കുന്നതിനു് മാർത്തോമ്മാ സഭയ്ക്കു സാധിച്ചാൽ അതു കേരള സഭാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറക്കും എന്നു നിസ്സംശയം പറയാം.

രണ്ടാമതു വിവാഹകാര്യം. കത്തോലിക്കരുടെ വിവാഹനിബന്ധനകൾ അകത്തോലിക്കരെ പലപ്പോഴും വിഷമിപ്പിക്കുന്നുണ്ടെന്നുള്ളതു ശരിയാണു്. വത്തിക്കാൻ സുന്നഹദോസ് അതിനു പരിഹാരങ്ങൾ കണ്ടുപിടിച്ചാൽ നല്ലതുതന്നെ. അതു സാധിച്ചില്ലെങ്കിൽ തന്നെയും മെത്രാപ്പോലീത്താ തിരുമനസ്സ് പറഞ്ഞിരിക്കുന്നതിനു് ഒരു മറുവശമുണ്ടെന്നു തോന്നുന്നു. മക്കളെ കത്തോലിക്കരായി വളർത്താൻ സമ്മതിച്ചാൽ അകത്തോലിക്കരെക്കൊണ്ടു കത്തോലിക്കാസ്ത്രീകളെ വിവാഹം ചെയ്യിക്കുന്നതിനു കത്തോലിക്കാസഭ അനുവാദം നൽകുന്നുണ്ടു്. പുരുഷൻ കത്തോലിക്കനാകണം എന്നു സഭ നിർബ്ബന്ധിക്കുന്നില്ലെന്നുള്ളതു് ഇവിടെ ശ്രദ്ധേയമാണു്. മാർത്തോമ്മാ സഭാംഗങ്ങൾ ഇവാഞ്ചലിക്കൽ സഭാംഗങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയേ അരുതു് എന്നാണു മാർത്തോമ്മാസഭയുടെ ഔദ്യോഗിക നില എന്നു തോന്നുന്നു. (അങ്ങനെയല്ലെങ്കിൽ ക്ഷമിച്ചേക്കണം) വിവാഹനിയമങ്ങൾ കർശനമാക്കുന്നതിനു് മാർത്തോമ്മാസഭയോളമെങ്കിലും കത്തോലിക്കാസഭക്കും ആവശ്യമുണ്ടു് എന്നു സമ്മതിക്കണമല്ലൊ. വിവാഹപ്രശ്നങ്ങളും ആത്യന്തികമായ അപഗ്രഥനത്തിൽ കാതലായ വിശ്വാസാചാരങ്ങളിലുള്ള വ്യത്യാസങ്ങളിന്മേലാണു വേരൂന്നിയിരിക്കുന്നതെന്നുള്ളതാണു പരമാർത്ഥം. ഇവയെപ്പററി വൈദിക ധൈര്യത്തോടും ക്രിസ്തീയ താഴ്മയോടുംകൂടെ പുനരവലോകനം ചെയ്യുന്നതിനു് വത്തിക്കാൻ സുന്നഹദോസുമായുള്ള ബന്ധം മാർത്തോമ്മാസഭയ്ക്കും മററു സഭകൾക്കും സഹായകമാവട്ടെ എന്നാശംസിക്കുന്നു.

## കവിത

# സാഹോദര്യം

(ചാരുംമൂട്)


[കേക]

ഫലദായകമാകും തലകൾതാഴ്ത്തി മന്നി-
ന്നഭിവാദനമേകി നില്പൂ നൽക്കതിർക്കൂട്ടം.
കൊയ്തുകൂട്ടിയ കതിർക്കറ്റകളൊരുദിക്കിൽ,
മെതിച്ച ധാന്യമണിക്കൂനകളൊരുദിക്കിൽ.
അങ്ങിങ്ങു കൊളുത്തിയ ദീപങ്ങൾ,
തീക്ഷ്ണഗന്ധങ്ങൾ,
അങ്ങതിന്നടുത്തായിക്കിടക്കും കൃഷിക്കാരും.
വിളഞ്ഞ വയലിന്റെ പൊന്മണിപ്രകാശത്തിൽ
തെളിഞ്ഞ പ്രതിച്ഛായ കാണ്മൂ,
വിൺകണ്ണാടിയിൽ.
വിണ്മേഘലക്ഷണങ്ങളാം കതിർക്കറ്റകളെ
വിൺവയൽക്കോണുകളിൽ മാരുതനടുക്കുന്നു.
കൊളുത്തിവച്ച ദീപതാരകങ്ങളോടൊത്തു
തെളിപ്പൂ തൻദീപവും കർഷകൻ സുധാകരൻ
മെതിച്ചുകൂട്ടിപ്പൊതിഞ്ഞിട്ടൊരു 'കരക'ത്തി-
നടുത്തുകിടന്നൊരു കർഷകൻ നിനയ്ക്കയായ്,
"നിരുപിച്ചിടത്തോളം കിട്ടിയില്ലിപ്പോൾ
ധാന്യം,
പെരുത്തകാലക്കേടിക്കൃഷിക്കുഭവിച്ചുപോയ്!!
ജ്യേഷ്ഠനാണെന്നെക്കാളും ക്ലേശങ്ങളെത്രചെയ്യാം
കഷ്ടിച്ചുകിട്ടിക്കാണുമിത്രയുമിച്ഛാച്ഛനും!
കിട്ടിയോരീധാന്യംകൊണ്ടൊട്ടുമേ തികയാതെ
കഷ്ടത്തിലാകാമെന്റെ ജ്യേഷ്ഠനും കുഞ്ഞുങ്ങളും.
ആകയാലെൻധാന്യത്തിൽക്കുറച്ചെൻസഹോദര-
ന്നേകണം, ബാക്കികൊണ്ടുകഴിയാമെന്മട്ടിലും.
ജ്യേഷ്ഠനേതുമേയറിഞ്ഞിടാതെ കുറേധാന്യം
ജ്യേഷ്ഠന്റെ 'കരക'ത്തിലാക്കണമീരാത്രിയിൽ."
ചുമട്ടുകാരേവിളിച്ചേല്പിച്ചു ധാന്യം; സഹോ-
ദരന്റെ 'കരക'ത്തിൽച്ചേർക്കുവാൻ
സസൂക്ഷ്മമായ്.
ആ വയൽക്കുള്ളിലൊരുഭാഗത്തുള്ള
തൻധാന്യത്തിൻ-
കാവലിൽക്കഴിയുമാജ്യേഷ്ഠനും വിചാരിച്ചു.
കഷ്ടമിത്തവണത്തെ വിളവെത്രയോ മോശം!
കിട്ടിയതില്ല പാടുപെട്ടപോലതിൻഫലം.
അടുത്തവിളവെടുപ്പോളമെങ്ങനെ കഴി-
ഞ്ഞിടുമെന്നനുജനും ഭാര്യയും കുഞ്ഞുങ്ങളും.
അവന്റെ 'കരക'ത്തിൽ ചേർക്കണം, രണ്ടുമൂന്നു
ചുമടു ഞാനവനറിയാതീരാത്രിയിൽ."
നിനച്ചിങ്ങനെ ജ്യേഷ്ഠനൊറ്റ,ച്ചേർപ്പാടുചെയ്തു
നയിച്ചു വിശ്വസ്തരാം ചിലരെ ക്ഷണംതന്നെ.
സോദരരിരുവരുമീവിധമാരാത്രിയെ
മോദമായ് സമാധാനപൂർണ്ണമായ്
നയിച്ചെന്നാൽ,
ലോകബാന്ധവൻഭാസ്വത്താകും തൻകരങ്ങളാൽ
ലോകത്തെയാകമാനം തൊട്ടുതൊട്ടുണർത്തവേ,
അത്ഭുതമിരുവരുംകണ്ടല്പംപോലും കുറ-
വില്ലാതെ തങ്ങൾക്കുള്ള ധാന്യക്കൂനകൾമുന്നിൽ!
പിറ്റേന്നുമതുവിധം വർത്തിച്ചാരിരുവരും
മൂന്നാംനാളിരുപേരും ചുമട്ടുകാരുമായി,
ധാന്യവുമായങ്ങോട്ടു,മിങ്ങോട്ടും പോകുംനേരം,
മതിയാകാതെ സുധാകരനാസാഹോദര്യ-
മധുമാതൃകകളെത്തഴുകിത്താലോലിക്കെ,
കൺചിമ്മിച്ചിമ്മിത്താരാഗണങ്ങൾ
സന്ദേഹംതീ-
'ന്നുണ്മയിൽ സാഹോദര്യസ്നേഹ'മെന്നാ
ഹ്ലാദിക്കെ,
അങ്ങകലെപ്പാതിരാക്കോഴി കാഹളമൂതി
'സ്വർഗ്ഗീയസ്നേഹ'മെന്നായച്ചത്തിലുദ്
ഘോഷിക്കെ,
രണ്ടു കൈവഴികളായൊഴുകിവന്നൊന്നാകും
സ്ഫടികത്തെളിനീരുൾക്കൊള്ളും
നീർത്തോടുപോലെ,
കണ്ടിരുപേരുംകെട്ടിപ്പിടിച്ചു സന്തോഷത്തിൻ-
കണ്ണുനീരിരുപേർക്കും വീണവർ പുറങ്ങളിൽ.

# 'കേരളദാസൻ' സൃഷ്ടിച്ച കോളിളക്കം അറസ്റ്റും ജയിൽവാസവും

[എം. എം. വർക്കി, മൂക്കഞ്ചേരിൽ]

എന്നെ അറസ്റ്റുചെയ്തു ജയിലിലാക്കിയിട്ടും കേരളദാസൻ മുറയ്ക്കു നടക്കുന്നു. കേരളദാസന്റെ മുന്നോട്ടുള്ള കുതിച്ചുകയററത്തെ തടയുവാൻ കാരിരുമ്പഴികൾക്കു സാദ്ധ്യമല്ലെന്നു എതിരാളികൾ മനസ്സിലാക്കി. എന്റെ ജയിൽവാസകാലത്തും കേരളദാസൻ മുടങ്ങാതെ നടത്തിക്കൊണ്ടുപോകുന്നതിനു യോ



ഗ്യനായ ഒരു സമുദായസ്നേഹി മുന്നോട്ടു വന്നു. എൽ. ടി. യ്ക്കു പഠിക്കുന്നതിനായി അന്നു തിരുവനന്തപുരത്തു വന്നു താമസിക്കുകയായിരുന്ന അദ്ദേഹം. പാലാ ട്രെയിനിംഗ് കോളജ് പ്രിൻസിപ്പാളായിരിക്കെ, അകാലചരമം പ്രാപിച്ച എ. ഓ. ജോസഫ് എം. എ., എൽ. ടി. ആയിരുന്ന ആ മഹാശയൻ. എ. ഓ. ജോസഫ് അടിയുറച്ച ഒരു കത്തോലിക്കനായിരുന്നു. സമുദായത്തിനുവേണ്ടി, പ്രത്യേകിച്ചു കത്തോലിക്കാ വിദ്യാഭ്യാസാദർശങ്ങൾക്കുവേണ്ടി, അദ്ദേഹം ചെയ്തിട്ടുള്ള സേവനം കേരളത്തിലെ കത്തോലിക്കർക്കു ഒരിക്കലും വിസ്മരിക്കാവുന്നതല്ല. എന്റെ സ്വന്തം അനുജനെപ്പോലെയാണു ജോസഫ് എന്നോടു വർത്തിച്ചിരുന്നതു്. ഞാൻ എങ്ങനെ നടത്തുമായിരുന്നുവോ, അങ്ങനെതന്നെ കേരളദാസൻ അദ്ദേഹം തുടർന്നു നടത്തി. എന്റെ അറസ്റ്റിനെയും അനന്തരസംഭവങ്ങളെയും പററി അക്കാലത്തു പ്രസിദ്ധം ചെയ്തിരുന്ന ഒരു റിപ്പോർട്ടു് അന്നത്തെ സംഭവഗതികൾ ശരിക്കു മനസ്സിലാക്കുന്നതിനു് വളരെ ഉപകരിക്കുന്നതാണു്. ആ റിപ്പോർട്ടു് ഇങ്ങനെ സംഗ്രഹിക്കാം:

"കേരളദാസൻ പത്രാധിപരെ അറസ്റ്റുചെയ്യുവാൻ ഇടയുണ്ടെന്നു ഒരു ശ്രുതി ഈ പട്ടണം മുഴുവൻ പരന്നു. ചില നായർ പത്രങ്ങളിലാണു് ഈ ശ്രുതി പരത്തിയിരുന്നതു്. തൽഫലമായി, മി. വർക്കിയെ കണ്ടു വിവരമറിയുന്നതിനു അദ്ദേഹത്തിന്റെ സ്നേഹിതന്മാരായ അനേകംപേർ ദിനംപ്രതി കേരളദാസൻ ആഫീസിൽ എത്തിത്തുടങ്ങി. എന്നാൽ മി. വർക്കിയ്ക്കു യാതൊരു പരിഭ്രമവും ഉണ്ടായില്ല. അറസ്റ്റുചെയ്യത്തക്കവിധത്തിൽ താൻ ഒന്നും ചെയ്തിട്ടില്ലെന്നു് സ്നേഹിതന്മാരോടു് അദ്ദേഹം പതിവായി പറഞ്ഞുവന്നു. കത്തോലിക്കാസമുദായത്തിന്റെ ന്യായപരമായ അവകാശങ്ങൾക്കുവേണ്ടി വ്യവസ്ഥാപിതമായി വാദിക്കുകമാത്രമാണു താൻ ചെയ്തിട്ടുള്ളതെന്നും, അറസ്റ്റോ, ജയിൽവാസമോ എന്തുതന്നെ വന്നാലും ഒരു കത്തോലിക്കാപത്രാധിപരുടെ ധർമ്മം താൻ എപ്പോഴും നിർവ്വഹിച്ചുകൊണ്ടിരിക്കുമെന്നും അദ്ദേഹം ധൈര്യസമേതം പ്രസ്താവിച്ചുകൊണ്ടിരുന്നു. ഒന്നിനൊന്നു അറസ്റ്റു് അറസ്റ്റു് എന്നുള്ള

ശ്രുതി പ്രബലപ്പെട്ടു. ഇതുകൊണ്ടൊന്നും മി. വക്കിക്കു് യാതൊരു ഇളക്കവും ഉണ്ടായില്ല. പതിവുപോലെ, കഴിഞ്ഞ ലക്കം പത്രം പുറപ്പെടുവിക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു പോലീസുകാർ അങ്ങുമിങ്ങും പാത്തും പതുങ്ങിയും നടന്നു് മി. വക്കിയുടെ നീക്കങ്ങളെപ്പററി അന്വേഷിച്ചുകൊണ്ടിരുന്നു. ഈ വിവരം മി. വക്കി അറിയാതിരുന്നുമില്ല. എങ്കിലും, യാതൊരു മനഃശ്ചാഞ്ചല്യവും കൂടാതെ മി. വക്കി പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട ശ്രമങ്ങൾ തുടർന്നു നടത്തിയിരുന്നു. ജനുവരി 15-ാം തീയതി വെള്ളിയാഴ്ച ഒരു പോലീസ് ഉദ്യോഗസ്ഥൻ കേരളദാസൻ ആഫീസിൽ എത്തി. മി. വക്കിയുമായി കുറേ നേരം സംസാരിച്ചശേഷം തിരിച്ചുപോയി. താൻ ഓടിപ്പൊയ്ക്കളയുമെന്നും മററും ചില തല്പരകക്ഷികൾ അപശ്രുതികളും മററും പരത്തുന്നതുകൊണ്ടു എങ്ങും പോകാതെ താൻ ആഫീസിൽ തന്നെ അറസ്ററുവാറണ്ടും കാത്തു് ഇരിക്കയാണെന്നു് മി. വക്കി അദ്ദേഹത്തോടു പറഞ്ഞു. ഇത്രയും കണ്ടപ്പോൾ, പിറേറദിവസം തന്നെ അറസ്ററുണ്ടാകുമെന്നു മി. വക്കിയ്ക്കു പൂർണ്ണനിശ്ചയമായി. അതിനാൽ ശനിയാഴ്ചത്തെ പത്രത്തിൽ ചേർക്കേണ്ട ലേഖനങ്ങളെല്ലാം രാത്രിതന്നെ ശരിയാക്കി വെച്ചു. പിന്നീടു്, ഒരുപക്ഷേ തന്നെ അറസ്ററുചെയ്യേക്കുമെന്നും അങ്ങനെ സംഭവിക്കുന്നപക്ഷം ഒട്ടും പരിഭ്രമിക്കരുതെന്നും മററും വിവരിച്ചു് മി. വക്കി തന്റെ വീട്ടിലേക്കു് പിതാവിനു ഒരു എഴുത്തെഴുതി അയച്ചു. ശനിയാഴ്ച കാലത്തു മുതൽ വേഷംമാറിയ പോലീസുകാർ ദാസൻ ആഫീസിന്റെ സമീപസ്ഥലങ്ങളിൽ പലേടത്തും കാവൽ നിന്നുതുടങ്ങി. ഇതറിഞ്ഞു് മി. വക്കിയുടെ സ്നേഹിതന്മാരായ അനേകംപേർ ദാസൻ ആഫീസിൽ എത്തി. രാവിലെ ഏകദേശം പതിനൊന്നു മണിക്കു് ഒരു പോലീസ് ഉദ്യോഗസ്ഥൻ ഔദ്യോഗികവേഷത്തിൽതന്നെ ദാസൻ ആഫീസിൽ വന്നുചേർന്നു. മി. വക്കിക്കു കാര്യം മനസ്സിലായി. പത്രം സംബന്ധിച്ചു് കുറേ ചില്ലറ ജോലികളുണ്ടായിരുന്നതു കൂടി മി. വക്കി വേഗം ചെയ്തുതീർത്തു. അനന്തരം, പത്രം അയയ്ക്കുക മുതലായ സംഗതികൾ ക്ലാർക്കിനെ ഭരമേല്പിച്ചു. ഏകദേശം മൂന്നു മണിയായപ്പോൾ തിരുവനന്തപുരം ചാല പോലീസ് ഇൻസ്പെക്ടർ വൈദ്യനാഥയ്യരും സ്ഥലത്തെത്തി. മി. വക്കിയെ അറസ്ററുചെയ്തിരിക്കുന്നുവെന്നും ദാസൻ ആഫീസ് പരിശോധിക്കണമെന്നും ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ വാറണ്ടു കാണിച്ചു മി. വക്കിയെ ധരിപ്പിച്ചു. ഇതിനിടകൊണ്ടു് ദാസൻ ആഫീസും പരിസരങ്ങളും ഒരു വലിയ ആൾക്കൂട്ടംകൊണ്ടു നിറഞ്ഞു. അവരിൽ ഹൈക്കോടതി വക്കീലന്മാരായ മെ. ജോസഫ് പത്തിക്കാരൻ, മീനാട്ടൂർ ജോസഫ്, ടി. ചാണ്ടി മുതലായവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു്. പോലീസുകാർ ആഫീസ് പരിശോധന തുടങ്ങി. അവർ ആവശ്യപ്പെട്ട സകല റിക്കാർട്ടുകളും മി. വക്കി തന്നെ എടുത്തു കൊടുത്തു. വരിക്കാരുടെ ലിസ്റ്റ് ആഫീസിൽ ഇല്ലാതിരുന്നതിനാൽ ക്ലാർക്കിനെ അയച്ചു പ്രസ്സിൽനിന്നു അതു വരുത്തിക്കൊടുത്തുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. ആഫീസ് പരിശോധനയ്ക്കും മഹസർ തയാറാക്കുന്നതിനുംകൂടി നാലഞ്ചു മണിക്കൂർ വേണ്ടിവന്നു. സന്ധ്യകഴിഞ്ഞു് ഏകദേശം 7 മണിയോടു കൂടി പോലീസ് ഇൻസ്പെക്ടർ വൈദ്യനാഥയ്യരുമൊരുമിച്ചു് മി. വക്കി തന്റെ കുതിരവണ്ടിയിൽ ചാല പോലീസ് സ്റ്റേഷനിലേക്കു പോയി. നടന്നുപോകാൻ മി. വക്കി തയ്യാറായിരുന്നു. ആൾക്കൂട്ടത്തിന്റെ ശല്യമുണ്ടാകുമെന്ന കാരണം പറഞ്ഞു് ഇൻസ്പെക്ടർ അതിനു സമ്മതിച്ചില്ല. എങ്കിലും, അനേകം സുഹൃത്തുക്കൾ മററു വാഹനങ്ങളിലായി മി. വക്കിയെ അനുഗമിച്ചിരുന്നു. സ്റ്റേഷനിൽ ചെന്നപ്പോൾ വലിയതുറ ഡബ്ളിയു. എച്ചു്. നെറോ എന്ന പേരിൽ പ്രസിദ്ധനായിരുന്ന ആ സമുദായസ്നേഹിയുടെ നേതൃത്വത്തിൽ കടപ്പുറത്തെ മത്സ്യത്തൊഴിലാളികളായ ആയിരത്തോളം മല്ലന്മാർ ചാല സ്റ്റേഷന്റെ പരിസരങ്ങളിൽ എത്തിച്ചേർന്നിരുന്നു. രാത്രിയിൽ എന്തെങ്കിലും ദേഹോപദ്രവം ചെയ്യിക്കാൻ ഇടയുണ്ടെന്നുള്ള ഒരു കേൾവിയെ അടിസ്ഥാനമാക്കി, വേണ്ടിവന്നാൽ ബലം പ്രയോഗിച്ചു അതു തടയാനുള്ള ഒരു തയ്യാറെടുപ്പായിരുന്നു അതെന്നു രാത്രി

ഏതാണ്ടു പത്തു മണിയായപ്പോൾ മി. വക്കിക്കു മനസ്സിലായി. സ്റ്റേഷനിൽ എന്തെങ്കിലും ഒരു ശബ്ദമുണ്ടായാൽ ഉടനെ ആ ആൾക്കൂട്ടം സ്റ്റേഷനെ സമീപിക്കും. ഇങ്ങനെ ഒന്നു രണ്ടു പ്രാവശ്യം കണ്ടപ്പോൾ ഇൻസ്പെക്ടർക്കു അങ്കലാപ്പായി. അദ്ദേഹത്തിൻെറ ആവശ്യപ്രകാരം മി. വക്കി തന്നെ ആ ജനക്കൂട്ടത്തെ സമീപിച്ചു വിവരം ചോദിച്ചു അറിയുകയും തനിക്കു യാതൊരു ആപത്തും സംഭവിക്കുകയില്ലെന്നു ഉറപ്പു നൽകുകയും ചെയ്തു. പിന്നെ, രാത്രി കുറെ ഏറെയാകുന്നതുവരെ ഒരു കസേര സ്റ്റേഷൻെറ വരാന്തയിൽ ഇട്ടു് മി. വക്കി അവിടെ ജനക്കൂട്ടത്തിനു കാണത്തക്കവണ്ണം ഇരിക്കേണ്ടിവന്നു. അന്നു രാത്രി ഇൻസ്പെക്ടർക്കും, സ്റ്റേഷനിൽ തന്നെ ഉറങ്ങാതെ കഴിച്ചുകൂട്ടേണ്ടിവന്നു. വലിയതുറനിന്നുവന്ന ജനക്കൂട്ടവും, നേരം വെളുത്തതിനുശേഷം മി. നെറോ വന്നു് അദ്ദേഹം ആജ്ഞാപിച്ചതനുസരിച്ചാണു് തിരികെ പോയതെന്നുള്ളതും സ്മരണീയമാണു്. പിറേറന്നു രാവിലെ മെ. ജോസഫ് പഞ്ഞിക്കാരനും ടി. ചാണ്ടിയും കൂടി മി. വക്കിയെ ജാമ്യത്തിലിറക്കാനുള്ള നടപടി ആരംഭിച്ചു. ഒന്നാംക്ലാസ് മജിസ്ട്രേട്ടു് മി. നാഗംപിള്ളയുടെ കോടതിയിലാണു് ജാമ്യാപേക്ഷ നൽകിയതു്. അദ്ദേഹം അപേക്ഷ തള്ളിയെങ്കിലും ശരീരസുഖമില്ലാതിരുന്നതിനാൽ മി. വക്കിയെ ജനറൽ ആശുപത്രിയിലേക്കു മാററാൻ പോലീസ് ഇൻസ്പെക്ടർക്കു ഉത്തരവു നൽകുകയുണ്ടായി. അങ്ങനെ പിറേറന്നു ഞായറാഴ്ച മി. വക്കിയെ ജനറൽ ആശുപത്രിയിലെ ജയിൽ വാർഡിലേക്കു മാററി. മി. വക്കി അവിടന്നു ചാടിപ്പോകാതിരിക്കാൻ നാലു പോലീസുകാരെ സദാനേരവും കാവലിടുകയും ചെയ്തിരുന്നു. തല്ക്കാലത്തേക്കാണെങ്കിലും, കൂട്ടിലടയ്ക്കപ്പെട്ട ആ സിംഹക്കുട്ടിയെ ഒരുനോക്കു കാണുവാൻ നാനാതരത്തിലുള്ള ഉപായങ്ങൾ പ്രയോഗിച്ചു് ധാരാളംപേർ പകൽനേരം എപ്പോഴും ജയിൽവാർഡിൻെറ മുൻവശത്തു കൂടുകയും ഇരുമ്പഴികൾക്കിടയിൽക്കൂടി അദ്ദേഹത്തെ നോക്കിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ ഡബ്ലിയു. എച്ച്. നെറോയെപ്പററി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അദ്ദേഹം വലിയതുറ കടപ്പുറത്തെ ഒരു പൗരപ്രധാനിയാണു്. ഒരു കൺട്രാക്ടരും വ്യവസായപ്രമുഖനുമാണു്. എപ്പോഴും ഏതു കാര്യത്തിലും ഊജ്ജസ്വലനാണു്. മി. വക്കിയുടെ ഒരു ഉററമിത്രവും അദ്ദേഹത്തിൻെറ എല്ലാ പ്രവത്തനങ്ങളിലും ഉത്സുകനുമാണു്. കടപ്പുറത്തെ ജനങ്ങൾക്കിടയിൽ അദ്ദേഹത്തിൻെറ സ്വാധീനം അധികാരികൾക്കുപോലും എപ്പോഴും ഒരു പേടിസ്വപ്നമാണു്. സ്നേഹിതന്മാർക്കുവേണ്ടി തന്നെത്തന്നെ മറന്നു് എന്തും ചെയ്യും. തന്നെ എതിക്കുകയോ, ഉപദ്രവിക്കുവാൻ പുറപ്പെടുകയോ ചെയ്യുന്നവരോടു് നിഷ്കരുണം പെരുമാറുകയും ചെയ്യുന്ന ഒരു അതിസാഹസികനാണു് വലിയതുറ നെറോ.

മി. വക്കി ആശുപത്രിയിൽ എത്തിയ ഉടൻ ഡോക്ടർമാർ ഒരു പരിശോധന നടത്തി സ്ഥായിയായ ഉദരരോഗമാണു സുഖക്കേടെന്നു് അവർ കണ്ടുപിടിച്ചു. അപ്പൻഡിസൈററിസ് ആണെന്നാണു് അവർ പറഞ്ഞതു്. മി. വക്കിക്കു് ഈ ഉദരരോഗം വളരെ മുമ്പിനാലെ ഉള്ളതാണു്. ഇതുസംബന്ധിച്ചു് എറണാകുളം, തൃശ്ശൂർ, ബാംഗ്ളൂർ, പാലക്കാട്ടു് മുതലായ പല ആശുപത്രികളിലും മി. വക്കി ചികിത്സിച്ചു താമസിച്ചിട്ടുണ്ടു്. കുറേ കൊല്ലങ്ങൾക്കുമുമ്പു് തിരുവിതാംകൂറിൽ ഡർബാർ ഫിസിഷ്യനായിരുന്ന ഡോ. പീററർ ലക്ഷ്മണൻ മി. വക്കിയെ ചികിത്സിക്കുകയും, ശസ്ത്രക്രിയ നടത്താതെ പൂർണ്ണസൗഖ്യം കിട്ടുകയില്ലെന്നഭിപ്രായപ്പെടുകയും ചെയ്തിരുന്നു. അറസ്റ്റിനു രണ്ടുമൂന്നാഴ്ച മുമ്പുമുതൽ തന്നെ മി. വക്കിക്കു് തീരെ സുഖമുണ്ടായിരുന്നില്ല. ഡോ. പി. സി. വറുഗീസിൻെറ ചികിത്സയിലായിരുന്നു. തിങ്കളാഴ്ചയായപ്പോഴേക്കും അറസ്റ്റിൻെറ വിവരം രാജ്യത്തിൻെറ നാനാഭാഗങ്ങളിലും അറിഞ്ഞു. എഴുത്തുകളും കമ്പികളും കൂട്ടംകൂട്ടമായി വന്നുതുടങ്ങി. മി. വക്കിയെ കാണുന്നതിനും പത്രത്തിൻെറ ഭാവിയെപ്പററി ആലോചിക്കുന്നതിനുമായി കോട്ടയം, ആലപ്പുഴ, മൂവാററുപുഴ, ചേർത്തല, കൊല്ലം, മീനച്ചിൽ, ചങ്ങനാശ്ശേരി, എറണാകുളം മുതലായ പല സ്ഥലങ്ങളിൽനിന്നും അനേകമാളുകൾ ഇവിടെ എത്തി. ഒന്നാംക്ലാസ്

മജിസ്ട്രേട്ടു ജാമ്യം അനുവദിച്ചില്ലെങ്കിലും, മി. വക്കിക്കോ, സ്ഥലത്തെ കത്തോലിക്കാസമുദായാംഗങ്ങൾക്കോ യാതൊരു നിരാശയുമുണ്ടായില്ല. അവർ കഴിയുന്ന വേഗത്തിൽ സെഷ്യൻസ് കോർട്ടിൽ അപ്പീൽ കൊടുത്തു. വക്കീലന്മാരായ മെ. ജോസഫ് പഞ്ഞിക്കാരനും ടി. ചാണ്ടിയും അരനിമിഷം പോലും കളയാതെ അതിലേക്കു വേണ്ടതു ചെയ്തു. 7-ാം തീയതി വ്യാഴാഴ്ച സെഷ്യൻസ് ജഡ്ജി മി. ഭൂതലിംഗമയ്യർ ഹർജ്ജി വിചാരണയെടുത്തു. ഇരുഭാഗത്തെയും വാദം കേട്ടശേഷം, കാര്യമായി ഹർജ്ജിയെ എതിർക്കുന്നുണ്ടോ എന്നു ജഡ്ജി സർക്കാർവക്കീലിനോടു ചോദിച്ചു. ജാമ്യം അനുവദിക്കാൻ പാടില്ലെന്നു തന്നെയാണ് തന്റെ നിലപാടെന്നും അഥവാ അനുവദിക്കുന്നെങ്കിൽത്തന്നെ, പണം കെട്ടിവയ്പിക്കാതെ ഒരിക്കലും ജാമ്യം അനുവദിക്കാൻ പാടില്ലെന്നും അദ്ദേഹം മറുപടി പറഞ്ഞു. ഇതിന്മേൽ 1,000 രൂപാ കോടതിയിൽ കെട്ടിവയ്ക്കുകയും 1,000 രൂപായ്ക്ക് ആൾജാമ്യവും കൊടുക്കുകയും ചെയ്യുന്നപക്ഷം മി. വക്കിയെ ജാമ്യത്തിൽ വിടുന്നതിന് ജഡ്ജി ഉത്തരവിട്ടു. ഉടൻതന്നെ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതിയിൽ റാവുബഹദൂർ മുത്തുനായകംപിള്ള കൊടുത്തയച്ച 1,000 രൂപാ കെട്ടിവയ്ക്കുകയും 1,000 രൂപായ്ക്ക് മുവാറ്റുപുഴ പിട്ടാപ്പിള്ളിൽ ഉതുപ്പു വൈദ്യൻ കച്ചീട്ടെഴുതിക്കൊടുക്കുകയും ചെയ്തു. തുടന്ന് പോലീസ് ബന്തവസ്സിൽനിന്ന് മി. വക്കിയെ വിടുന്നതിന് മജിസ്ട്രേട്ടു പോലീസ് ഇൻസ്പെക്ടക്കു ഉത്തരവു നൽകി. അതനുസരിച്ച് കഴിഞ്ഞ ശനിയാഴ്ച വൈകുന്നേരം തന്നെ മി. വക്കിയുടെ താമസം ജനറൽ ആശുപത്രി ജയിൽവാർഡിൽനിന്നു അവിടത്തെ പേവാർഡിലേക്കു മാററി. ഇപ്പോഴും മി. വക്കി ആശുപത്രിയിൽത്തന്നെ താമസിച്ചുവരുന്നു. ഇതിനകം പന്ത്രണ്ടിലധികംപ്രാവശ്യം കുത്തിവയ്പ്പു കഴിഞ്ഞെങ്കിലും ഇനിയും സുഖക്കേടു കുറഞ്ഞിട്ടില്ല. ശസ്ത്രക്രിയ ചെയ്യാനുള്ള ആലോചനയാണ് നടന്നുകൊണ്ടിരിക്കുന്നതു്. ഇക്കാര്യം പലക്കും ഒരു പ്രശ്നമായിത്തീർന്നു. ശസ്ത്രക്രിയ എവിടെ നടത്തണമെന്നതായിരുന്നു പ്രശ്നം. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽവച്ചു അവിടത്തെ ഡോക്ടറന്മാരാരും ശസ്ത്രക്രിയ നടത്താൻ അനുവദിച്ചുകൂടെന്നായിരുന്നു മി. വക്കിയുടെ സുഹൃത്തുക്കളുടെ പൊതുവായ അഭിപ്രായം. അവർ മനഃപ്പൂർവ്വം വല്ല അപകടവും കാണിക്കുമെന്നായിരുന്നു ഭീതി. പക്ഷേ, ഇതേച്ചൊല്ലി രണ്ടുനാലു ദിവസത്തിലധികം ആർക്കും തല കായേണ്ടിവന്നില്ല. മി. വക്കി എങ്ങനെയോ ഈ വിവരം അറിയുകയും തൽക്ഷണം തന്നെ ആരോടും ഒന്നും ആലോചിക്കാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽവച്ച് അവിടത്തെ ഡോക്ടർമാർ തന്നെ തന്റെ ശരീരത്തിൽ ഏതുതരം ശസ്ത്രക്രിയ ചെയ്യുന്നതിനും തനിക്കു പൂർണ്ണ സമ്മതമാണെന്നു കാണിച്ച് ഒരു കത്തെഴുതി ഒപ്പിട്ട് ജനറൽ ആശുപത്രി സൂപ്രണ്ടിനെ ഏല്പിച്ചു. അങ്ങനെ അക്കാര്യം ഭംഗിയായി ശസ്ത്രക്രിയയിൽ അവസാനിക്കുകയും ചെയ്തു".

(തുടരും)

**For favours received**



**Inserted by**

Kunjukunju,
Kalayil Kizhakkethil,
Pambumala.

# എന്തിനു് നിരീക്ഷകർ പോകുന്നു?

[കേരളത്തിലെ മാർത്തോമ്മാസഭാ പ്രസിദ്ധീകരണ സമിതിയുടെ "മലങ്കര സഭാതാരക" എന്ന മാസികയുടെ ഒക്ടോബർ ലക്കത്തിലെ പത്രാധിപ ലേഖനമാണു താഴെ ചേർക്കുന്നതു്. —പ.]

ന്യൂദൽഹിയിൽ വെച്ചു കൂടിയ അഖില ലോകസഭാ കൌൺസിൽ സമ്മേളനത്തിൽ റോമൻകത്തോലിക്കാസഭയിൽനിന്നും അയച്ചിരുന്ന നിരീക്ഷകർ സന്നിഹിതരായിരുന്നു. കഴിഞ്ഞവർഷം പാരീസിൽവച്ചു നടന്ന അഖില ലോക സഭാകൗൺസിലിന്റെ സെൻട്രൽകമ്മററി, വത്തിക്കാൻ കൗൺസിലിലേക്കു മേൽ പറഞ്ഞ കൗൺസിലിൽനിന്നും നിരീക്ഷകരെ അയക്കണമെന്നുള്ള അഭ്യർത്ഥനയെ യാതൊരു മടിയും കൂടാതെ സ്വീകരിച്ചു്, അതിലേക്കു പ്രതിനിധികളെ നിയോഗിക്കുകയും അവർ അതിൽ സംബന്ധിക്കുകയും ചെയ്തു.

വത്തിക്കാൻ കൗൺസിലിന്റെ രണ്ടാം സമ്മേളനത്തിലേക്കു നമ്മുടെ സഭയിൽനിന്നും, ഓർത്തഡോക്സ് സഭയിൽനിന്നും, ദക്ഷിണേന്ത്യൻ സഭ (സി. എസ്സ്. ഐ.) യിൽനിന്നും നിരീക്ഷകരെ അയക്കുന്നതിനുള്ള ക്ഷണം പ്രസ്തുത സഭാദ്ധ്യക്ഷന്മാർക്കു് ലഭിച്ചിട്ടുണ്ടു്. സി. എസ്സ്. ഐ. യിൽ നിന്നും മോഡറേററർ ലെഗ്ഗ് ബിഷോപ്പ് തന്നെ പോകുന്നതായിട്ടും, ഓർത്തഡോക്സ് സഭയിൽനിന്നും ഫാദർ ഫിലിപ്പോസ് നിയോഗിക്കപ്പെട്ടിരിക്കുന്നതായും അറിയുന്നു. നമ്മുടെ സഭാകൗൺസിൽ ഒരു അത്മായക്കാരനെയാണു് നിരീക്ഷകനായിട്ടയക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്. വൈദികനാകട്ടെ, അത്മായക്കാരനാകട്ടെ, ഒരു നിരീക്ഷകൻ നമ്മുടെ സഭയിൽനിന്നും വത്തിക്കാൻ കൗൺസിലിലേക്കു് പോകുന്നതിനെപ്പററി തെററിദ്ധാരണകളും അപവാദങ്ങളും പ്രചരിപ്പിക്കുവാൻ ബോധപൂർവ്വം ശ്രമിക്കുന്നവർ ഒരുപക്ഷേ കണ്ടേക്കാം. എന്നാൽ അങ്ങനെയുള്ളവരെ ഉദ്ദേശിച്ചല്ല, രണ്ടു വാക്കു പറയണമെന്നു ആഗ്രഹിക്കുന്നതു്. പരമാർത്ഥബുദ്ധികളായ ചുരുക്കം ചില സഭാതല്പരർ തന്നെയും ഈ നടപടിയെ ഒരു പക്ഷെ സംശയപൂർവ്വം വീക്ഷിക്കുന്നുണ്ടായിരിക്കാം—അവരെ കരുതിയാണു് ഇതെഴുതുന്നതു്.

നിരീക്ഷകരുടെ ജോലി എന്താണു്, അവരിൽനിന്നും പ്രതീക്ഷിക്കുന്നതെന്താണു്, എന്നുള്ളതിനെപ്പററി പിശകായ ധാരണകൾ കണ്ടേക്കാം. അവർ സഭൈക്യത്തെപ്പററി യാതൊരുവക കൂടിയാലോചനയ്ക്കും പോകുന്നവരല്ല. അതിനു അവർക്കു അവകാശവുമില്ല. വത്തിക്കാൻ കൗൺസിലിന്റെ പൊതുയോഗങ്ങളിൽ വായ് തുറക്കുന്നതിനുപോലും അവിടെ പോകുന്ന നിരീക്ഷകർക്കു് അവസരമുണ്ടാകയില്ല. ന്യൂദൽഹി സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന റോമൻകത്തോലിക്കാ വൈദിക നിരീക്ഷകരുടെയും സ്ഥിതി അതായിരുന്നു. പിന്നെ എന്തിനു പോകുന്നു, വല്ല പ്രയോജനവും വരാനുണ്ടോ എന്നു ചോദിച്ചേക്കാം. നിരീക്ഷകർ കൗൺസിൽ നടപടികളെ സസൂക്ഷ്മം വീക്ഷിക്കുകയും, അവയുടെ സ്വഭാവവും അർത്ഥവും നന്നായി ഗ്രഹിക്കുകയും വിലയിരുത്തുകയും ചെയ്‌വാൻ ശ്രമിക്കണം. അതിനു വേണ്ട എല്ലാ സൗകര്യവും അവർക്കു ലഭിക്കും. ബാഹ്യലോകത്തിനു നല്കാത്ത രഹസ്യപ്രസ്താവനകളും പ്രമാണങ്ങളും അവർക്കു ലഭിക്കുമായിരിക്കാം. തങ്ങളുടെ അതിഥികളെന്ന നിലയിൽ എത്രയും മര്യാദപൂർവ്വമുള്ള വർത്തനാരീതിയായിരിക്കും അവരോടു് അധികൃതർ അവലംബിക്കുന്നതു്. അവരുടെ കൃത്യനിർവ്വഹണത്തിനുള്ള സൗകര്യങ്ങൾ പരമാവധി അവർക്കു ലഭിക്കും. മാത്രമല്ല ഇതിലും പ്രധാനമായ ഒരു സംഗതി നാം ഓർക്കേണ്ടതാണു്. റോമേതര സഭകളിൽനിന്നുള്ള നിരീക്ഷകർ തങ്ങളുടെ മദ്ധ്യേ ഉണ്ടു് എന്നുള്ള ബോധത്തോടെയായിരിക്കും കൗൺസിലിൽ പ്രസംഗിക്കുന്നവരൊക്കെയും തങ്ങളുടെ അഭിപ്രായങ്ങളെ പ്രകാശിപ്പിക്കുന്നതു്. ('എക്യൂമെനിക്കൽ സംഭാഷണത്തിന്റെ സ്വഭാവം' എന്ന ശീർഷകത്തിൽ കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്ന ലേഖനം ഇവിടെ സ്മർത്തവ്യമാണു്) സത്യത്തെ ഗോപനം ചെയ്യാതെയും, അതേസമയം നിരീക്ഷക

രുടെ വികാരങ്ങളെ അകാരണമായി വ്രണപ്പെടുത്താതെയും, പ്രത്യുത കഴിയുന്നത്ര അവക്കു കൂടെ വഹിക്കത്തക്ക രീതിയിലും പ്രസ്താവനകൾ ചെയ്യുന്നതിനു് കൗൺസിൽ അംഗങ്ങളിൽ മിക്കവരും ശ്രദ്ധിക്കാതെയിരിക്കയില്ല. നിരീക്ഷകരുടെ സാന്നിദ്ധ്യം വത്തിക്കാൻ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ഗണ്യമായ സ്വാധീനം ചെലുത്തിയെന്നു പ്രസിദ്ധരായ ചില റോമൻ വൈദികർ പ്രസ്താവിച്ചിട്ടുണ്ടു്. റോമേതര സഭാവകുപ്പുകളിൽ സംഖ്യാബലം കൊണ്ടു ഓർത്തഡോക്സുകാർ കഴിഞ്ഞാൽ ലൂതറൻസഭയാണു് അഗ്രിമസ്ഥാനത്തു നിൽക്കുന്നതു്. യൂറോപ്പിലെ നവീകരണപ്രസ്ഥാന ചരിത്രത്തിൽ അദ്വിതീയസ്ഥാനം ലഭിച്ചിരിക്കുന്നതു മാർട്ടിൻ ലൂതറിനാണല്ലോ. ലൂതറൻ ഫെഡറേഷൻ വത്തിക്കാൻ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തിലേക്കു തന്നെ നിരീക്ഷകരെ അയച്ചിരുന്നു. ആംഗ്ലിക്കൻ സഭയിൽനിന്നും നിരീക്ഷകർ പോയിരുന്നു എന്നു വിശേഷിച്ചു് പറയേണ്ടല്ലോ. പ്രസ്തുത സഭയിൽനിന്നു ഒരു കാലത്തു ജോൺ വെസ്ലിയുടെ നേതൃത്വത്തിൽ പിരിഞ്ഞു പോയവരാണു് മെതഡിസ്റ്റുകാർ. അവരും നിരീക്ഷകരെ അയച്ചിരുന്നു. പ്രെസ്ബിറ്റീറിയൻ നിരീക്ഷകരും കൗൺസിലിൽ സന്നിഹിതരായിരുന്നു. ഇങ്ങനെ പ്രസിദ്ധ റോമേതര സഭകളെല്ലാംതന്നെ നിരീക്ഷകരെ അയക്കുന്നുണ്ടു്.

സഭകളുടെ പരിപൂർണ്ണമായ ഐക്യം സാദ്ധ്യമാണോ എന്നു് സംശയിക്കുന്നവരുണ്ടു്. അഭികാമ്യമായ ഐക്യത്തിന്റെ സൂക്ഷ്മ സ്വഭാവത്തെപ്പററി ധാരാളം അഭിപ്രായവ്യത്യാസങ്ങളുണ്ടു്. എന്നിരുന്നാലും സഭകൾ ഇപ്പോഴത്തേതിൽ വളരെ വളരെ കൂടുതലായി അന്യോന്യം സമീപിക്കണമെന്നും പരസ്പര ധാരണയിലെത്തണമെന്നും, സഹകരിക്കണമെന്നും ആഗ്രഹിക്കാത്തവരുണ്ടോ? എങ്ങനെയാണു് അതു സാധിക്കേണ്ടതു് എന്നുള്ളതു് ഒരു വിഷമപ്രശ്നമായിരിക്കാം. ഏതായാലും ഓരോ സഭയുടെയും വാസ്തവമായ നിലപാടു് എന്താണെന്നു് ഇതരരെ ശരിയായി ധരിപ്പിക്കണമെന്നും അവർ അതു് ധരിക്കണമെന്നും ഉള്ളതു് ഒഴിച്ചുകൂടാത്ത ആവശ്യമാണു്. അതിലേക്കു്, ഓരോ സഭയുടെയും ആധികാരികമായ മഹാസമ്മേളനങ്ങളിൽ ഇതര സഭകളുടെ പ്രതിനിധികൾ നിരീക്ഷകരായി ക്ഷണിക്കപ്പെടുകയാണെങ്കിൽ, അതു് ശരിയായി ഉപയോഗിക്ക എന്നുള്ളതു് ഉചിതമായ ഒരു പ്രതീകരണമാണല്ലോ. സുപ്രധാന സമ്മേളനങ്ങളിൽ പ്രമുഖ വർത്തമാനപ്പത്രങ്ങൾ പ്രതിനിധികളെ അയക്കുന്നുണ്ടു്. സമ്മേളനത്തിന്റെ ലക്ഷ്യത്തോടു പ്രതിഷേധമുള്ള പത്രങ്ങൾ തന്നെയും അങ്ങനെ ചെയ്യാറുണ്ടു്. അങ്ങനെ ചെയ്യാതിരിക്കുന്നതു ഭോഷത്വമായിട്ടേ ഇക്കാലത്തു ഗണിക്കപ്പെടുകയുള്ളൂ. ഇതര സഭാവകുപ്പുകളെ എത്ര അവജ്ഞയോടെയാണു് റോമാസഭ അടുത്തകാലം വരെയും വീക്ഷിച്ചുകൊണ്ടിരുന്നതു്. സഭ, എന്നുള്ള സംജ്ഞക്കു തന്നെയും അനർഹരായി അവരെ കരുതിയിരുന്നു. എന്നാൽ ഇതര സഭകൾ റോമാസഭയിൽ എന്തെല്ലാം അന്ധവിശ്വാസങ്ങളോ മൂഢാചാരങ്ങളോ ആരോപിച്ചു പോന്നിരുന്നുവെന്നാലും അതു് ഒരു സഭയേ അല്ല, എന്നു പറയാറില്ലായിരുന്നു. അതിനാൽ റോമാസഭയുടെ പുതിയ സമീപനം ഇതര സഭകൾക്കു് പ്രത്യേകം സ്വാഗതാർഹമാണു്. റോമൻകത്തോലിക്കരുടെ ഈ സമീപനത്തിന്റെയും ലക്ഷ്യം ഇതര സഭാവകുപ്പുകളെ ആകർഷിച്ചു് തങ്ങളുടെ സഭയ്ക്കുള്ളിലേക്കു് പ്രവേശിപ്പിക്കയെന്നതല്ലേ എന്നു ചോദിച്ചേക്കാം. പക്ഷേ അതു അങ്ങനെ ആയിരിക്കാം. എന്നാൽ അവരുടെ ലക്ഷ്യം ഇതര സഭകൾക്കു ബാധകമല്ലല്ലോ. റോമാസഭയുടെ നിലപാടിൽ ഗണ്യമായ വ്യത്യാസങ്ങൾ വരാതെയിരിക്കുന്നപക്ഷം ഇതര സഭകളിൽ ഏറിയ പങ്കിനും അതിനെ സമീപിക്കുവാൻപോലും സാദ്ധ്യമാകയില്ല. അങ്ങനെ വ്യത്യാസങ്ങൾ വരുത്തുന്നപക്ഷം റോമാസഭ ഇക്കഴിഞ്ഞ അനേകം ദീർഘ ശതകങ്ങളിലെ റോമാസഭയായിരിക്കയില്ലതാനും.

ഏതായാലും ഇപ്പോഴത്തെ വത്തിക്കാൻ കൗൺസിലിന്റെ പ്രധാനമായ ഉദ്ദേശം സഭൈക്യം എന്നുള്ളതല്ല, റോമാസഭയുടെ തന്നെ പുനരുജ്ജീവനം അഥവാ പുനരുത്ഥാനം എന്ന

# ഉത്തമമായ പ്രതിവിധി

(ഏലിയാമ്മ ജോർജ്ജ് വലിയതാഴത്തു്)

അമലോത്ഭവയായ മരിയാംബികയുടെ ഒരു അരുമ ഭക്തനായിരുന്നു ഫ്രാൻസിലെ "ദേസ്ജിനെ" എന്ന വൈദികൻ (Abbe Desgenettes). 1830 നവംബർമാസത്തിൽ സിസ്റ്റർ കാതറൈൻ ലബോറേക്ക് കന്യാംബിക പ്രത്യക്ഷപ്പെട്ട് കാണിച്ചുകൊടുത്ത "അമലോത്ഭവമെഡൽ" പ്രചരിപ്പിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. ദൈവത്തിനും തന്റെ അജഗണങ്ങൾക്കും വേണ്ടി സ്വജീവനെ ഉഴിഞ്ഞുവച്ച അദ്ദേഹത്തെപ്പററി ആർക്കും തോന്നിയിരുന്നു എന്തെന്നില്ലാത്തൊരു മതിപ്പ്.

അങ്ങിനെയിരിക്കെ, ഫാദർ ദേസ്ജിനെക്കൊരു സ്ഥലംമാററം. പാരീസിലെ വിജയമാതാവിന്റെ പള്ളി (Church of Notre Dame des Victoires) യിലെ വികാരിയായിട്ട്. പുതിയ ഇടവകയിലെത്തി അദ്ദേഹം ചുമതല ഏറെറടുത്തു. പക്ഷെ, അവിടത്തെ സ്ഥിതിഗതികൾ ദേസ്ജിനെ അച്ചനെ അത്ഭുതപ്പെടുത്തി. അധികാരം ഏറെറടുത്ത ശേഷം ആദ്യത്തെ ഞായറാഴ്ച ഉച്ചക്കുർബാനക്ക് അദ്ദേഹം നോക്കിയപ്പോൾ ആകെ ആറെട്ടു വൃദ്ധകളേ പള്ളിയിലുള്ളു!!. അദ്ദേഹം ചുററുപാടുകളെപ്പററി അന്വേഷിച്ചുതുടങ്ങി. അപ്പോഴാണു കാര്യം മനസ്സിലായതു്.

ലൗകിക സുഖഭോഗങ്ങളുടെ പിന്നാലെ കണ്ണും അടച്ചു് നെട്ടോട്ടം ഓടിയിരുന്ന അവിടത്തെ ജനങ്ങൾക്കു്, പള്ളിയും പട്ടക്കാരും മതവും ദൈവവും ഒന്നും അത്ര ആവശ്യമില്ലായിരുന്നത്രെ! ഞായറാഴ്ച ദിവസങ്ങളിൽ ദിവ്യബലി സമയത്തു് ദൈവാലയം അങ്ങനെ ഒഴിഞ്ഞുകിടക്കുവാൻ കാരണമതാണു്.

മരണാസന്നരായിക്കിടക്കുന്ന സ്വന്തം ഇടവകാംഗങ്ങളെ സന്ദർശിക്കുവാൻ വികാരിയച്ചനു് അനുവാദംലഭിക്കുക വളരെ ക്ലേശകരമായിരുന്നു! അങ്ങനെ അനുവാദം വളരെ വിഷമിച്ചെങ്ങാനുമൊന്നു കിട്ടിയാൽതന്നെ, ലൗകികവേഷത്തിൽ മാത്രമേ രോഗിയെ സമീപിക്കാവൂ എന്ന വ്യവസ്ഥയിൽ. ഇങ്ങനെയൊക്കെ ക്ലേശിച്ചു് ആണെങ്കിലും രോഗികളെ സന്ദർശിക്കുന്നതിനുള്ള അനുവാദം ലഭിച്ചിരുന്നതു് മിക്കപ്പോഴും സമയം വളരെ അതിക്രമിച്ച ശേഷം മാത്രമായിരുന്നു താനും.

ഫാദർ ദേസ്ജിനെ, നാലുവർഷക്കാലം, പഠിച്ചപണി പതിനെട്ടും പയററിനോക്കി ആ ഇടവകയിൽ. എന്നിട്ടും അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികബോധത്തിനു് ഒരുത്തേജനം നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹം അധികാരം ഏറെറടുത്തകാലത്തു് ഇടവകാം

---

ള്ളതാണു്. പക്ഷെ ഈ കൗൺസിലിന്റെ തീരുമാനങ്ങൾ വരുംകാലത്തു് സഭകളുടെ യോജിപ്പിനു സഹായകരമായിരുന്നേക്കാം, അല്ലാതെയും വന്നേക്കാം. അതുകൊണ്ടാണു് നാം കൗൺസിലിനെ നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കേണ്ടതു്.

സഭൈക്യം എന്നും എക്യുമെനിസ്സും എന്നും ഒക്കെ കേട്ടു വേണ്ടത്ര പ്രാർത്ഥനയോടുകൂടിയ വിവേകപൂർവ്വമായ ചിന്തയും ആലോചനയും കൂടാതെ ഏതെങ്കിലും അടികൾ വയ്ക്കുന്നതു് ആപൽക്കരമാണെന്നു വിചാരിക്കുന്നവരുടെ മനോഭാവം മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ ഒരടിയും മുമ്പോട്ടു വയ്ക്കേണ്ട, നില്ക്കുന്നിടത്തു തന്നെ എന്നേക്കും നിലയുറപ്പിച്ചുകളയാമെന്നു വിചാരിക്കുന്നതും അപകടമാണെന്നു പ്രത്യേകിച്ചു് പറയേണ്ടതുണ്ടോ? ഇങ്ങനെയുള്ള മനോഭാവം പുലത്തിക്കൊണ്ടിരുന്നാൽ യാതൊരു വിധ പുരോഗമനവും സാദ്ധ്യമാകയില്ല. കൂടുതലായ സത്യത്തിലേക്കും സ്നേഹത്തിലേക്കും സഭയെ നടത്തുവാൻ ദൈവത്തിനു തന്നെയും അതു് പ്രതിബന്ധം സൃഷ്ടിക്കുകയായിരിക്കുമല്ലോ. അതിനു ഇടയാകാതിരിക്കട്ടെ.

ഗങ്ങളുടെ ആത്മീയ നില എത്ര ദയനീയമായിരുന്നോ അതിൽ നിന്നൊരു മാററവും വരുത്താൻ അദ്ദേഹത്തിനു സാധിച്ചില്ല ആ നാലുകൊല്ലത്തിനുള്ളിൽ. ആ നിലയിൽ വല്ലാത്ത സങ്കടവും നിരാശയും അദ്ദേഹത്തെ വട്ടമിട്ടു. അവിടത്തെ വികാരിയുദ്യോഗം രാജി വച്ചു പോകുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു.

ആ ഘട്ടത്തിൽ ഉണ്ടായ ഒരു പരിവർത്തനത്തെപ്പററി ലേഡി സെസിൽ കേർ(Lady Cecil Kerr) വിവരിക്കുന്നതു കേൾക്കുക:—

അന്നൊരു സുപ്രഭാതത്തിൽ ഫാദർ ദേസ്ജീനെ ദിവ്യബലി അർപ്പിച്ചുകൊണ്ടു നില്ക്കുമ്പോൾ അദ്ദേഹം ഒരു സ്വർഗ്ഗീയസ്വരം ശ്രവിച്ചു:-

'മരിയാംബികയുടെ പരിശുദ്ധവും വിമലവുമായ ഹൃദയത്തിനു് താങ്കളുടെ ഇടവകയെ സമർപ്പിക്കുക'.


അതു കേട്ടയുടനെ എന്തോ വലിയ ഒരു സമാധാനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലി. അദ്ദേഹം വളരെ ആലോചിച്ചു്, ഒരു ഭക്തസംഘടനയ്ക്കു വേണ്ട ചില നിയമങ്ങളെല്ലാം എഴുതിയുണ്ടാക്കി അദ്ദേഹത്തിന്റെ മെത്രാപ്പോലീത്തായ്ക്കു സമർപ്പിച്ചു. ആ വൈദിക മേലദ്ധ്യക്ഷൻ അവയെല്ലാം പരിശോധിച്ചശേഷം, ആ പുതിയ ഭക്തസംഘടനയുടെ സ്ഥാപനത്തിനു് അനുവാദവും നൽകി—"പാപികളുടെ മാനസാന്തരത്തിനുവേണ്ടിയുള്ള പരിശുദ്ധാംബികയുടെ വിമലഹൃദയത്തിൻ സഭ" (Association of the Immaculate Heart of Mary for the conversion of sinners).

"ഈ ഭക്തസംഘടന ഔപചാരികമായി സ്ഥാപിച്ചു്, ഇടവകയെ മരിയാംബികയുടെ വിമലഹൃദയത്തിനു് സമർപ്പിക്കുവാൻവേണ്ടി വികാരിയച്ചൻ ഇടവകക്കാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. കൂടിപ്പോയാൽ ഒരുപതുപേരു് സമ്മേളിച്ചേക്കും; അവരിലധികവും മദ്ധ്യപ്രായം കഴിഞ്ഞ സ്ത്രീകളുമായിരിക്കും, എന്നായിരുന്നു ദേസ്ജീനെ അച്ചന്റെ പ്രതീക്ഷ. പക്ഷേ, സംഭവിച്ചതെന്താണെന്നോ? മനുഷ്യമനസ്സിനു പരിവർത്തനം വരുത്തുവാൻ ദിവ്യകരത്തിനുള്ള കഴിവു് അപാരമാണു്. അതവിടെ പ്രസ്പഷ്ടമാകുകയും ചെയ്തു. എണ്ണൂറിൽ കുറയാത്തൊരു ജനസംഖ്യ ആ ഇടവകസമ്മേളനത്തിൽ സന്നിഹിതരായി. അവരിൽ നല്ലൊരുഭാഗം പുരുഷന്മാർ! അങ്ങനെയാ പുതിയ സംഘടന സ്ഥാപിച്ചുകൊണ്ടു് അന്നു് ആ ഇടവക ഔപചാരികമായി മരിയാംബികയുടെ വിമലഹൃദയത്തിനു സമർപ്പിക്കപ്പെട്ടു".

സ്വർഗ്ഗീയസ്വരം ശ്രവിച്ചയുടനെ അദ്ദേഹം ഇടവകയെ "വിമലഹൃദയ"ത്തിനു സമർപ്പിച്ചതിന്റെ ഫലമായിരുന്നു ആ സമ്മേളനവിജയം എന്നദ്ദേഹം വിശ്വസിച്ചു. മരിയാംബികയുടെ "അമലോത്ഭവമെഡൽ" തന്നെ ഈ പുതുസംഘടനയുടെ "ബാഡ്ജ്" ആയി അദ്ദേഹം തിരഞ്ഞെടുക്കുകയും ചെയ്തു. അതോടുകൂടി അദ്ദേഹത്തിന്റെ ആ ഇടവകയ്ക്കു് ആദ്ധ്യാത്മികമായുണ്ടായ അഭിവൃദ്ധി അത്ഭുതകരമായിരുന്നു. നാലുകൊല്ലം പണിപ്പെട്ടിട്ടും യാതൊന്നും സാധിക്കാഞ്ഞിടത്തു്, ഏതാനും ദിവസങ്ങൾക്കുള്ളിൽ വന്ന മാററങ്ങൾ!! വിജയമാതാവിന്റെ ദേവാലയം ആദ്ധ്യാത്മിക ചൈതന്യത്തിൽ, പാരീസിലെ ദേവാലയങ്ങളുടെയെല്ലാം റാണിയായി പരിലസിച്ചു. കഷ്ടപ്പാടുകളുടെയും അപകടങ്ങളുടെയും തിരമാലകൾ ആഞ്ഞടിച്ച അവസരങ്ങളിലെല്ലാം, പാരീസിലും വെളിയിലുമുള്ള സകല ആശ്രിതരുടെയും അഭയകേന്ദ്രമായിരുന്ന "വിജയമാതാവി"ന്റെ ദേവാലയം.

————

**For favours received**



**Inserted by**
THANKAMMA VARGHESE
Ezhamkulam.

# കൗൺസിലിൻെറ തീരുമാനങ്ങൾ

(ജോസ് തച്ചിൽ, പൂന)

കത്തോലിക്കാസഭയുടെ ആധുനീകരണത്തിനുതകുന്ന നിർദ്ദേശങ്ങൾ, രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ജോൺ മാർപ്പാപ്പാ ലോകത്തിൻെറ എല്ലാ കോണുകളിൽ നിന്നും സ്വാഗതം ചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ ഈ അഭ്യർത്ഥനയനുസരിച്ച് നിർദ്ദേശങ്ങൾ നിരർഗ്ഗളമായി വത്തിക്കാനിലേക്ക് നേരിട്ടും മെത്രാന്മാർ വഴിയായും പ്രവഹിക്കുകയും ചെയ്തു. ഇവയെല്ലാം വേണ്ടവിധം സംവിധാനം ചെയ്ത് പുസ്തകരൂപത്തിൽ പതിമൂന്നു വലിയ വാല്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചതു്. ഈ നിർദ്ദേശങ്ങൾ കൂടാതെ, പുസ്തകങ്ങൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ എന്നിവ വഴിയും ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നും അനേകം കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമാണ്, സഭയിൽ വളരെയധികം കാതലായ പരിവർത്തനം ഇന്നനിവാര്യമെന്നും പലരും അതു് കാംക്ഷിക്കുന്നുണ്ടെന്നും. ആധുനിക ലോകത്തിലെ വിവിധ ശാഖകളിലുള്ള പുരോഗതിയ്ക്കും മാററങ്ങൾക്കും കിടനില്ക്കുന്ന ഒരു സഭയെയാണ് ആളുകൾ സ്വാഗതം ചെയ്യുന്നതു്.

വത്തിക്കാനിലെത്തിയിട്ടുള്ള നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് മെത്രാന്മാർ ചർച്ചകൾ നടത്തുന്നതു്. പരിപൂർണ്ണ സ്വാതന്ത്ര്യത്തോടും നിഷ്പക്ഷബുദ്ധിയോടും വിശാലമനസോടും കൂടിയാണ് അവർ ഇവയെപ്പററി പരിചിന്തനം ചെയ്യുന്നതെന്നും സൂനഹദോസിലെ ചർച്ചകളിൽ പങ്കെടുക്കുന്നതെന്നും കൗൺസിലിൻെറ ആദ്യസമ്മേളനത്തെപ്പററിയുള്ള റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാണ്. അഭിപ്രായപ്രകടനാ സ്വാതന്ത്ര്യം പരിപൂർണ്ണമായി മാനിക്കപ്പെട്ടതുകൊണ്ടാണ് ആദ്യസമ്മേളനത്തിൽ ആരാധനക്രമത്തെപ്പററിയുള്ള ചർച്ചകൾ വളരെ നീണ്ടുപോയതു്. അവ്വിധം മുന്നോട്ടു പോകുകയാണെങ്കിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഏകദേശം 240 വർഷങ്ങൾ നീണ്ടുപോകുമെന്ന് ചില അമേരിക്കക്കാർ ഫലിതരൂപേണ പറയുകയുണ്ടായി.

കൂലങ്കഷമായ പരിചിന്തനത്തിൻെറയും ചർച്ചകളുടെയും ഫലമായി ഏതെല്ലാം തീരുമാനങ്ങളിലാണ് സഭാപിതാക്കന്മാർ എത്തിച്ചേരുകയെന്നതു് മുൻകൂട്ടി പറയുക എളുപ്പമല്ല. ഇതിനകം അവർ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ പുറത്തായിട്ടുമില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ്. എല്ലാ സ്ഥലങ്ങളിലും ധാരാളം പരിവർത്തനങ്ങൾ ഉണ്ടാകും, പ്രത്യേകിച്ച് ആരാധനക്രമം, ഇതര സഭകളുമായുള്ള ബന്ധം, നിത്യസത്യങ്ങളുടെ ആവിഷ്ക്കരണം എന്നിവയിൽ. സാമൂഹികവും അന്താരാഷ്ട്രീയവുമായ മേഖലകളിലും കൗൺസിൽ പല പ്രതികരണങ്ങളും സംജാതമാക്കുമെന്ന് നമുക്ക് ന്യായപൂർവ്വം പ്രതീക്ഷിക്കാം.

സൂനഹദോസിൻെറ വിജയത്തിന് അനപേയണീയമാണ് നമ്മുടെ സഹകരണം. സഭാപിതാക്കന്മാരുടെ നിശ്ചയങ്ങളും നിർദ്ദേശങ്ങളും പ്രായോഗികമാക്കാനുള്ളവരാണല്ലോ സഭാംഗങ്ങളായ നാം. അവരുടെ കല്പനകളെ പ്രായോഗികജീവിതത്തിലേക്ക് നാം പകർത്തിയില്ലെങ്കിൽ അവ കടലാസ്സിൽത്തന്നെ അവശേഷിക്കുകയേയുള്ളു. ഇക്കാരണത്താൽ വൈദികരിൽ നിന്നും അത്മായരിൽ നിന്നുമുള്ള പരിപൂർണ്ണ സഹകരണം കൗൺസിൽ പ്രതീക്ഷിക്കുന്നുണ്ട്. കൗൺസിലിൻെറ തീരുമാനങ്ങളോട്ട് ചില്ലറ എതിർപ്പുകൾ ഉണ്ടാകുകയെന്നതു് സ്വാഭാവികമാണ്. പുരോഗമനവാദികൾ ശഠിച്ചേക്കാം കൗൺസിൽ വേണ്ടത്ര പ്രവർത്തിച്ചിട്ടില്ലെന്ന്. യാഥാസ്ഥിതികമനസ്ഥിതിക്കാർ പറഞ്ഞേക്കും സൂനഹദോസിൻെറ തീരുമാനങ്ങൾ പരിധിവിട്ടുപോയിട്ടുണ്ടെന്ന്. സഭ നടപ്പിലാക്കാൻ പോകുന്ന പരിവർത്തനങ്ങൾ സന്ദർഭോചിതങ്ങളാണോയെന്ന് സന്ദേഹിക്കുന്നവരും ഉണ്ടായേക്കും. പല കല്പനകളുടെയും ആവശ്യവും പ്രാധാന്യവും ചോദ്യം ചെയ്യുന്നവരും ഉണ്ടാകുമെന്നതിൽ സംശയമില്ല. കൗൺസിലിൻെറ തീരുമാനങ്ങൾ അർത്ഥശൂന്യവും ആപല്ക്കരവും അനഭിലഷണീയവുമായിരിക്കുമെന്ന് വാദി

ക്കാൻപോലും മടിയില്ലാത്തവരെ ഇപ്പോൾത്തന്നെ നമുക്കു കാണാവുന്നതാണ്.

എതിർപ്പുകൾ ഒരളവുവരെ പ്രതീക്ഷിക്കാവുന്നതാണെങ്കിലും പൂർവ്വാധികം അനുകൂലമായ അന്തരീക്ഷമാണ് നമുക്കിന്നുള്ളതു്. മുൻ സൂനഹദോസുകൾ പലതും സമ്മേളിച്ചതു് അബദ്ധസിദ്ധാന്തങ്ങളെ ശപിക്കാനായിരുന്നു. ഇക്കാരണത്താൽ, ഓരോ കൗൺസിലിനും ശേഷം വിപ്ലവാത്മകമായ പ്രത്യാഘാതങ്ങളും പ്രതികരണങ്ങളും ഉണ്ടായിട്ടുണ്ട്. ഏരിയനിസം എന്ന പാഷണ്ഡത നിക്യാ സൂനഹദോസിൽ ശപിക്കപ്പെട്ടെങ്കിലും പിന്നെയും കുറേക്കാലം നിലനില്ക്കുകയുണ്ടായി. നെസ്തോറിയനിസവും ഏക സ്വാഭാവവാദവും കൽക്കദോനിയ സൂനഹദോസിനെ അതിജീവിച്ചുവെന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ട്രെൻറിൽ നടന്ന കൗൺസിൽ പ്രോട്ടസ്റ്റൻറുകാരെ സഭയുമായി അടുപ്പിക്കുന്നതിൽ പരാജയപ്പെട്ടു. എന്നാൽ, ഇന്നത്തെ സാഹചര്യങ്ങൾ തികച്ചും ആശാദായകങ്ങളാണു്. പരിശുദ്ധ സിംഹാസനം പരമാധികാരത്തോടെയും അപ്രമാദിത്വത്തോടെയും പഠിപ്പിക്കുന്നവയെ ചോദ്യം ചെയ്യാൻ ഇന്നു് സഭയിൽ ആരുമുണ്ടാകയില്ലെന്നതു് നിർവ്വിവാദമാണു്. സൂനഹദോസിൽ അംഗീകരിക്കപ്പെടുന്ന നിയമങ്ങൾ പുറത്തുവരുന്നതിനുമുമ്പുതന്നെ അവയ്ക്കു് പൂർണ്ണമായ വിധേയത്വം കത്തോലിക്കാ ലോകം വാഗ്ദാനം ചെയ്തിട്ടുണ്ട്. ലോകത്തെ സത്യത്തിലേക്കും സമാധാനത്തിലേക്കും നയിക്കാൻ കഴിവുള്ള ഏകശക്തി കത്തോലിക്കാ സഭയാണെന്ന ബോദ്ധ്യം പല അകത്തോലിക്കരിൽ പോലും ഇന്നുണ്ടെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

നമ്മുടെ ആധുനീകരണത്തിനു് അടിസ്ഥാനപരമായി വേണ്ടതു് വ്യക്തികളുടെ നവീകരണമാണു്. ഏതു സമൂഹത്തിൻെറയും സാംസ്ക്കാരികവും ആദ്ധ്യാത്മികവുമായ നിലവാരം ആശ്രയിച്ചിരിക്കുന്നതു് ആ സമൂഹത്തിൻെറ അംഗങ്ങളിലാണല്ലൊ. സഭയാകുന്ന മൗതികശരീരത്തിൻെറ വിവിധാംശങ്ങളായ രൂപതകൾ, ഇടവകകൾ, സംഘടനകൾ, സഭാംഗങ്ങൾ എന്നിവ വഴിയായിരിക്കണം സഭയുടെ പരിവർത്തനം സ്ഥാപിതമാകേണ്ടതു്. ഇതിനനിവാര്യമാണു് നമ്മുടെ ബുദ്ധിശക്തിയെ വിശ്വാസത്താൽ പ്രകാശിതമാക്കി സൂനഹദോസിൻെറ തീരുമാനങ്ങൾ സ്വീകരിക്കാൻ ഒരുക്കുകയെന്നതു്. "നിങ്ങളെ അനുസരിക്കുന്നവൻ എന്നെ അനുസരിക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു. എന്നെ നിരസിക്കുന്നവൻ എന്നെ അയച്ചവനേയും" (വി. ലൂക്കാ 10, 16) എന്ന ക്രിസ്തുനാഥൻെറ വാക്കുകൾ നമ്മിൽ നിന്നും ആവശ്യപ്പെടുന്നതു് ഹൈരാർക്കിയോടുള്ള അനുസരണവും വിധേയത്വവുമാണു്. സൂനഹദോസു് എടുക്കുന്ന സിദ്ധാന്തപരവും നടപടിപരവുമായ തീരുമാനങ്ങളെ അസ്വീകാര്യങ്ങളായി തള്ളിക്കളയാൻ നമുക്കധികാരമില്ല. അവയെ നിരസിച്ചാൽ നാം ചെയ്യുന്നതു് ക്രിസ്തുവിൻെറ തന്നെ അധികാരത്തെ ചോദ്യം ചെയ്യുകയായിരിക്കും. സൂനഹദോസിൻെറ ചർച്ചകളും തീരുമാനങ്ങളും അദൃശ്യമായ വിധം നിയന്ത്രിക്കുന്നതും നയിക്കുന്നതും പരിശുദ്ധാരൂപിയാണു്. അവിടന്നു് സഭാപിതാക്കന്മാരുടെ ബുദ്ധിശക്തിയെയും ഇച്ഛാശക്തിയെയും പ്രകാശിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ സമ്മേളിച്ചിരിക്കുന്നിടത്തു് ഞാനുമുണ്ടു്" എന്നാണല്ലൊ ക്രിസ്തുനാഥൻ പറഞ്ഞിരിക്കുന്നതു്. ഇപ്രകാരം, സൂനഹദോസ് ദൈവത്തിൻെറ തന്നെ പ്രവർത്തനമാണു്. ഇക്കാരണത്താലാണു്, സൂനഹദോസിനെ ഭാഗ്യസ്മരണാർഹനായ ജോൺ മാർപ്പാപ്പാ ഒരു പുതിയ പെന്തക്കുസ്തയായി വിവക്ഷിച്ചതു്.

സഭയോടുള്ള നമ്മുടെ അനുസരണം എല്ലാകാര്യങ്ങളിലും പരിപൂർണ്ണമായിരിക്കണം. ദൈവത്തിൻെറ സഭയിലുള്ള പരമാധികാരമാണു് ഇതിനു നമുക്കു് പ്രേരകമായി നിലകൊള്ളേണ്ടതു്. ക്രിസ്ത്യാനികളുടെ വിധേയത്വം യാന്ത്രികമോ അടിമകളുടേതുപോലുള്ളതോ ആയിരിക്കരുതു്. സഭാമാതാവിൻെറ മക്കളായ നമ്മുടെ അനുസരണം മക്കൾക്കടുത്ത സ്നേഹവും ബഹുമാനവും നിറഞ്ഞ ഒന്നായിരിക്കണം.

സൂനഹദോസിൻെറ തീരുമാനങ്ങളെ ആശ്ലേഷിക്കാൻ സഹായകമാണു് "സഭയുമൊത്തു് ചിന്തിക്കുക"യെന്നതു് (Think with the Church). സഭയുടെ തീരുമാനങ്ങളിലും പ്രശ്നങ്ങളിലും മുന്നേ

റാങ്ങളിലും ജീവനിൽത്തന്നെയും പങ്കു പററുകയാണു് സഭയുമൊത്തു് ചിന്തിക്കുക എന്നതുകൊണ്ടു് നാം വിവക്ഷിക്കുന്നതു്. സഭ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്ന പരിവർത്തനങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുന്നതും സഭയുടെ സർവ്വമുഖമായ ഉന്നതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നതും സഭയുമൊത്തു് ചിന്തിക്കുന്നതിന്റെ ബഹിർസ്ഫുരണങ്ങളാണു്. സഭാമാതാവിനെ പുത്രനിർവ്വിശേഷം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവൻ സഭയാൽ നയിക്കപ്പെടാൻ സന്നദ്ധനായിരിക്കും. ചുരുക്കത്തിൽ അങ്ങനെയുള്ളൊരു വ്യക്തി സഭയുമൊത്തു് സന്തോഷിക്കുന്നു, സഹിക്കുന്നു, സഭയിൽ ജീവിക്കുന്നു; സഭയെ ശത്രുഹസ്തങ്ങളിൽ നിന്നു് സംരക്ഷിക്കുകയും സഭയുടെ ആന്തരികവും ബാഹ്യവുമായ പുരോഗതി ആഗ്രഹിക്കുകയും ചെയ്യുന്നു; അതിനായി തീഷ്ണതയോടെ പ്രാർത്ഥിക്കുകയും ക്ലേശങ്ങൾ നേരിടുകയും ചെയ്യുന്നു.

ലോകം മുഴുവനും ആശിക്കുന്ന ഫലങ്ങൾ സൂനഹദോസിൽ നിന്നു ലഭിക്കുന്നതിനു്, പ്രത്യേകിച്ചു് വൈദികരും അത്മായരും കൗൺസിലിന്റെ തീരുമാനങ്ങളെ സസന്തോഷം സ്വീകരിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും, നാമാദ്യം ചെയ്യേണ്ടതു് പ്രാർത്ഥിക്കുകയാണു്. ഇതു ശരിക്കു മനസ്സിലാക്കിക്കൊണ്ടാണു് പരിശുദ്ധ പിതാവു് വീണ്ടും വീണ്ടും കത്തോലിക്കാ ലോകത്തെ ആഹ്വാനം ചെയ്യുന്നതു് കൗൺസിലിന്റെ വിജയത്തിനു വേണ്ടി പ്രാർത്ഥിക്കാൻ.

നമ്മുടെ പരിപൂർണ്ണ സഹകരണം വഴി കൗൺസിലിനു് സഭയുടെ ജീവിതത്തെ മാത്രമല്ല, ലോകം മുഴുവന്റെയും ആദ്ധ്യാത്മികവും ധാർമ്മികവും സാമൂഹികവുമായ ജീവിതത്തെയും സമർത്ഥമായി സ്പർശിക്കാനും അതിൽ ഗണ്യമായ പ്രേരണ ചെലുത്താനും കഴിയും. അപ്രകാരം, സത്യത്തിന്റെയും വിശുദ്ധിയുടെയും പ്രതീകമായ കത്തോലിക്കാ സഭ അന്ധകാരത്തിൽ തപ്പിത്തടയുന്ന ആധുനികലോകത്തിനു് അണയാത്ത മാർഗ്ഗദീപമായി എന്നുമെന്നും വിരാജിക്കും.



**For favours received**
**Inserted by**
MARIAMMA THOMAS,
Kallimala House,
Keekkozhoor P. O.,
RANNI.

# ഫോർമോസായിലെ കന്യാസ്ത്രീയായ ഡോ. ഹിൽഡാ

[എസ്. ഏബ്രഹാം]

**[ഒരു അമേരിക്കൻ ഡോക്ടർ പറഞ്ഞു:- "നിരുത്സാഹമോ ക്ഷീണമോ എന്നെ ബാധിക്കുമ്പോൾ സിസ്റ്റർ ഹിൽഡാ രോഗശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നതു കാണാൻ ഞാൻ പോകും. സകലതും സാദ്ധ്യമാണെന്ന ആത്മവിശ്വാസത്തോടെ ഞാൻ മടങ്ങിയെത്തുകയും ചെയ്യും".]**

(ആലംബം: ഇംഗ്ലീഷ് ലേഖനം)

മുപ്പതിൽപ്പരം വർഷങ്ങളായി ലോകപര്യടനത്തിലേർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇക്കാലത്തിനിടയിൽ വിവിധ നിലകളിലുമുള്ള ആളുകളുമായി പരിചയപ്പെടാനും സമ്പർക്കത്തിലേർപ്പെടാനും എനിക്കു സാധിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കലും തീരാത്ത ഒരാനന്ദം എനിക്കു പ്രദാനം ചെയ്തിട്ടുള്ളത് ഒരു വ്യക്തിയുമായി എനിക്കുള്ള പരിചയമാണ്. ഫോർമോസായിലെ കോഷിംഗ് എന്ന സ്ഥലത്തെ ഒരു കത്തോലിക്കാ കന്യാസ്ത്രീ അവർ ഒരു ലേഡീഡോക്ടർകൂടിയാണ്. സ്വജീവിതകാലത്തിനുള്ളിൽത്തന്നെ സിസ്റ്റർ ഹിൽഡായുടെ പേര് ഐതിഹാസികമായിത്തീർന്നിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ പാറേറഴ്സൻ എന്ന സ്ഥലത്തുള്ള അമലോത്ഭവമാതാവിൻെറ കന്യാസ്ത്രീസംഘത്തിലെ ഒരംഗമാണ് സിസ്റ്റർ ഹിൽഡാ.

സിസ്റ്റർ ഹിൽഡായെ ഞാൻ ആദ്യം കാണുന്നതു് ലേശവും നാടകീയമായ സാഹചര്യങ്ങളിലല്ല. ഫോർമോസായിൽവച്ച് ഒരുതരം ത്വക്കുരോഗബാധയ്ക്കു ഞാൻ വിധേയനായി. അവിടെയുള്ള അമേരിക്കൻ ഡോക്ടറന്മാർക്കു അതു ഭേദമാക്കാൻ സാധിച്ചില്ല. അവരെന്നെ സെൻറു ജോസഫ്സ് ആശുപത്രിയിലേക്കു അയച്ചു. സിസ്റ്റർ ഹിൽഡാ ഉൾപ്പെടുന്ന സംഘം നടത്തുന്ന ഒരു ആതുരാലയമാണതു്.

ആ ആശുപത്രി കണ്ടപ്പോൾ ആദ്യം എനിക്കു നിരാശയാണുണ്ടായതെന്നു പറയാതെ തരമില്ല. പറയത്തക്ക ആകൃതിയോ ചന്തമോ ഇല്ലാത്ത ഒരു കെട്ടിടം. അതു കണ്ടാൽ ആരും പറയില്ല രോഗം ഭേദമാക്കാനുള്ള ഒരു സ്ഥാനമാണതെന്ന്. അവിടെ ഒരു ഡോക്ടറേയുള്ളു— സിസ്റ്റർ ഹിൽഡാ. എന്നാലും പത്തു വർഷക്കാലത്തിനുള്ളിൽ രണ്ടരലക്ഷത്തോളം രോഗികളെ ആ ആസ്പത്രിയിൽ ചികിത്സിച്ചിട്ടുണ്ടെന്നു എനിക്കു് അറിയാമായിരുന്നു.

വൈദ്യസഹായം തേടി അവിടെ എത്തിയ മററു രോഗികളുടെ കൂടെ ഞാനും നിലയായി. അവരിൽ അധികഭാഗവും ഫോർമോസൻ സ്ത്രീകളും കുഞ്ഞുങ്ങളുമായിരുന്നു. എന്നാൽ അമേരിക്കൻ സൈന്യത്തിലെ ജവാന്മാരുടെ ഭാര്യമാരും അവിടെ വന്നെത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു അമേരിക്കൻ കർണ്ണലിൻെറ ഭാര്യയും ഉൾപ്പെട്ടു. പ്രസവസംബന്ധമായ പരിചരണത്തിനു സിസ്റ്റർ ഹിൽഡായെപ്പോലെ സാമർത്ഥ്യമുള്ള ഒരു ഡോക്ടർ ഫോർമോസായിൽ വേറെയില്ലെന്നു അവരെന്നോടു പറയുകയുണ്ടായി.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഫോർമോസാക്കാരൻ ഓടി അണച്ചു അവിടെയെത്തി. എന്തൊക്കെയോ വിളിച്ചുപറഞ്ഞുകൊണ്ട് അയാൾ റോഡിലേക്കു ചൂണ്ടിക്കാണിക്കുന്നു. ഒരു നിമിഷം കഴിഞ്ഞപ്പോൾ അമലോത്ഭവമാതാവിൻെറ സംഘത്തിനുള്ള വെള്ളയും നീലയും ചേർന്ന വസ്ത്രങ്ങൾ ധരിച്ചു ഉയരം കുറഞ്ഞു് അല്പം തടിച്ച ഒരു കന്യാസ്ത്രീ ആ മുറിയിൽ പ്രവേശിച്ചു. അവക്കു് ഉദ്ദേശം അൻപതു വയസ്സു പ്രായം വരും. വെയിലും വായുവും ധാരാളം ഏററാൽ ഉണ്ടാവുന്ന ഒരു വർണ്ണവിശേഷം ആ മുഖത്തിനുണ്ട്. ഒറ്റനോട്ടത്തിനുതന്നെ ആ മുറിയിലുള്ള സകലതും കാണാൻ ശക്തിയുണ്ടെന്നു തോന്നും ആ നീലക്കണ്ണുകൾ കണ്ടാൽ. ആ നടത്ത കണ്ടാൽ ധൃതഗതിയുടെ ഭാവം ലേശവുമില്ല എന്നാൽതന്നെയും വേഗത്തിലാണ് അവർ നടക്കുക നടപ്പു നിർത്താതെതന്നെ സിസ്റ്റർ കർണ്ണലിൻെറ ഭാര്യയുടെയും എൻെറയും മുഖത്തു നോക്കി ഒന്നു മന്ദഹസിച്ചു.

(ആ മുറിയിൽ ഉണ്ടായിരുന്നതിൽ കൂടുതൽ ആരോഗ്യമുണ്ടായിരുന്നതു് ഞങ്ങളിരുവരുമായിരുന്നു) "ഭിത്തിയിലുള്ള സ്ട്രെച്ചറെടുത്തു എന്റെ കൂടെ വരാമോ"?

തികച്ചും ശാന്തമായ ശബ്ദത്തിലുള്ള വാക്കുകൾ. പക്ഷേ, അതൊരു ആജ്ഞതന്നെയായിരുന്നു. ആ ആജ്ഞ അനുസരിച്ചു പ്രവർത്തിക്കുവാൻ സസന്തോഷം ഞങ്ങൾ സന്നദ്ധരായി. അതായിരുന്നു യഥാർത്ഥത്തിലുള്ള സിസ്റ്റർ ഹിൽഡാ.

ഞങ്ങൾ സിസ്റ്ററിനെ അനുഗമിച്ചു. ആ റോഡിൽ ആശുപത്രിയിൽനിന്നു അല്പം അകലെയായി ഒരു ചീനക്കാരനു ഒരു കാറുമുട്ടി പരിക്കേററിരുന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ സാധുവിനു പ്രഥമശുശ്രൂഷകൾ നൽകി അയാളെ ശസ്ത്രക്രിയയ്ക്കുള്ള മുറിയിലേക്കു കൊണ്ടുപോയി. വിശ്വസിക്കാൻ വിഷമമായ കാര്യക്ഷമതയോടെ അതിവേഗം അയാൾക്കു് അത്യാവശ്യമായ പരിചരണം നൽകപ്പെട്ടു. ആശുപത്രിയിൽ കിടന്ന രോഗികളുടെ ബന്ധുക്കളിൽ നാലോ അഞ്ചോ പേരെ സിസ്റ്റർ ഒരു ചെറുസംഘമായി സംഘടിപ്പിച്ചു് ശസ്ത്രക്രിയയിൽ സഹായികളായി ഏർപ്പെടുത്തി. അവർക്കു ഇംഗ്ലീഷിലും ചീനഭാഷയിലും ജർമ്മൻഭാഷയിലും ഹിൽഡാ നിർദ്ദേശങ്ങൾ നൽകി. ആ ഭാഷകളിൽ അവരൊരു വിദഗ്ദ്ധ തന്നെയായിരുന്നു.

അതിനുശേഷം ഞാൻ ഹിൽഡായുടെ ആഫീസ് മുറിയിലേക്കു ആനയിക്കപ്പെട്ടു. വെള്ളതേച്ച ഒരു ഇടത്തരം മുറി. ഡെറേറാളിന്റെ ഗന്ധം അവിടെ സർവ്വത്ര വ്യാപിച്ചിട്ടുണ്ടു്. ചുവരിന്റെ ഒരു ഭാഗത്തു് സിസ്റ്ററിനു വാഷിംഗ്ടൺ സർവ്വകലാശാലയിൽ നിന്നു ലഭിച്ച സർട്ടിഫിക്കററ് ഫ്രെയിം ചെയ്തു തൂക്കിയിട്ടുണ്ടു്— സിസ്റ്റർ ഹിൽഡാ മെയർ എസ്സ്. എം. ഐ. സി., എം. ഡി.

എന്റെ രോഗം ആ ഡോക്ടർ കൈകാര്യം ചെയ്യുന്നതു കണ്ടപ്പോൾ ടിപ്പെ എന്ന സ്ഥലത്തുള്ള ഒരു അമേരിക്കൻ ഡോക്ടർ പറഞ്ഞ വാക്കുകൾ എന്റെ ഓർമ്മയിലെത്തി. "നിരുത്സാഹമോ ക്ഷീണമോ എന്നെ ബാധിക്കുമ്പോൾ കോഷിംഗിൽ പോയി സിസ്റ്റർ ഹിൽഡായുടെ രോഗശുശ്രൂഷസമ്പ്രദായം ഞാൻ നോക്കിനില്ക്കും. ഞാൻ മടങ്ങുമ്പോൾ ദൈവത്തിൽ വിശ്വാസവും ആത്മാവിൽ സ്നേഹവുമുള്ള ഒരാൾക്കു അസാദ്ധ്യമായി യാതൊന്നുമില്ലെന്ന ബോധം എന്റെ മാന്ദ്യാവസ്ഥയെ പാടേ നീക്കും. മെഡിക്കൽ കോളജിൽ പഠിക്കാൻ സാധിക്കാത്ത നിഗൂഢമായ പശ്ചാത്തലം മറെറതോ ഒന്നുണ്ടു്".

സിസ്റ്റർ ഹിൽഡായെ സംബന്ധിച്ചിടത്തോളം ഒരു വൈചിത്ര്യമുണ്ടു്. യഥാർത്ഥത്തിൽ അവർക്കൊരു ഡോക്ടറാകണമെന്നു ആഗ്രഹമുണ്ടായിരുന്നില്ല. ഒരു കുട്ടിയായിരുന്ന കാലത്തു് രക്തം കണ്ടാൽ അവർ ബോധരഹിതയായിത്തീരുമായിരുന്നു. എന്നാൽ ജർമ്മനിയിലെ മൺസ്റ്റർ എന്ന സ്ഥലത്തുള്ള അധികൃതർ ഹിൽഡായെ അമേരിക്കൻ ഐക്യനാടുകളിലെ ഒരു മെഡിക്കൽ കോളജിൽ അയക്കണമെന്നു തീരുമാനിച്ചപ്പോൾ തദനുസരണം സ്വജീവിതം അവർ അതിനായി പൂർണ്ണമനസ്സോടെ പ്രതിഷ്ഠിച്ചു. ആ വിദ്യാലയത്തിൽനിന്നു് അതിപ്രശസ്തമായി അവർ ബിരുദം സമ്പാദിച്ചു 1939-ൽ ഒരു ഡോക്ടറായിത്തീർന്നു. അതേത്തുടർന്നു് ചൈനയിലെ ടീൻസിൻ എന്ന സ്ഥലത്തേക്കു് അവർ നിയോഗിക്കപ്പെട്ടു. അവിടെയെത്തിയപ്പോൾ സിസ്റ്ററിനു് ആദ്യമായി അനുഭവപ്പെട്ടതു് ഒരു ഞെട്ടലായിരുന്നു. ഔഷധങ്ങൾ വാങ്ങാൻ അവിടെ ഒരു ചില്ലിപോലുമില്ല. അതുകൊണ്ടു് അവർ ഒരു അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കാൻ നിർബന്ധിതയായി.

1945-ൽ ഒരുദിവസം ഹിൽഡാ ഒരു ചീനസ്ത്രീയുടെ രോഗവിവരത്തെപ്പററി കേട്ടു. ഏതാനും മൈലകലെ ഒരു ചെറുപട്ടണത്തിൽ ആ രോഗിണി ചെറുകുടൽരോഗംമൂലം ദുസ്സഹവേദന അനുഭവിക്കയാണു്. ആ ചെറുകുടൽ പൊട്ടിയെന്നാണു് അവിടെയുണ്ടായിരുന്ന ഡോക്ടറന്മാർ വിധിച്ചതു്. എന്തെങ്കിലും ഒരു അത്ഭുതം സംഭവിക്കാത്തപക്ഷം ആ സാധുസ്ത്രീ മരിക്കയേയുള്ളുവെന്നു് അവർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. മുറിവേററ അഭയാർത്ഥികളുടെ പരി

ചരണത്തിൽ അഹോരാത്രം ഏർപ്പെട്ടിരുന്ന ആ ഡോക്ടറന്മാൎക്കു് ഈ സ്ത്രീയെ ചികിത്സിക്കാൻ സമയമില്ല.

ആശ്രമാധിപയുടെ അനുമതിയോടെ ഹിൽഡാ ആ രോഗിണിയെ മഠത്തിലേക്കു കൊണ്ടുവന്നു. ശസ്ത്രക്രിയയ്ക്കുള്ള ആയുധങ്ങളും മരുന്നുകളും എവിടെനിന്നൊക്കെയോ അവർ കരസ്ഥമാക്കി. ഒരു ചായമേശയുടെ മുകളിൽ കിടത്തി ആ ഡോക്ടർ ശസ്ത്രക്രിയയും നടത്തി. മരംകോച്ചുന്ന മഞ്ഞു്. അതു തടയാൻ ആ മുറിയ്ക്കുള്ളിൽ ഒരു അഗ്നികുണ്ഡവുമുണ്ടു്.

“ആ തീയും ഈതർ എന്ന മയക്കമരുന്നും കൂടിയായപ്പോൾ ആ മുറി അഗ്നിക്കിരയാകാതെ രക്ഷപ്പെട്ടതു് ദൈവകൃപ ഒന്നുകൊണ്ടു മാത്രമായിരുന്നു”.— ആ ഓപ്പറേഷനുശേഷം സിസ്റ്റർ പറയുകയുണ്ടായി.

ആ രോഗിണി പൂർണ്ണസുഖം പ്രാപിച്ചു. ആ വാർത്ത ചുററുപാടും വ്യാപിച്ചപ്പോൾ വൈദ്യസഹായത്തിനു് നൂറുകണക്കിനു അഭ്യർത്ഥനകൾ വന്നെത്തി. കന്യാസ്ത്രീകളുടെ ഒരു സമ്മേളനം ആശ്രമാധിപ വിളിച്ചുകൂട്ടി. ഒരു ആശുപത്രി ആരംഭിക്കുക കേവലം ക്രൈസ്തവകർത്തവ്യം മാത്രമാണെന്നു അവരെല്ലാവരും സമ്മതിച്ചു. പക്ഷേ അവൎക്കു പണമില്ല, ആവശ്യത്തിനുതകുന്ന കെട്ടിടമില്ല. നഴ്സുകളുമില്ല. ഹിൽഡായാണു അവരുടെ ഏകഡോക്ടർ. എന്നാൽ ദൈവം അവരെ സഹായിച്ചു് ഒരു മാൎഗ്ഗം കാട്ടിക്കൊടുക്കുമെന്നു് ആ കന്യാസ്ത്രീകൾക്കു് അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. ഹിൽഡാ പറഞ്ഞു:- “വിശ്വാസവും പരിശ്രമശീലവും ഉണ്ടെങ്കിൽ കൂടുതൽ വേഗം ദൈവസഹായമുണ്ടാകും”.

ഔഷധങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിലും ഗവണ്മെൻറിലും ഡോക്ടറന്മാരോടും എന്നുവേണ്ട ലേശമെങ്കിലും സഹായസാദ്ധ്യതയുള്ള എല്ലാ സ്ഥാനങ്ങളിലും കന്യാസ്ത്രീകൾ ചെന്നെത്തി അഭ്യർത്ഥനകൾ സമർപ്പിച്ചു. ഈ നീക്കത്തിന്റെ നേതൃസ്ഥാനം ഹിൽഡായ്ക്കാണു നൽകപ്പെട്ടതു്. അവരുടെ തീക്ഷ്ണതയും മനോവീര്യവും അന്യരിലും പകർന്നു. ലുബ്ധരിൽ ലുബ്ധർ പോലും ഈ അഭ്യർത്ഥനയെ ആദരിച്ചു് സംഭാവനകൾ നൽകി.

നാലു മാസക്കാലത്തിനുള്ളിൽ ആ കന്യാസ്ത്രീമഠം ഒരു ആശുപത്രിയായി രൂപാന്തരപ്പെട്ടു. ആരംഭംമുതൽ തന്നെ അവിടെ രോഗികളുടെ തിക്കും തിരക്കും ഉണ്ടായിരുന്നു. രാവിലെമുതൽ മധ്യാഹ്നംവരെ സിസ്റ്റർ ഹിൽഡാ ഗുരുതരമായ രോഗങ്ങൾക്കു ചികിത്സ നിർദ്ദേശിക്കും. മധ്യാഹ്നത്തിനുശേഷം മററുള്ള കന്യാസ്ത്രീകൾക്കു് നഴ്സിംഗ് പരിശീലനം അവർ നൽകുകയായി.

മൂന്നു വർഷങ്ങൾ കഴിഞ്ഞപ്പോൾ ചീന കമ്മ്യൂണിസ്ററുകൾ ടിൻസ്റ്റിനു സമീപമെത്തി. കന്യാസ്ത്രീകൾ ജീവരക്ഷാർത്ഥം പലായനം ചെയ്വാൻ നിർബന്ധിതരായിത്തീർന്നു. അവർ ഫോർമോസായിലെത്താൻ തീരുമാനിച്ചു. ദൈവകാരുണ്യംകൊണ്ടു ആശുപത്രിയിലെ സാധനസാമഗ്രികളെല്ലാം കൂടെ കൊണ്ടുപോകാൻ അവൎക്കങ്ങനെയോ സാധിക്കയുണ്ടായി. ഈ സന്ദർഭത്തെപ്പററി ഒരു അമേരിക്കൻ രോഗി പറഞ്ഞതു് ശ്രദ്ധേയമാണു്:- “ആ കന്യാസ്ത്രീകൾ കിടക്കകളും, മരുന്നുകുപ്പികളും ശസ്ത്രക്രിയായുധങ്ങളും നിറച്ച പെട്ടികളും ചുമലിൽ വഹിച്ചു മഞ്ഞിൽക്കൂടി പോകുന്നതു് ഹൃദയഭേദകമായ ഒരു കാഴ്ചയായിരുന്നു”.

ആ കന്യാസ്ത്രീകളിൽ മുപ്പത്തിയൊന്നുപേർ ഫോർമോസായിലെത്തിച്ചേർന്നു. ക്ഷയരോഗബാധിതയായ ഒരു സിസ്റ്ററിനെ ഇക്കൂട്ടത്തിൽ പോകാൻ അനുവദിച്ചില്ല. അവരെ രോഗശാന്തിക്കായി ഷാംഗയിലേക്കു മാററുകയാണുണ്ടായതു്. ആപത്തിൽനിന്നു അവരെ രക്ഷിക്കാൻ ഹിൽഡായും ഒരു ചീന കന്യാസ്ത്രീയും നിയോഗിതരായി.

ചീനച്ചുവപ്പുസേനയുടെ സാമീപ്യം ഷാംഗയിൽ ആകമാനം സംഭീതിക്കും സംഭ്രാന്തിക്കും കാരണമാക്കി. രോഗാതുരയായ കന്യാസ്ത്രീയെ ഏതാശുപത്രിയിൽ പോയാണു് കണ്ടുപിടിക്കുന്നതെന്നു ഹിൽഡായ്ക്കു യാതൊരു രൂപവുമില്ല. അന്വേഷണം നടത്തുന്നതിനു ഹിൽഡാ കാൽനടയായി വിവിധ പോലീസ് സ്റ്റേഷനുകളിലും എത്തിക്കൂടി. സമയം കടന്നുപോകുന്നു. സുരക്ഷിതത്വത്തിലേക്കു് അവരെ ആനയിക്കാനുള്ള

അവസാന കപ്പൽ അടുത്ത ദിവസം വൈകുന്നേരം തുറമുഖം വിടും.

അന്നേദിവസം രാവിലെ ആറു മണിക്ക് അവർ രോഗിണിയെ കണ്ടുപിടിച്ചു. അതോടെ ആരംഭിച്ചു തുറമുഖത്തേക്കുള്ള അവരുടെ ക്ലേശകരമായ യാത്ര. ഹിൽഡായും കൂടെയുള്ള കന്യാസ്ത്രീയും രോഗബാധിതയെ താങ്ങിപ്പിടിച്ചു സാവധാനം നടന്നുതുടങ്ങി. പകുതി വഴിയിലായപ്പോൾ രോഗിണി ബോധരഹിതയായി. പരിത്യജിതമായ ഒരു കടയ്ക്കുള്ളിൽ പ്രവേശിച്ച് ഹിൽഡാ സ്വന്തരക്തം ആ കന്യാസ്ത്രീയിൽ കുത്തിവച്ച് അവരെ ബോധാവസ്ഥയിൽ മടക്കിയെത്തിച്ചു. അതിനുശേഷം പരിക്ഷീണിതരായി അവർ യാത്ര വീണ്ടും ആരംഭിച്ചു.

അങ്ങനെ മന്ദം മന്ദം നടന്ന് അവർ മുന്നോട്ടു നീങ്ങി. അതാ കപ്പൽ അതു യാത്രയാകാൻ ഇനി ഏതാനും നിമിഷങ്ങളേ വേണ്ടു. ഒരു വിധത്തിൽ അവർ മൂവരും കപ്പലിനുള്ളിൽ പ്രവേശിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. മുപ്പതു മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അവർ ഫോർമോസായിൽ എത്തിച്ചേർന്നു.

പുതുതായി ഒരു ആസ്പത്രി ആരംഭിക്കണമെന്നു അടുത്ത ദിവസംതന്നെ ആ കന്യാസ്ത്രീകൾ തീരുമാനിച്ചു. ആ തീരുമാനത്തിനു പ്രേരണയും പ്രോത്സാഹനവും നൽകിയതു ഹിൽഡായായിരുന്നെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. ആ പദ്ധതി നടപ്പിലാക്കാൻ പണം സമ്പാദിക്കുന്നതിന് അടുത്ത നാലു മാസക്കാലം അവരുടെ പ്രധാന ഭക്ഷണം നേന്ത്രക്കായും ചോറും മാത്രമായിരുന്നു. അങ്ങനെ ക്ലേശങ്ങളും ത്യാഗങ്ങളും സസന്തോഷം സഹിച്ച് 1949 മാർച്ചു മാസത്തിൽ കോഹ്സ്സിംഗിൽ ഒരു ചെറിയ ആശുപത്രി ഹിൽഡാ ഉൽഘാടനം ചെയ്തു. ഒരു ഒററ മുറിയിൽ. ഒരേ അവസരത്തിൽ പത്തുപതിനഞ്ചാളുകളാണ് അവിടെ പ്രവത്തനത്തിലേപ്പെട്ടതു്. ശിശുക്കൾ കരയുന്നു. ചികിത്സ ലഭിക്കാൻ രോഗികൾ അണിയണിയായി കൂടി നില്ക്കുന്നു. കന്യാസ്ത്രീകൾ ഇംഗ്ലീഷു പഠിപ്പിക്കാൻ ഉദ്യമിക്കുന്നു. അതിനിടയിൽ തുണികൊണ്ടു മറച്ച ഒരു മൂലയിൽ ഹിൽഡാ ഒരു ശസ്ത്രക്രിയ നടത്തുകയാണ്. "ആളുകൾ തിങ്ങിക്കൂടി നിന്ന സ്ഥലത്തു് സമാധാനബുദ്ധ്യാ ദൈവസ്നേഹം മുൻനിറുത്തി അവരോരോരുത്തരും ക്ഷമയോടെ നിലകൊണ്ടു". ഹിൽഡാ പറയുകയാണ്: "ആത്മാവിനെ ശക്തമാക്കാൻ പര്യാപ്തമായ ഒരു പരീക്ഷണം".

പത്തു വർഷങ്ങൾക്കുശേഷം ഞാൻ സിസ്റ്റർ ഹിൽഡായെ കണ്ടു. ആ ആശുപത്രി ഒന്നു ചുററിനടന്നു കാണാൻ ഞാൻ അനുമതി ആവശ്യപ്പെട്ടു. ഒരു പുഞ്ചിരിയോടെ അവർ പറഞ്ഞു: ഒരു വിരോധവുമില്ല. ഒരുകാര്യം മാത്രം. ഞാൻ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ എന്നോടു് ഒന്നും ചോദിക്കരുതു്.

മദ്ധ്യാഹ്നത്തിനുശേഷം ഒരു മണിവരെ ഹിൽഡാ രോഗികളെ പരിചരിക്കുന്നതു ഞാൻ നോക്കി നിന്നു. ആ ഒരു ഒററദിവസം അവർ തൊണ്ണൂററിയൊന്നു രോഗികളെ പരിശോധിച്ചു ചികിത്സ നിർദ്ദേശിച്ചു. അക്കൂട്ടത്തിൽ രണ്ടു ശസ്ത്രക്രിയകളും രണ്ടു പ്രസവങ്ങളും ഉൾപ്പെടുന്നു.

വാതരോഗബാധിതയാണ് ആ കന്യാസ്ത്രീ. ദുസ്സഹമായ വേദനമൂലം പള്ളിയിൽ മുട്ടുകുത്തുവാൻപോലും അവർക്കു സാദ്ധ്യമല്ല. എന്നാൽ രോഗികളുടെ സമീപത്തെത്തുമ്പോൾ വേദന വിസ്മരിച്ച് മധുരമായി അവർ മന്ദഹസിക്കും. ഒരു ദശവർഷത്തിനുള്ളിൽ പതിനോരായിരം രോഗികളെ ആശുപത്രിക്കുള്ളിൽ കിടത്തിയും രണ്ടരലക്ഷം രോഗികളെ മരുന്നു കൊടുത്തു വീടുകളിൽ അയച്ചും ഹിൽഡായുടെ സെൻറു ജോസഫ്സ് ആശുപത്രി ആരോഗ്യത്തിലേക്കു മടക്കി കൊണ്ടുവന്നിട്ടുണ്ട്. ഈ കാലഘട്ടത്തിനുള്ളിൽ അവിടെ നടന്ന നാലായിരം പ്രസവക്കേസുകളിൽ മൂന്നു മാതാക്കൾ മാത്രമേ മരിക്കാനിടയായിട്ടുള്ളു.

സാധുജനസേവിനിയായ ആ കന്യാസ്ത്രീ ഇരുപതു വർഷക്കാലമായി സ്വദേശമോ ബന്ധുക്കളെയോ കണ്ടിട്ട്. രാപകൽ ആത്മാർത്ഥമായി ദൈവസ്നേഹം മുൻനിറുത്തി അവർ പ്രവർത്തനനിരതയായി മനുഷ്യരാശിയെ സഹായിച്ച് ജീവിതം കഴിച്ചുകൂട്ടുന്നു.

ചെറുകഥ

Balan K.H.

# ദൈവത്തിന്റെ വഴികൾ

[പി. സി. ജോസഫ്, പട്ടാഴി ഈസ്റ്റ്]

"റോ...റോ റോ..."

തോക്കുകൾ തീ തുപ്പി. മാറു തുളഞ്ഞവർ താഴെ വീണു. ആ ജനാവലി സർക്കാരിനെതിരെ ശബ്ദമുയർത്തി. വിദ്യാർത്ഥികൾ പഠിപ്പുമുടക്കി. സ്കൂളുകൾ അടച്ചുപൂട്ടി. തുറന്ന വിദ്യാലയങ്ങളിൽ, പഠിക്കുവാൻ വിദ്യാർത്ഥികളോ, പഠിപ്പിക്കുവാൻ അദ്ധ്യാപകരോ ഇല്ല. പാട്ടപ്പെട്ട് പാടത്ത് പണിയുന്നവനും, യന്ത്രശാലയിൽ യന്ത്രം നിയന്ത്രിക്കുന്നവനും മാത്രമല്ല യുവാവും, യുവതിയും, വൃദ്ധനും, വൃദ്ധയും എല്ലാം സമരാങ്കണത്തിലാണ്. സർക്കാർ സ്ഥാപനങ്ങളെല്ലാം സ്തംഭിച്ചു. സമരത്തിനെതിരെ നിർദ്ദയമർദ്ദനങ്ങൾ അഴിച്ചുവിടപ്പെട്ടു.

## അറസ്റ്റ് ലാത്തിച്ചാർജ്ജ്

അങ്ങനെ പലതും എന്നാൽ അവയൊക്കെ സമരത്തിന് ശക്തികൂട്ടിയതേയുള്ളു. അവസാനം ജനാഭിലാഷത്തിനെതിരെ — മനുഷ്യൻ മാനിക്കുന്ന മൗലികഅവകാശങ്ങൾക്കു നേരെ നിറതോക്കുകൾ ശബ്ദിച്ചു.

## ക്രൂരമായ കരുതികൾ!

അവയുണ്ടോ സമരവീര്യം നശിപ്പിക്കുന്നു അവർ ആവേശത്തോടെ ആർത്തിരമ്പി എന്തു വിധവും സമരം അടിച്ചമർത്തണം. സർക്കാർ അതിനുവേണ്ടി തയ്യാറായി തോക്കുകൾ തുടർച്ചയായി തുമിച്ചുകൊണ്ടിരുന്നു.

അന്തി മയങ്ങി. കുറുപ്പാശാൻപുറംപോക്കിലുള്ള തന്റെ കൂരയിൽ ചുരുണ്ടുകിടന്നു. വിറങ്ങലിക്കുന്ന വികാരങ്ങൾ അയാളെ ഭരിച്ചുകൊണ്ടിരുന്നു. അദ്ദേഹം വാതലിലൂടെ വെളിയിലേക്കു നോക്കി കരിമ്പടം പുതച്ച പ്രകൃതി തറച്ചുനില്ക്കുന്നു. നിശബ്ദത പോലും നിശ്ചലമാണ്. നീറുന്ന നിമിഷങ്ങളും വേദനിപ്പിക്കുന്ന വിചാരങ്ങളും അയാളെ വലയം ചെയ്തു.

കുറുപ്പാശാൻ ഒരു കുടിയാശാനാണ് അദ്ദേഹത്തിന് ഭാര്യയോ ബന്ധുക്കളോ ഇല്ല. റോഡരുകിൽ ഒരു കൂരയുണ്ട്. അതു മാത്രമാണ് ആശാന്റെ സ്വത്ത്. ഓല മറച്ച ഒരു ചെറുമുറിയും ഒരു തിണ്ണയും, അതാണ് ആശാന്റെ വീടും വിദ്യാലയവും സർക്കാരിൽനിന്നും മാസം പതിനഞ്ചു രൂപാ അയാൾക്കു കിട്ടും അതുകൊണ്ടു മാത്രം അതൊരു ഗ്രാൻറു പള്ളിക്കൂടമെന്ന് പറയാമെന്നു തോന്നുന്നില്ല.

കുറുപ്പാശാന് ഒരു മകനുണ്ട് അവനാണു ചെറു. അവനെ പ്രസവിച്ചു ഉടൻതന്നെ അമ്മ പരലോകം പ്രാപിച്ചു. അനാഥനായ ചെറു ആശാന്റെ സംരക്ഷണയിൽ വളന്നു. അവനും സമരാങ്കണത്തിലാണ്. അവൻ ഇതുവരെയും മടങ്ങിയെത്തിയില്ല. ഒരു പക്ഷേ മാരകമായ വെടിയുണ്ട ആ മാറു തകർത്തുകാണും. അഥവാ-അവനിന്നു ഇരുമ്പഴിക്കുള്ളിൽ അമർന്നുകാണും. അതോർത്തപ്പോൾ ആ കുഴിഞ്ഞ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

വ്യസനവും ക്ഷീണവും ആത്മാക്കളെ അബോധാവസ്ഥയിലേക്ക് ആനയിക്കാറുണ്ട്. കുറുപ്പാശാൻ നിർവ്വികാരനായി നിശ്ചലനായി.

സമരത്തിന് കാരണമാക്കിയ സ്കൂളുകൾ കത്തിച്ച് കരിയാക്കുന്ന കാട്ടാളരായ സർക്കാരിന്റെ ആൾക്കാർ ഈ അവസരത്തിൽ ആശാന്റെ കൂരയ്ക്കു തീ വച്ചു. തീ ആളികത്തി. ആശാൻ പിടഞ്ഞെണീററു. പൊള്ളലേററ ശരീരത്തോടുകൂടി അയാൾ പുറത്തുവന്നു. അണയാൻ പോകുന്ന ദീപം ആളികത്താറുണ്ട്. പ്രതികാരം അശക്തരെ പലപ്പോഴും ശക്തരാക്കും. നടന്നകലുന്ന അക്രമികളോട് ആശാൻ അലറിക്കൊണ്ടടുത്തു. അവിടെ ക്രൂരമായ ഒരു മൽപ്പിടുത്തംതന്നെ നടന്നു. വളരെനേരം ആശാനെ ബന്ധിക്കുവാൻ അവർക്കു കഴിഞ്ഞു: അക്രമികൾ ആ വൃദ്ധനെ ഒരു ജീപ്പിലേക്കെറിഞ്ഞു. ആ ശകടം ചീറിപ്പാഞ്ഞു.

പെറുവവീണ പുലരി ഒരു ഞായറാഴ്ചയുടെതാണ്. മഞ്ഞവെയിൽ മലയോരങ്ങളിൽ മയങ്ങിവീണു. പാതയുടെ ഒരു വശം ചേർന്ന് ഒരു വൃദ്ധനായ പുരോഹിതൻ നടന്നു പോവുകയാണ്. അപരിചിതമായ എന്തോ ഒന്ന് അച്ചൻ കണ്ടു. ഓടയിൽ ഒരു മനുഷ്യരൂപം കിടക്കുന്നു. അച്ചൻ അങ്ങോട്ടു ചെന്നു. കൈകാലുകളും മുഖവും മൂടിക്കെട്ടിയ ഒരു വൃദ്ധൻ. മാറിടം സാവധാനം ചലിക്കുന്നുണ്ട്. അച്ചൻ ആ കെട്ടുകളെല്ലാം അഴിച്ചു. ആ വൃദ്ധനെ തൻെറ ആശ്രമത്തിലേക്കു കൊണ്ടുപോയി. പൊള്ളലുകളിലും മുറിവുകളിലുമെല്ലാം മരുന്നുവച്ചുകെട്ടി അങ്ങനെ കുറുപ്പാശാൻ ഒരു കത്തോലിക്കാശ്രമത്തിൽ താമസമായി. നിരന്തരമായ ശുശ്രൂഷകൾകൊണ്ട് അയാൾ കൂടുതൽ ആരോഗ്യവാനായി. വി. കൂദാശ കൈക്കൊണ്ടു ഒരു വിശുദ്ധൻെറ പേരു സ്വീകരിച്ചു. ഇന്ന് അയാൾ കുറുപ്പാശാനല്ല അന്തോനിയോസാണ്. ഇന്ന് അയാൾ സൂര്യചന്ദ്രാതികളെ സേവിക്കുന്നില്ല. പിന്നെയോ? സൂര്യനെയും ചന്ദ്രനെയും കോടാനുകോടി ഗോളങ്ങളെയും സൃഷ്ടിച്ച് കാത്തുപോരുന്ന അഖിലാണ്ഡകർത്താവിനെയാണ് സേവിക്കുന്നത്.

ദിവസങ്ങൾ പലതു കഴിഞ്ഞു. ആ സർക്കാർ നിലംപതിച്ചു. അങ്ങനെ അധർമ്മം അഴക് അണിയത്തില്ലെന്ന് ലോകം പഠിച്ചു. തടവുകാരെ വിമുക്തരാക്കി അങ്ങനെ ചേതു പുറത്തുവന്നു. അവൻ തൻെറ പിതാവിനെ കാണാൻ വീട്ടിലേക്കോടി. എന്തു? അവിടെ തൻെറ വീടു കാണുന്നില്ല! അതു വെന്തുവെണ്ണീറായിരിക്കുന്നു. അവൻ ഒരു ഭ്രാന്തനെപ്പോലെ പുലമ്പിക്കൊണ്ട് ലക്ഷ്യം ഇല്ലാതെ ഓടി നടന്നു.

നാട്ടിൻപുറത്തുള്ള ഒരു റോഡ്. ഒരു കാർ അതിലെ നീങ്ങുകയാണ്. ഒരു തിരുമേനി അതിലിരിപ്പുണ്ട്. ആ പരിശുദ്ധൻെറ വരവുകണ്ട് മലിനമായ പൊടി പടലങ്ങൾ പറന്നു മാറി.

"ടർ......ടർർ......"

ചേതുവിനെ കാറിടിച്ചു തിരുമേനി നിലത്തിറങ്ങി ചേതുവിനെ താങ്ങിയെടുത്തു സൗരയൂഥത്തിൻെറ ഗതിവിഗതികൾ നിയന്ത്രിക്കുന്നവന്—അലറുന്ന ആഴിയെ അടക്കി വാഴുന്നവന്, നശീകരണവസ്തുക്കളുടെ മുമ്പിൽ എന്നെന്നും ജീവിക്കുന്ന—സർവ്വശക്തന് എന്താണു പ്രയാസം.

ദൈവാനുഗ്രഹം ചേതുവിൻെറ കാല് അല്പം മുറിഞ്ഞതൊഴിച്ചാൽ അവന് മററു കുഴപ്പങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. തിരുമേനി അവനെ കാറിൽ കയററി വണ്ടി നീങ്ങി. ഒരു കത്തോലിക്കാ അരമനയുടെ മുമ്പിൽ വണ്ടി നിന്നു. തിരുമേനി ചേതുവിവിനെയും കൊണ്ട് അകത്തേക്കു പോയി വേണ്ടതായ ശുശ്രൂഷകളെല്ലാം അവനു ലഭിച്ചു.

ദിവസങ്ങൾ പലതു കഴിഞ്ഞു ചേതു ജ്ഞാനസ്നാനം കൈക്കൊണ്ടു തോമസ്സ് എന്ന പേരു സ്വീകരിച്ചു. പരിശുദ്ധമായ ഒരു പന്ഥാവിൽ—പുതിയ സാഹചര്യത്തില് അവൻ വളരുകയാണ്. ക്രിസ്തീയഗ്രന്ഥങ്ങൾ അവൻ വായിക്കാൻ തുടങ്ങി. കല്ലിനെയും മരത്തെയും പ്രകൃതിയുടെ പൂച്ചപണികളെയൊക്കെ—പൂജിച്ചു പോയതിൽ അവനു സഹതാപം തോന്നി. മണ്ണിൽനിന്നും ഉടലെടുത്ത മനുഷ്യൻ മണ്ണിലേക്കു മടങ്ങിച്ചേരുവാൻ ആണ്ടുകൾ നീണ്ടുപോകണമെന്നില്ല. അടുത്ത നിമിഷത്തെക്കുറിച്ച് അറിവില്ലാത്ത മനുഷ്യൻ അനന്തമായ സുഖത്തിനു വേണ്ടി മണ്ണിനും പെണ്ണിനും നാണയത്തുണ്ടിനും മല്ലിടുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ നിങ്ങൾ എൻെറ അരികിലേക്കു വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നുള്ള അരുളപ്പാടിനെ അവർ അറിയുന്നില്ല അഥവാ മനുഷ്യനതിനെ മാനിക്കുന്നില്ല. അങ്ങനെ അവൻെറ ആശയങ്ങൾ വളരുകയാണ്. അവൻ പലതും പഠിച്ചു വളരെയേറെ അറിഞ്ഞു. ഇന്ന് അവൻ വൈദികനാവാൻ പഠിക്കുകയാണ്.

ക്രിസ്തുമസ്സും നോമ്പുവീടലും പലവുരു സമ്മേളിച്ചു. ഒരു കാര്യത്തിൽ അന്തോനിയോസ് ഇന്നും ദുഃഖചിത്തനാണ്. തൻെറ പ്രിയപ്പെട്ട മകനെ കുറിച്ച് അയാൾ ഓർക്കും. ആ കരൾ പിടക്കും ആ കണ്ണുകൾ കലങ്ങും. അയാൾ സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനെ വിളിച്ചുകേഴും. അങ്ങനെ ഈറനണിഞ്ഞ് പത്തു വർഷം കടന്നു പോയി.

അന്തോനിയോസിനെ രക്ഷിച്ച വല്യച്ചൻ ഇന്നു കിടപ്പിലാണ്. ഒരു പുതിയ അച്ചനെ അയച്ചുതരാൻ വേണ്ടി അദ്ദേഹം മേലധികാരികളോട് ആവശ്യപ്പെട്ടു.

ജീവിതപ്പുഴയിൽ കഴയില്ലാതെ തുഴയുന്നവർക്കെല്ലാം ആഴിക്കുമീതെ നടന്നവൻ തുണയരുളുന്നു. അദ്ദേഹം ഒരുക്കുന്ന വഴികൾ തി

# കിഴക്കു നിന്നും വെളിച്ചം*

## By M. C.

[പാശ്ചാത്യാചാരങ്ങൾ പൗരസ്ത്യറീത്തിലേക്കു മാത്രമല്ല, പൗരസ്ത്യാചാരങ്ങൾ പാശ്ച്യാത്യറീത്തിലേക്കും അതിക്രമിച്ചിട്ടുണ്ടു്.]

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഒന്നാം സമ്മേളനത്തിൽ ലത്തീൻ റീത്തിനെ സംബന്ധിച്ചു പ്രത്യേകിച്ചും, പലരും പലേ പരിഷ്ക്കാരങ്ങളും ഉന്നയിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ ആരാധനക്രമം സംബന്ധിച്ചായിരുന്നു. ആരാധനയ്ക്കു് നാട്ടുഭാഷകളുടെ ഉപയോഗം രണ്ടു രൂപത്തിലുമുള്ള (അപ്പത്തിൻെറയും വീഞ്ഞിൻെറയും രൂപത്തിലുള്ള) പരിശുദ്ധ കുർബാന സ്വീകരണം, സമൂഹബലി എന്നിവയാണു് എടുത്തുപറയാവുന്നതു്. പൗരസ്ത്യറീത്തുകളിൽ ഇന്നും അഭംഗം നിലവിലിരിക്കുന്ന ആചാരങ്ങളാണിവ. ഈ നിർദ്ദേശങ്ങൾ പല പാശ്ചാത്യ മെത്രാന്മാരേയും അന്ധാളിപ്പിച്ചു; ഇവയെല്ലാം അതിരു കടന്നതും സമൂലം വിപ്ലവാത്മകവുമായി അവർക്കു തോന്നി. പൗരസ്ത്യ സഭകളിലെ പഴയ ആചാരങ്ങളിലേക്കു തിരിച്ചു പോകണമെന്നു പറയുന്നതു് എങ്ങനെ വിപ്ലവകരമല്ലെന്നു് തോന്നാതിരിക്കും! പൗരസ്ത്യാചാരരീതികളെ പുകഴ്ത്തി പാശ്ച്യാത്യപിതാക്കന്മാർതന്നെ കൗൺസിലിൽ പലതവണ സംസാരിക്കുകയുണ്ടായി. "പ്രധാനപ്പെട്ടവ ഒരു പരിഷ്ക്കരണസംരംഭം കൗൺസിലിൻെറ മുമ്പിൽ ഉന്നയിക്കപ്പെടുന്ന വേളയിൽ പൗരസ്ത്യ ആചാരങ്ങളെ നാം പരിശോധിക്കണം. അങ്ങനെ യഥാർത്ഥത്തിൽ പൗരസ്ത്യ അരൂപിയുള്ളവരായിക്കൊണ്ടു് പരിഷ്ക്കരണനടപടികൾ ധൃതഗതിയിൽ നമുക്കു നടപ്പാക്കാം" എന്നുവരെ ഒരു മെത്രാൻ അഭിപ്രായപ്പെട്ടു.

രസകരമായ ഈ അതിശയോക്തികൾ അത്ര കാര്യമാത്രപ്രസക്തങ്ങളല്ലെങ്കിലും പൗരസ്ത്യസഭകൾ പലരും വിചാരിക്കുന്നതുപോലെ അത്ര അവഗണിക്കപ്പെടേണ്ടവയല്ല എന്നൊരു ബോധം ഇന്നു പരക്കെ സംജാതമായിട്ടുണ്ടു്. പണ്ടൊക്കെ കിഴക്കും പടിഞ്ഞാറും തമ്മിൽ സാംസ്കാരിക കൈമാററങ്ങൾ വർദ്ധിച്ച തോതിൽ നടപ്പിലിരുന്നു. യാത്രാ

---

കച്ചും ധന്യമാണു്. പള്ളി അധികാരികൾ പുതുതായി പട്ടം കിട്ടിയ തോമസച്ചനെ വല്യച്ചൻെറ സന്നിധിയിലേക്കു് പറഞ്ഞയച്ചു. എത്രയും വേഗം തോമസച്ചൻ ശയ്യാവലംബിയായ അച്ചൻെറ അടുത്തണഞ്ഞു ഒരു കിടക്കയിൽ വല്യച്ചൻ കിടക്കുന്നു. സമീപത്തു് ഒരു വൃദ്ധൻ ഇരുന്നു പ്രാർത്ഥിക്കുന്നു. ആ വൃദ്ധനും കൊച്ചച്ചനും അന്യോന്യം തുറിച്ചു നോക്കി.

അതേ, തൻെറ പ്രിയപ്പെട്ട പിതാവുതന്നെ കൊച്ചച്ചനുമനസ്സിലായി ആ നാലുകരങ്ങൾ പരസ്പരം ചുററിപ്പിടിച്ചു. അവർ എല്ലാവിവരങ്ങളും പറഞ്ഞു. വല്യച്ചനു വളരെ സന്തോഷമായി.

"ദൈവം നിങ്ങളെ കൂട്ടിച്ചേർത്തു, ഇതാണു് ദൈവത്തിൻെറ വഴികൾ,നമുക്കു ദൈവത്തെ സ്തോത്രം ചെയ്യാം" വല്യച്ചൻ അവരെയും വിളിച്ചുകൊണ്ടു പള്ളിയിലേക്കു പോയി മുട്ടുകുത്തി നിശബ്ദമായി പ്രാർത്ഥിച്ചു.

ദൈവനിശ്ചയങ്ങൾ ഒരുത്തക്കും അഴിക്കാവതല്ല. പണ്ഡിതനും, പാമരനും, പണിക്കാരനും, പാവപ്പെട്ടവനും, ഭക്തനും, പാപിയുമെല്ലാം അതിൻെറ ആജ്ഞാവർത്തികൾ മാത്രമാണു്. വല്യച്ചൻ ആധ്യാനത്തിൽനിന്നും ഉണർന്നില്ല.

പള്ളിയുടെ സമീപത്തു് സാമാന്യം നല്ല ഒരു കല്ലറ ഉയർന്നു അതിനു മുമ്പിൽ ഒരു തിരികത്തിച്ച ശേഷം ഒരു അച്ചനും വൃദ്ധനും നിന്നു പ്രാർത്ഥിക്കും.

"ദയാപരനായ ഈശോയേ ഈ ആത്മാവിനു് നിത്യശാന്തി കൊടുത്തരുളണമെ"

മെഴുകുതിരി നാളത്തിൽ ഒഴുകുന്ന അഴകിൽ തഴുകിവരുന്ന ഒരു തൈതെന്നൽ അവരെ ആശ്ലേഷിച്ചു് കടന്നു പോകും.

സൗകര്യങ്ങളും ആശയവിനിമയോപാധിക ളും തുലോം വിരളമായിരുന്ന അക്കാലത്തു് പാശ്ചാത്യപൗരസ്ത്യബന്ധം എത്രയോ ദൃഢതരമായിരുന്നു! പുരാതനവും ചരിത്രപ്രസിദ്ധവുമായ ആ പരസ്പരബന്ധം ചരിത്രത്തിലെ ഒരത്ഭുതപൂർവ്വകമായ ഈ സൂനഹദോസ്സ് വേളയിൽ അനുസ്മരിക്കപ്പെട്ടുവെന്നേയുള്ളു.

ലത്തീൻ റീത്തിനെ സംബന്ധിച്ച കാര്യങ്ങളിൽ വലിയൊരു പണ്ഡിതനായ മിലാൻ ബിഷപ്പ് ഇൽഡെഫോൻസോ കാർഡിനൽ ഷെഫസ്റ്റർ (Ildefonso Cardinal Schwester പറയുന്നതുപോലെ, "പ്രകൃതിയുടേയും പ്രസാദവരത്തിൻേറയും പ്രഭവസ്ഥാനമായ പൗരസ്ത്യദിക്കിൽനിന്നും വെളിച്ചം സ്വീകരിച്ചുകൊണ്ടു് റോം തൻേറ സാക്ഷാത്ഥായ സാർവ്വത്രികത്വം ലോകത്തിനു വെളിപ്പെടുത്തുകയത്രേ. റോമിലെ സപ്തമലകൾക്കപ്പുറത്തേക്കും സഭ കരങ്ങൾ നീട്ടുന്നുവെന്നും നന്മയും സൗന്ദര്യവും എവിടെ കണ്ടാലും അവയെ പുണരാൻ അവൾ ഉത്സുകയാണെന്നുമുള്ളതിനു മികച്ചൊരു തെളിവാണിതു്. ഇടുങ്ങിയതും അനഭിലഷണീയവുമായ ദേശീയത്വത്തിൻേറ അതിർവേലിക്കുള്ളിൽ ഒതുങ്ങിനില്ക്കേണ്ട ആവശ്യം സഭക്കില്ല. ഇതരസഭകളുടെ ചരിത്രം ചൂണ്ടിക്കാട്ടുന്ന വസ്തുതയും ഇതുതന്നെയല്ലേ"

## ചരിത്രത്തിൻേറ സാക്ഷ്യം

ആദ്യകാല മാർപ്പാപ്പാമാരിൽ ഭൂരിഭാഗവും പൗരസ്ത്യരായിരുന്നു. റോമിൽനിന്നു പലപ്പോഴും പൗരസ്ത്യദേശങ്ങളിലേക്കു് അയക്കപ്പെട്ടിട്ടുള്ള പ്രതിനിധികൾ പൗരസ്ത്യസംസ്കാരത്തിൻേറ മഹിമാവുകൊണ്ടു വികസിതരായിട്ടാണു തിരിച്ചുപോയിട്ടുള്ളതു്. പൗരസ്ത്യസ്വാധീനശക്തി പടിഞ്ഞാറോട്ടൊഴുകിയ ചാലുകളായിരുന്നു അവയൊക്കെ. 'ഇക്കൊണോക്ലാസ്റ്റിസ്റ്റിക്കു് മർദ്ദനകാലത്തു് യൂറോപ്പിലേക്കു പലായനം ചെയ്ത പൗരസ്ത്യസന്യാസിമാരുടെ സാന്നിദ്ധ്യവും പാശ്ചാത്യരിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. മറെറാരു ചാലു് കുരിശുയുദ്ധക്കാരുടേതാണു്. അവർ തിരിച്ചുപോരവേ കടത്തികൊണ്ടുപോന്ന പൗരസ്ത്യാചാരങ്ങളും കലാവസ്തുക്കളും തിരുശേഷിപ്പുകളുമെല്ലാം പൗരസ്ത്യസ്വാധീനമുളവാക്കുന്നവയായിരുന്നു.

എന്നാൽ 7-ാം നൂററാണ്ടിലുണ്ടായ മുഹമ്മദീയാക്രമണം പൗരസ്ത്യപാശ്ചാത്യബന്ധത്തെ ശിഥിലമാക്കുന്ന ഒന്നായിരുന്നു. 9-ാം നൂററാണ്ടിൽ 'ചാൾമെയിനെ' അഖില പാശ്ചാത്യസാമ്രാജ്യത്തിൻേറയും ചക്രവർത്തിയായി മാർപ്പാപ്പ അഭിഷേചിച്ചതു് പൗരസ്ത്യരിൽ വെറുപ്പു ജനിപ്പിക്കുന്നതിനു കാരണമായി. 11-ാം നൂററാണ്ടിൽ മൈക്കൾ ചെരുളാരിയൂസിൻേറ ശീശ്മ പാശ്ചാത്യ-പൗരസ്ത്യബന്ധം വേർപെടുത്തുന്ന മറെറാരു സംഭവമായിരുന്നു. 13-ാം നൂററാണ്ടിൽ കുരിശുയുദ്ധക്കാർ പൗരസ്ത്യദേശങ്ങളിൽ കാട്ടിക്കൂട്ടിയ അപമര്യാദകളും നടപടിദോഷങ്ങളും പൗരസ്ത്യരെ അമർഷം കൊള്ളിച്ചു. ചരിത്രപരമായ ഏതാദൃശഅബദ്ധങ്ങളിൽ വീണിട്ടും ഒരു പുനരേകീകരണത്തിനുള്ള അഭിലാഷോദ്യമങ്ങൾ റോം നടത്താതിരുന്നിട്ടില്ല. പൗരസ്ത്യദേശത്തു് നിന്നാണു് തനിക്കു വെളിച്ചം കിട്ടിയതെന്ന വസ്തുത റോം ഒരിക്കലും വിസ്മരിച്ചില്ല. സെൻറു് പിറേറഴ്സിൽ നടക്കാറുള്ള ഗ്രീക്കുവിശ്വാസപ്രമാണത്തിൻേറ ആഘോഷാലാപവും മാർപ്പാപ്പമാർ ധരിക്കാറുള്ള ഗ്രീക്കുമാതൃകയിലുള്ള അംശവസ്ത്രങ്ങളും ആരാധനക്രമപരമായ മററു പല കർമ്മങ്ങളും പൗരസ്ത്യദേശവുമായുള്ള സുദൃഢബന്ധത്തിൻേറ സുജ്ഞാതലക്ഷണങ്ങളാകുന്നു. മൂന്നാം നൂററാണ്ടിൻേറ അവസാനത്തോടെയാണു് റോമിലെ സഭ ഗ്രീക്കു മാററി ആരാധനഭാഷയായി ലത്തീൻ സ്വീകരിക്കുന്നതെന്ന വസ്തുതയും ഓത്തിരിക്കേണ്ടതാണു്.

## പുരാതന റോമൻസഭ

A. D. 97-105 വരെ സഭയെ ഭരിച്ച വി. ഇവാരിററസ് മാർപ്പാപ്പ പലസ്തീനിയനായിരുന്നു. അദ്ദേഹത്തിൻേറ ഭരണ വൈദഗ്ധ്യം ചരിത്രപ്രസിദ്ധമത്രേ. റോമിനെ ആദ്യമായി ഇടവകകളായി വിഭജിച്ചതും അസംഘടിതരായി കഴിഞ്ഞുകൂടിയിരുന്ന പുരോഹിതന്മാരെ സംഘടിപ്പിച്ചതും ഇദ്ദേഹമാണു്. പ്രസംഗിക്കാൻ പോകുന്ന മെത്രാനെ ഏഴു ഡീക്കന്മാരുടെ ഒരു സംഘം അനുധാവനം ചെയ്യണമെന്നദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. 126—136 വരെ ഭരണം നടത്തിയ തെലഫോറസ് എന്ന ഗ്രീക്കു മാർപ്പാപ്പയാണു 'പാതിരാകുർബാന' നടപ്പിലാക്കിയതു്. ഗ്ലോറിയ ഇൻ എക്സ്ചേൾസീസ്" എന്ന മനോഹരഗാനം ഗ്രീക്കു് ആരാധനക്രമത്തിൽ നിന്നെടുത്തു് ലത്തീൻ കുർബാനയിൽ

കൂട്ടിച്ചേർത്തതും ഇദ്ദേഹമാണ്. പലസ്തീനിയദായിരുന്ന തെയോഡോർ ഒന്നാമൻ (642-649) മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ റോമൻ കലണ്ടറിൽ കൂട്ടിച്ചേർത്തു. ജറുസലേമിലും ഇതര കിഴക്കൻ രാജ്യങ്ങളിലും അക്കാലത്തു് പ്രചരിച്ചിരുന്ന ഏററവും പ്രശസ്തമായ ഭക്തി മാതാവിൻെറ സ്വർഗ്ഗാരോപണത്തെ സംബന്ധിക്കുന്നതായിരുന്നു.

പൗരസ്ത്യപാരമ്പര്യങ്ങളോടു് റോമിനുള്ള കടപ്പാടിൻെറ മററൊരു കാലഘട്ടമാണ് സേർജിയൂസ് മാർപ്പാപ്പയുടേതു്. അദ്ദേഹം അന്ത്യോഖ്യനായിരുന്നു. മാതാവിൻെറ നാലു വലിയ തിരുനാളുടെ ആഘോഷം പാശ്ചാത്യസഭയിൽ നടപ്പാക്കിയതു് അദ്ദേഹമാണ്. മാതാവിൻെറ ജനനം, വിശുദ്ധീകരണം, വചനിപ്പ് (Annunfiation) അന്ത്യനിദ്ര (Dormition) എന്നിവയാണ് ആ നാലു തിരുനാളുകൾ. പരിശുദ്ധ കന്യകയെ വി. അന്ന ഗർഭം ധരിച്ചതിനെ അനുസ്മരിപ്പിക്കുന്ന തിരുനാൾ റോമിനു ലഭ്യമായതു് കോൺസ്റ്റാൻറിനോപ്പിളിൽ നിന്നാണ്. ഇന്നും ഡിസംബർ ഒൻപതിനു ഗ്രീക്കുകാർ അതാഘോഷിക്കുന്നു. ഒൻപതാം നൂററാണ്ടിൽ അതു് ഐർലണ്ടിലേക്കും അവിടെ നിന്നതു് യൂറോപ്പിലേക്കും കടന്നു ചെന്നു. ലത്തീൻ കുർബാനയിൽ ''കണ്ടിപ്പി''ൻെറ (Fraction) അവസരത്തിൽ ''ആഞ്ഞുസ്ദേയി'' എന്ന പ്രാർത്ഥനാഗാനം ചൊല്ലാൻ ഏർപ്പാടു് ചെയ്തതു് ഈ സേർജിയൂസ് മാർപ്പാപ്പാതന്നെയാണ്. ബൈസൻറയിൻ ലിററർജിയിൽ നിന്നെടുത്തിട്ടുള്ളതാണതു്. "ദൈവത്തിൻെറ കുഞ്ഞാടിനെ വിഭജിക്കുകയും വിഭാഗിക്കുകയും ചെയ്യുന്നു. വിഭജിക്കപ്പെടുന്നുവെങ്കിലും അവിഭക്തമായിരിക്കുന്നു; ഭുജിക്കപ്പെടുന്നുവെങ്കിലും അവിഭോജ്യമായിരിക്കുന്നു'' എന്നു് ബൈസൻറയിൻ രീതിയിൽ ചൊല്ലുന്നു. കൂദാശ ചെയ്ത വി. അപ്പത്തെ കുഞ്ഞാടിനോടു സദൃശ്യപ്പെടുത്തി പറയുന്ന പതിവു് അവർക്കുണ്ടു്.

ദൈവമാതാവിൻെറ തിരുനാൾ ദിവസം കത്തിച്ച ദീപനാളങ്ങളും വഹിച്ചുകൊണ്ടു് പ്രദക്ഷിണം നടത്തുന്ന ഒരു പതിവു് റോമിൽ ആദ്യമായി ആരംഭിച്ചതും ഈ മാപ്പാപ്പയായിരുന്നു. അന്ത്യോഖ്യയിലായിരുന്ന പ്രസ്തുത ചടങ്ങിൻെറ ആവിർഭാവം. അവിടെ നിന്നതു് കോൺസ്റ്റാൻറിനോപ്പിളിൽ പ്രചരിച്ചു. പിന്നെ റോമിലും. മാതാവിൻെറ ശുദ്ധീകരണത്തിരുനാളിൽ മെഴുകുതിരികൾ വാഴ്ത്തി കത്തിക്കുന്ന പതിവു ജറുസലേമിലാണു ആരംഭിച്ചതു്.

## ക്രിസ്തുമസ്

ക്രിസ്തുമസ് ദിവസം ലത്തീൻ റീത്തിൽ മൂന്നു കുർബാന ചൊല്ലുകപതിവുണ്ടു്. മൂന്നാമത്തെ കുർബാനയിലെ 'ഹല്ലേലൂയ്യ' എന്ന ഭാഗം ബൈസൻറയിൻ ലിററർജിയിൽ നിന്നെടുത്തിട്ടുള്ളതാണ്. വി. അഗാത്തയുടേയും സകല വിശുദ്ധരുടേയും തിരുനാളിലെ 'ഇൻത്രോഇത'' ബൈസൻറയിനാണ്.

ക്രിസ്തുമസ് ആഘോഷത്തിൻെറ ആവിർഭാവം പാശ്ചാത്യസഭയിലാണ്. റോമിലാണതിൻെറ തുടക്കം. പൗരസ്ത്യസഭ പിന്നീടതു സ്വീകരിച്ചു. നിഖ്യാസൂനഹദോസ് ക്രോഡീകരിച്ച വിശ്വാസപ്രമാണത്തിൻെറ ഓർമ്മയായിട്ടാണതാരംഭിച്ചതു്. റോമൻ റീത്തിൽ തന്നെ ക്രിസ്തുമസ് ആഘോഷിക്കുന്നതിൽ അനന്തരകാലത്തു പൗരസ്ത്യ ഗീതങ്ങൾ കൂട്ടിച്ചേർക്കപ്പെടുകയുണ്ടായി. 'എപ്പിഫനി' തിരുനാൾ ആദിയിലെ പൗരസ്ത്യമാണ്. പാശ്ചാത്യസഭയ്ക്കു് അജ്ഞാതമായിരുന്നു അതു്. പിന്നീടതു റോം സ്വീകരിച്ചു. ജറുസലേമിൽ ഉയിർപ്പു തിരുനാളിനുള്ള പ്രാധാന്യത്തോടെയാണു 'എപ്പിഫനി' ആചരിച്ചു വന്നതു്. അന്നു ആഘോഷമായ രണ്ടു കുർബാനയുണ്ടായിരുന്നു. ഒന്നു്, ബേതിലഹേമിലെ ബസ്സിലിക്കയിലും മറേറതു്, നമ്മുടെ കർത്താവിൻെറ കബറിടത്തിങ്കലും ഈ ആചാരണത്തെ അനുകരിച്ചുകൊണ്ടു് റോമിൽ ക്രിസ്തുമസ് ദിവസം രണ്ടു കുർബാന ആദ്യം ആരംഭിച്ചു. ഒന്നു്, റോമിലെ സെൻറു് മേരി മേജർ ബസ്സിലിക്കയിലും മറേറതു്, സെൻറു് പീറേറഴ്സിലും രണ്ടാമത്തെ കുർബാനയിൽ, രക്തസാക്ഷിയായ വി. അനസ്താസിയെ അനുസ്മരിക്കാൻ തുടങ്ങിയതു് ഗ്രീക്കു റീത്തിലുള്ളതിൻെറ അനുകരണമായിട്ടാണ്. ചരിത്രപണ്ഡിതനായ ഫാദർ കെന്നഡി അതു സമ്മതിക്കുന്നുണ്ടു്. 590-604 വരെ വാണരുളിയ ഗ്രീഗറി പാപ്പായുടെ കാലത്താണു ക്രിസ്തുമസ്സിനു മൂന്നു കുർബാന ലത്തീൻ റീത്തിൽ അനുവദിച്ചതു്.

## നോമ്പും കഷ്ടാനുഭവാഴ്ചയും

വിശുദ്ധനാട്ടിലേക്കു തീർത്ഥയാത്രപോയ ഒരു സ്പാനിഷ് തീർത്ഥകസംഘം അവിടെ കണ്ടു

മനോഹരവും നാടകീയവുമായ നോമ്പുകാലാചരണങ്ങൾ റോമിൽചെന്നു വിവരിച്ചു കേൾപ്പിക്കുകയുണ്ടായി. അതുപോലെ റോമിലും ആചരണങ്ങൾ വേണമെന്നു അവരെല്ലാം താല്പര്യപ്പെട്ടു. റോമിൽ അതിൻെറ നാടകീയത തികച്ചും പ്രത്യക്ഷമായിരുന്നു. ലാററൺ ബസ്സലിക്കായെ കർത്താവിൻെറ കബറിടമായി അവർ സങ്കല്പിച്ചു. വി. കുരിശിൻെറ പള്ളി, ജറുസലേമായിട്ടും. "മേല്പറഞ്ഞ കാര്യങ്ങളെല്ലാം" കാർഡിനൽഷെപററ്സർ തുടന്നു പറയുന്നു "അപ്പസ്തോലിക സിംഹാസനത്തിൻെറ സാവ്വലൗകികത്വത്തിന് മകുടോദാഹരണമാണ്. സഭയെ സവ്വാത്ഥത്തിലും പേപ്പൽ കോടതിയിൽ നിന്നും വ്യത്യസ്തമായി മനസ്സിലാക്കുന്നതിനും എല്ലാക്കാലത്തും അവ ഉപകരിക്കുന്നു."

ഗ്രിഗറി രണ്ടാമൻെറ കാലം വരെ(715—731) വലിയ നോമ്പു കഴിഞ്ഞു വരുന്ന ആഴ്ചയിൽ ബുധനാഴ്ചയും വെള്ളിയാഴ്ചയും മാത്രമേ റോമിൽ കർബാനയുണ്ടായിരുന്നുള്ളു. ബൈസൻറയിൽ റീത്തിലെ നടപടിയായിരുന്നു അത്. 'വിശുദ്ധ കുരിശിൻെറ പുകഴ്ച' എന്ന തിരുനാൾ കിഴക്കു നിന്നു റോമിനു കിട്ടിയ മററൊരു സംഭാവനയാണ്.. നോമ്പിൻെറ മദ്ധ്യദിവസം അതാചരിക്കപ്പെട്ടുന്നു. ബൈസൻറയിൽ റീത്തിൽ നോമ്പിലെ മൂന്നാം ഞായറാഴ്ച വി. കുരിശിൻെറ ആരാധനയ്ക്കു വേണ്ടി മാററി വച്ചിരിക്കുന്നു. പൂക്കൾ വാഴ്ത്തിയും പ്രദക്ഷിണം നടത്തിയും അന്നാചരിക്കപ്പെട്ടുന്നു. പണ്ട്, മാപ്പാപ്പാ കുറെ റോസാപ്പൂക്കൾ അന്നത്തെ രാജഞിക്കു സമ്മാനിക്കുന്ന ഒരു പതിവുണ്ടായിരുന്നു. ഓശാനപ്പെരുനാളും ദുഃഖവെള്ളിയാഴ്ചയാചരണവും പൗരസ്ത്യ റീത്തുകളിൽ നിന്നാണു റോം സ്വീകരിച്ചതു്. ദുഃഖവെള്ളിയാഴ്ച ലത്തീൻ ക്രമമനുസ്സരിച്ചു ചൊല്ലുന്ന "ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ" എന്ന "ത്രിസാജിയോൻ" ഭാഗത്തിൻെറ സാധുതയെക്കുറിച്ചു അശേഷം ശങ്കക്കു വകയില്ലാത്തവിധം അത്രക്കു വ്യക്തമാണ് ആ സന്ദർഭത്തിൽ. ഉയിർപ്പു തിരുനാളിൽ മെഴുകുതിരി വാഴ്ത്തുന്ന ക്രമം ഗ്രീക്കു റീത്തിലേതാണ്.

## കലാസ്വാധീനം

ഇപ്പോൾ മാപ്പാപ്പാമാർ ധരിക്കുന്ന 'ടിയാറ' (മൂന്നുനിലക്കിരീടം) ആദ്യം ഉപയോഗിച്ചതു് സിറിയാക്കാരനായ കോൺസ്റ്റൻറയിൻ ചക്രവത്തിയായിരുന്നു. പൗരസ്ത്യനായിരുന്ന പോപ്പു സക്കറിയും (741-752) പോപ്പു ഗ്രിഗറിയും (731-741) 'ഇക്കൊണൊക്ലാസ്സിസ' ത്തെ ശക്തിയുക്തം എതിത്തവരും അതിനു ബദലെന്നവണ്ണം റോമൻ ദൈവാലയങ്ങളെ തിരുസ്വരൂപങ്ങൾ കൊണ്ടു് അലങ്കരിച്ചവരുമാണ്. ഗ്രീക്കു ചിത്രകാരന്മാരെ വിളിച്ചു വരുത്തി അവർ അലങ്കാരപ്പണി നടത്തി. ഗ്രീഗറി മാപ്പാപ്പയാണ് വത്തിക്കാൻ ലൈബ്രറി ആരംഭിച്ചതും പുരാതനങ്ങളായ പൗരസ്ത്യ റിക്കാർഡുകൾ അവിടെ ശേഖരിച്ചു വച്ചതും. റാവെന്ന, മൊൺറീൽ, പാർലെമോ തുടങ്ങിയ ബൈസൻറയിൻ കലാസങ്കേതങ്ങളോട്ടകിടപിടിക്കത്തക്കവിധം അവർ റോമിനേ ഉയത്തി. പുരാതനകാലത്തെ പാശ്ചാത്യരായ അനേകം വിശുദ്ധന്മാർ പൗരസ്ത്യകലകളിൽ അതീവ ആകൃഷ്ടരായിരുന്നു. റോമിൽ നിന്നു കണ്ടുകിട്ടിയിട്ടുള്ള ചരിത്രാവശിഷ്ടങ്ങൾ അതിനു പ്രത്യക്ഷതെളിവാണ്. മി. ഹാമിൽററൺ പറയുന്നതു ശ്രദ്ധേയമാണ്: "അക്കാലങ്ങളിൽ റോമിലെ ദൈവാലയങ്ങളും മന്ദിരങ്ങളും ആചാരങ്ങളുമെല്ലാം പൗരസ്ത്യ കലാസംസ്കാരങ്ങളുടെ സമ്മേളനരംഗമായിരുന്നു. പൗരസ്ത്യ കല റോമിൽ വേരുറച്ച ഏഴും എട്ടും നൂററാണ്ടുകൾ ചരിത്രത്തിൻെറ നിണ്ണായകഘട്ടത്തെക്കുറിക്കുന്നു. ഇ ററാ ലി യ ൻ മണ്ണിൽ പറിച്ചു നട്ട ബൈസൻറയിൻ വല്ലരിയായിരുന്നു അന്നു് പാശ്ചാത്യ നഗരിയായ റോമ."

1954-ൽ മരിയൻ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ആയിരം കൊല്ലങ്ങൾക്കുശേഷം അന്നാദ്യമായി ബൈസൻറയിൻ റീത്തിൽ വി. പത്രോസിൻെറ ദൈവാലയത്തിൽ പരിശുദ്ധ കർബാനയർപ്പിക്കപ്പെട്ടു. ഇന്നു റോമിൽ അനേകം പൗരസ്ത്യ ദൈവാലയങ്ങളുണ്ടു്. മിക്കതും കോൺസ്റ്റാൻറിനോപ്പിളിലെ കലാമാതൃകയിലുള്ളവയത്രേ. വി. ജറോമിൻെറ പ്രഖ്യാതവചനങ്ങൾ ഇത്തരുണത്തിൽ അനവർത്ഥമാകുന്നു". റോമ ജറുസലേമാക്കപ്പെട്ടിരിക്കുന്നു; റോമ കോൺസ്റ്റാൻറിനോപ്പിളാക്കപ്പെട്ടിരിക്കുന്നു".

# ആ നല്ല ഇടയൻെറ സ്വരം

(By Robert Mc Afee Brown; Prof. of Religion at Standford, U. S. A)

Protestant observer at the Second Session of Vatican II

ജോൺ മാർപ്പാപ്പയെപ്പററി ഇതിനകം പ്രചരിച്ചുകഴിഞ്ഞിട്ടുള്ള സംഭവകഥകൾ നിരവധിയാണ്. അവയിൽ ചിലതു അതേപടി സത്യവും ചിലതു യാഥാർത്ഥ്യത്തിൻെറ രൂപരേഖ മാത്രമുള്ളതും ചുരുക്കം ചിലതു സംശയാസ്പദവുമാണ്. എന്നാൽ സ്ഥാനാരോഹണം ചെയ്തിട്ടു ഏറെത്താമസിയാതെ ഒരു സംഘം യഹൂദന്മാക്ക് അദ്ദേഹം നൽകിയ രഹസ്യസന്ദർശനം പ്രത്യേകം പ്രാമാണികവും ആരുടെയും ശ്രദ്ധയെ ഹഠാദാകർഷിക്കുന്നതുമാണ്. ആ പ്രതിനിധിസംഘം മുറിയിൽ പ്രവേശിച്ച മാത്രയിൽ അവർ തൻെറ അടുക്കലേക്കു വരുന്നതിന് കാത്തുനിൽക്കാതെ മാർപ്പാപ്പ തൻെറ കസേരയിൽ നിന്ന് ചാടിയെണീററു് രണ്ടു കൈകളും വിരിച്ചു അവരുടെ ഇടയിലേക്കിറങ്ങിച്ചെന്നിട്ടു, താൻ മാമോദീസായിൽ സ്വീകരിച്ച വെറും ക്രിസ്തീയനാമമുപയോഗിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ നിങ്ങളുടെ സഹോദരൻ ജോസഫാണ്"

ജോൺ മാർപ്പാപ്പ അകത്തോലിക്കാലോകത്തിൻെറ മേൽ ചെലുത്തിയ സ്വാധീനത്തിന് ഒരുത്തമദൃഷ്ടാന്തമാണിതു്. റോമൻകത്തോലിക്കാസഭയിൽ നിന്ന് തങ്ങൾ അത്രമാത്രം വ്യതിരിക്തരാണെന്ന അവബോധം അകത്തോലിക്കർക്കുണ്ടാകുമാറു് പാപ്പാധിപത്യം അതിരേററതായ പരിധിയിൽ മാത്രം ഒതുങ്ങിക്കഴിയുകയായിരുന്നു, കഴിഞ്ഞകാലങ്ങളിൽ. ആധുനികകാലത്തു പാപ്പാസിംഹാസനം അലങ്കരിച്ചിരുന്നവർക്ക് മറെറന്തെല്ലാം സവിശേഷതകളുണ്ടായിരുന്നുവെന്നാൽതന്നെയും ഇതര ക്രിസ്തീയവിഭാഗങ്ങൾക്ക് സ്വകാര്യസമീപനത്തിനുള്ള പ്രചോദനം അവർ നൽകിരുന്നില്ലാ എന്നുള്ളതായിരിക്കാം ഇതിനുള്ള കാരണം. ഇക്കഴിഞ്ഞ ചുരുങ്ങിയ അഞ്ചുകൊല്ലക്കാലയളവിൽ മററു ക്രിസ്തീയവിഭാഗങ്ങളും കത്തോലിക്കാസഭയുമായി നൂററാണ്ടുകളോളം നിലനിന്നുപോന്നിരുന്ന വിടവിൻെറയും വിരോധത്തിൻെറയും പ്രതിച്ഛായ ഏറെക്കുറെ തുത്തുമാററാൻ ജോൺ മാർപ്പാപ്പാക്കു കഴിഞ്ഞുവെന്നുള്ളതു് ആക്കും മുൻകൂട്ടി നിരൂപിക്കാൻ കഴിയാതിരുന്ന ഒരു ചരിത്രവസ്തുതയാണ്. ഒരു പാപ്പായുടെ ദേഹവിയോഗം അകത്തോലിക്കർക്ക് ഇതുപോലെ മുമ്പൊരിക്കലും ഉള്ളിൽ തട്ടിയതായി അനുഭവപ്പെട്ടിട്ടില്ല. എന്നാൽ ജോൺ മാർപ്പാപ്പയുടെ മരണം 'ഞങ്ങളുടെ സഹോദരൻ ജോസഫി'ൻെറ മരണമായിരുന്നു. ആ നഷ്ടം ഞങ്ങളുടെ കുടുംബത്തിലെ ഒരംഗത്തിൻെറ നഷ്ടമായി അനുഭവപ്പെട്ടു.

ഞങ്ങളുടെ ആ സഹോദരൻ, ചൈതന്യമുററ മനുഷ്യസ്നേഹി, ഗ്വസ്സീപ്പെ റൊങ്കാളി ആയിരുന്നുവെന്നല്ലാ, റോമൻ കത്തോലിക്കാസഭയുടെ സർവ്വാധിപതിയായിരുന്നുവെന്നതാണ് പ്രധാന കാര്യം. പരിശുദ്ധവും ആധികാരികവുമായ പഴയ സഭാകുടുംബത്തിൻെറ നിഷ്കപടതയോട് താരതമ്യപ്പെടുത്തുമ്പോൾ 'തിരുസഭ'യുടെ പ്രൗഢി വളരെയധികം ഇരുണ്ടുപോയതായി ഞങ്ങൾക്കു തോന്നിയിട്ടുള്ള കാലഘട്ടങ്ങൾ സഭാചരിത്രത്തിലുണ്ടായിട്ടുണ്ടു്. 'ദൈവദാസരുടെ ദാസ'നെന്ന പേരിനർഹനാകേണ്ട പാപ്പാ

---

പാശ്ചാത്യ ക്രൈസ്തവലോകത്തിൻെറ ഹൃദയം മാത്രമല്ല റോമിന്. കലാപരമായും ആരാധനക്രമപരമായും കിഴക്കിനെയും പടിഞ്ഞാറിനെയും കൂട്ടിയോജിപ്പിക്കുന്ന കേന്ദ്രസ്ഥാനമാണു റോം. പരിശുദ്ധ യോഹന്നാൻ മാർപ്പാപ്പാ ബൈസൻറയിൻ റീത്തിൽ കുർബാന ചൊല്ലുകയും ആ റീത്തനുസ്സരിച്ചു ഒരു മെത്രാനെ വാഴിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പൗരസ്ത്യ- പാശ്ചാത്യ യോജിപ്പിൻെറ പ്രത്യക്ഷമായമൂർത്തീഭാവമായിത്തീന്നു.

* ഫാദർ അല്ലെൻ മല്യഫ്, M. A, "The Homiltic and Pastoral Review" എന്ന അമേരിക്കൻ മാസികയിൽ എഴുതിയിരുന്ന ഒരു ലേഖനത്തോട്ടു കടപ്പാട്.

യെ പലപ്പോഴും അത്രതന്നെ തെളിവായി കാണാൻ കഴിഞ്ഞിട്ടില്ലെന്നുതന്നെയല്ലാ, ചില പാപ്പാമാർ ദൈവികസൗമനസ്യത്തിനു പകരം മാനുഷികനയതന്ത്രജ്ഞതയുടെ മായാത്ത പ്രതിബിംബമാണു് ഞങ്ങളിൽ നിഴലിപ്പിച്ചിട്ടുള്ളതു്. ജോൺപാപ്പായെ അകത്തോലിക്കാലോകത്തിനു് ഇത്രമാത്രം പ്രിയപ്പെട്ടവനാക്കിത്തീർക്കാൻ ഇടയാക്കിയ സരളവും സർവ്വാദരണീയവുമായ മാനുഷികസവിശേഷതകൾ സ്പഷ്ടമായി പ്രദ്യോതിപ്പിക്കുവാൻപോരുന്ന മറെറാരു അഭിമുഖസംഭാഷണവും സ്ഥാനം ഏറെറടുത്തധികം കഴിയുന്നതിനുമുമ്പുണ്ടായി. കത്തോലിക്കരുടെ ഒരു സമൂഹം അദ്ദേഹത്തെ കാണാൻ ചെന്നു. അവർ അദ്ദേഹത്തെ കണ്ടമാത്രയിൽ മുമ്പിൽ മുട്ടുമടക്കി നിലകൊണ്ടു. അദ്ദേഹം ഉടനെ അവരോടു് എഴുന്നേല്ക്കാൻ ആവശ്യപ്പെട്ടു. അവരാകട്ടെ, വിനയപൂർവ്വം അതേപടി മുട്ടിന്മേൽതന്നെ നിന്നു. അവരിൽ ഒരുവൻ പറഞ്ഞു: 'അവിടുന്നു ക്രിസ്തുവിൻെറ പ്രതിനിധിയാണു്'. അതിനു് ജോൺ മാർപ്പാപ്പ പ്രതിവചിച്ചതു ഇങ്ങനെയാണു്: "ക്രിസ്തുവിൻെറ പ്രതിനിധിയുടെ മുന്നിൽ നിങ്ങൾ മുട്ടിന്മേൽ നില്ക്കണമെന്നില്ല. ആ ക്രിസ്തുവിൻെറ മുന്നിൽ തന്നെ മതി".

നൂററാണ്ടുകൾ പിന്നിട്ടുപോന്ന പാപ്പാധികാരചരിത്രം ഒന്നുററുനോക്കിക്കൊണ്ടു പ്രോട്ടസ്റ്റൻറു വേദശാസ്ത്രപണ്ഡിതനായ കാൾബാത്തു് മുമ്പൊരിക്കൽ പറഞ്ഞു, 'പത്രോസിൻെറ അധികാരപീഠത്തിൽനിന്നു് നല്ല ഇടയൻെറ സ്വരം എനിക്കു കേൾക്കാൻ കഴിയുന്നില്ല' എന്നു്. ഇന്നാകട്ടെ ആ അഭിപ്രായത്തിൻെറ പ്രാബല്യം കാലഹരണപ്പെട്ടതായിത്തോന്നുന്നു. അതേ കാൾബാത്തു്തന്നെയാണു് ആ വസ്തുത ആദ്യമായി ഏററുപറഞ്ഞതും. കാരണം 23-ാം യോഹന്നാൻ പാപ്പായുടെ അധികാരലബ്ധിയിൽ നല്ല ഇടയൻെറ സ്വരം നമ്മൾ കേട്ടുകഴിഞ്ഞു; ആ വിളി തൊഴുത്തിനുള്ളിലുള്ളവരെത്തേടിമാത്രമായിരുന്നില്ല, പ്രത്യുത പുറമെയുള്ളവരെക്കൂടി അന്വേഷിച്ചുകൊണ്ടുള്ളതുമായിരുന്നു.

കത്തോലിക്കാസഭക്കു് പുറമെയുള്ള ക്രിസ്തീയഗണങ്ങളെ ഒന്നിപ്പിക്കുവാൻ സഭയുടെ ഭാഗത്തുനിന്നു് ഇന്നുണ്ടായിട്ടുള്ള ചലനം ജോൺ മാർപ്പാപ്പയുടെ കർത്തൃത്വത്തിലാണു് രൂപംകൊണ്ടതെങ്കിലും പുനരൈക്യത്തിനുള്ള പ്രാരംഭ ഉത്തരവാദിത്വം അദ്ദേഹത്തിൽ മാത്രം അവരോധിക്കുന്നതു് അത്രതന്നെ ശരിയായിരിക്കുകയില്ല. എന്നാൽ അദ്ദേഹം നിർവ്വഹിച്ച കൃത്യമുണ്ടല്ലോ, കത്തോലിക്കാസഭയുടെ അകത്തുനിന്നുതന്നെ ഇതിനകം ഉയർന്നുവന്ന പുനരൈക്യപ്രസ്ഥാനത്തിനുള്ള അടങ്ങാത്ത ആവേശത്തെ കൈതൊട്ടനുഗ്രഹിച്ചതു്, ഒരു നിസ്സാരകാര്യമായിരുന്നില്ല. ഒന്നിക്കുവാനുള്ള ആവേശത്തിനു് പിൻബലവും പ്രോത്സാഹനവും കിട്ടിക്കഴിഞ്ഞപ്പോൾ അതുവരെ ഒന്നിപ്പിനെ സ്വാഗതംചെയ്യാൻ കൊതിപൂണ്ടിരുന്ന കത്തോലിക്കർക്കു് മനസ്സിലായി തങ്ങളുടെ അഭിലാഷത്തിനൊത്തു് 'അങ്ങായിക്കൊള്ളട്ടെ' എന്നുവെച്ചുള്ള വെറും സ്വരം കേൾപ്പിക്കുകയല്ലാ സഭയെന്നും പുനരൈക്യശ്രമത്തെ കത്തോലിക്കാസഭയുടെ ജീവനും സ്ഥായിയുമായി യഥാർത്ഥത്തിൽ ഉറപ്പിച്ചു പറയാൻ പരിശുദ്ധപിതാവു ആഗ്രഹിക്കുന്നുണ്ടെന്നും. അതിലേക്കായി രൂപീകൃതമായ 'ക്രിസ്തീയപുനരൈക്യത്തിനുവേണ്ടിയുള്ള സെക്രട്ടേറിയറു്' സഭയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു സ്ഥിരം ഘടകമെന്ന നിലയിൽ ഒരു പക്ഷേ രണ്ടാം വത്തിക്കാൻ സുന്നഹദോസിനു് ചെയ്യാൻ കഴിയുന്നതുതന്നെ മികച്ച—ഒരുവേള ഏററവും മികച്ച—ഒരു നേട്ടമായി നിലകൊള്ളുന്നു. കാരണം, ഫാദർ ജെറോം ഹാമർ ഓ. പി. പുനരൈക്യപ്രസ്ഥാനത്തിൽ അഭിരുചിയുള്ള അനേകം കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരെ പ്രതിനിധാനംചെയ്തുകൊണ്ടു ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ "പുതിയ പുനരൈക്യകാര്യാലയം സ്ഥാപിതമായതോടുകൂടി നമുക്കു പുനരൈക്യത്തിനുള്ള ഒരു രൂപം കൈവന്നിരിക്കുന്നു. ഇപ്പോൾ നാം ചെയ്യുന്ന പ്രസ്താവനകൾ നമുക്കുവേണ്ടിത്തന്നെയല്ലാ നാം ചെയ്യുന്നതു്, സഭയ്ക്കുവേണ്ടിയും സഭയിൽക്കൂടിയുമാണു് എന്നുള്ള ബോധം നമുക്കുണ്ടായിട്ടുണ്ടു്."

മേൽപ്പറഞ്ഞ ഘടകം പ്രാധാന്യമർഹിക്കുന്നതാണു്. എന്നാൽ അതിൻെറ സ്ഥാപനത്തിനാ

യി പ്രേരിപ്പിച്ച മനസ്സുണ്ടല്ലോ അതിനേക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നില്ലെങ്കിൽ അത്രത്തോളമെങ്കിലും പ്രാധാന്യമർഹിക്കുന്നുണ്ടു്. കത്തോലിക്കാസഭയുടെ ദൃശ്യവലയത്തിനു് പുറത്തുള്ള ഞങ്ങളെപ്പോലെയുള്ളവരെ സൂചിപ്പിക്കാൻ ജോൺ മാർപ്പാപ്പ ആദ്യമായി ഉപയോഗിച്ച പ്രയോഗമല്ല 'വേർപെട്ടുനില്ക്കുന്ന സഹോദരങ്ങൾ' എന്നതു്. എന്നാൽ ആ പ്രയോഗത്തിനു് സഭാ വലയത്തിനുള്ളിൽ പ്രചാരം നല്കിയതു് അദ്ദേഹമായിരുന്നു. പക്ഷേ, അദ്ദേഹം അതിലെ വിശേഷണത്തേക്കാൾ മുൻഗണന നല്കിയതു് 'സഹോദരങ്ങൾ' എന്ന നാമത്തിനാണു്. എന്നുവെച്ചാൽ ആദ്യമേ ഞങ്ങളെ സഹോദരങ്ങളായും പിന്നീടു്, അതും വേദനയോടുകൂടിമാത്രം, 'വേർപെട്ടുനിൽക്കുന്നവരായും' കാണുവാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. ഇത്തരത്തിലുള്ള ഒരു വ്യതിയാനം കത്തോലിക്കാ ചിന്താഗതിയിൽ ഏറെനാളായി തിരസ്കൃതമായ ഒരു യാഥാർത്ഥ്യത്തിന്റെ ഉദ്ദീപനമായിരുന്നു; മാമോദീസാ സ്വീകരിച്ചിട്ടുള്ള ഏതൊരു ക്രിസ്തീയ സഭാംഗവും ഒരുവിധത്തിൽ, ആ മാമോദീസായുടെതന്നെ ന്യായത്താൽ, സഭയാകുന്ന ക്രിസ്തുവിന്റെ മൗതികശരീരവുമായി ഐക്യപ്പെട്ടുകഴിഞ്ഞു എന്ന ബോധം. ആ ബോധം തീർച്ചയായും പുനരൈക്യപ്രസ്ഥാനത്തിൽ വന്നുകൂടിയിട്ടുള്ള എല്ലാ വിഷമപ്രശ്നങ്ങൾക്കും പോംവഴിയരുളുന്നില്ലെന്നു് സമ്മതിക്കുന്നു. എന്നാലും സഹോദരർ എന്ന ആ പ്രയോഗത്താലുള്ള പരിഗണന വെറും നയതന്ത്രപരമായി വശത്താക്കലല്ല, ദൈവശാസ്ത്രപരമായി ശരിയായ അംഗീകരണമാണു്.

'അജ്ജിയോർണമെന്തോ' (Aggiornamento)—സഭയെ അധുനാധുനമാക്കാൻ—എന്ന സുന്നഹദോസിന്റെ ഉദ്ദേശപ്രഖ്യാപനം വഴി ജോൺ മാർപ്പാപ്പ പ്രകടിപ്പിച്ച പ്രത്യേക ഔത്സുക്യത്തിൽ മററുള്ളവരെ അണിനിരത്താനും അവരെ നയിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവു് പ്രസ്പഷ്ടമായിട്ടുണ്ടു്. ദുഃഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മത്തിൽ നിന്നു് 'ദുഷ്ടയഹൂദർ' എന്നു് സാധാരണ ഭാഷാന്തരംചെയ്യാറുള്ള പ്രയോഗം നീക്കംചെയ്യാൻ ആവശ്യപ്പെട്ടതു് ഒരു നിസ്സാര കാര്യമായിരിക്കാം. എന്നാലും ഇത്തരം നിസ്സാര സംഗതികൾ മററു വിഭാഗങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ അദ്ദേഹത്തിനുള്ള വൈമനസ്യവും കഴിഞ്ഞകാലത്തെ പരസ്പരവിദ്വേഷത്തിൽനിന്നു് അകന്നു് അകത്തോലിക്കരുമായി പുതിയ സുഹൃൽബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും സുതരാം വ്യക്തമാക്കുന്നുണ്ടു്. ഇത്തരത്തിലുള്ള അനേകം സംഗതികൾ ഭാവിയിലെ കത്തോലിക്കാസഭയുടെ വീക്ഷണത്തെയാണു് സൂചിപ്പിക്കുക. കഴിഞ്ഞ നൂററാണ്ടുകളിൽ ക്രമേണ പറഞ്ഞുവെച്ചിട്ടുള്ള നടപടിക്രമങ്ങൾ ഇന്നു പൊതു ചർച്ചയ്ക്കു് എടുക്കാമെന്ന നിലയായിട്ടുണ്ടു്. അതിന്റെ ഫലമെന്നോണം റോമൻകത്തോലിസിസത്തിന്റെ പഴയ മുഴുസ്വരൂപം ഇന്നു പരുവപ്പെട്ടുകൊണ്ടിരിക്കയാണു്. ആധുനിക റോമൻകത്തോലിക്കാപ്രപഞ്ചത്തിൽ പരിവർത്തനത്തിന്റെ ഒരു കൊടുങ്കാററു് ആഞ്ഞടിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ പരമാർത്ഥം ഏററുപറയാൻ ഒരു കത്തോലിക്കനും ഉൽക്കണ്ഠാകുലനാകേണ്ടതില്ല; കാരണം ആ കൊടുങ്കാററു് സ്പഷ്ടമായും പരിശുദ്ധാരൂപിയുടെ നിവേശമാണു്.

ജോൺ മാർപ്പാപ്പയുടെ സ്ഥാനാരോഹണം മുതൽ തികച്ചും പരിശുദ്ധാരൂപിയുടെ നിവേശനമുണ്ടായിരുന്നുവെന്നു് ആർക്കും ഗ്രഹിക്കാൻ കഴിയും. ഞാൻ ഇതിനകം പലപ്പോഴും ഒരുമാതിരി ഹാസ്യരൂപേണ പറഞ്ഞിട്ടുള്ള വസ്തുതയാണു്, പരിശുദ്ധാരൂപിയുടെ സന്നിധാനത്തിനുള്ള മികച്ച തെളിവുകളിലൊന്നു് ജോൺ മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പിൽ ആദ്യംമുതൽ കണ്ട തികച്ചും അപ്രതീക്ഷിതമായ ഒരു പോക്കാണെന്നു്. കർദ്ദിനാളന്മാർക്കു് അവരുടെ മാനുഷികബുദ്ധി വെച്ചു നോക്കിയാൻ തീർച്ചയായും 1958 വരെ ഏതുതരത്തിലുള്ള ഒരു പാപ്പായെയാണു് തിരഞ്ഞെടുക്കാനിരിക്കുകയെന്നു് കാര്യമായ വിവരമൊന്നുമുണ്ടായിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ ജോസഫ് റൊങ്കാളിക്കു പകരം മററാരെയെങ്കിലും അനുകൂലിക്കാൻപോരുന്ന മനസ്ഥിതിയുള്ള കുറെപേർപോലും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്നിട്ടും പരിശുദ്ധാരൂപി പലപ്പോഴും പ്രവർത്തിക്കുന്നതുപോലെ മനുഷ്യ

രുടെ ചിന്താമണ്ഡലത്തിൽ കടന്നുചെന്ന് ധാരണയിൽ കൃത്രിമം കാണിക്കുന്നതിനു പകരം മനുഷ്യർ അവരുടെ മനോധർമ്മംപോലെ പ്രവർത്തിക്കുന്നതിനെത്തന്നെ ഉപകരണമാക്കിക്കൊണ്ട് പ്രവർത്തിക്കുക എന്നതു് ജോസഫ് റൊങ്കാളിയുടെ തിരഞ്ഞെടുപ്പിലും പ്രാവർത്തികമാക്കാൻ പരിശുദ്ധാരൂപിക്ക് കഴിഞ്ഞിട്ടുണ്ട്. ആ വിധത്തിൽ അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പുകഴിഞ്ഞിങ്ങോട്ടുള്ള വർഷങ്ങളിലേക്കു ഞാനൊന്നു് തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പ് പരിശുദ്ധാരൂപിയുടെ സാന്നിദ്ധ്യത്തെ തെളിയിക്കുന്ന ഒരു വസ്തുതയായി വീണ്ടും ഊന്നിപ്പറയുവാൻ തോന്നിപ്പോകുന്നു. എന്നാൽ ഇനിയൊരിക്കലും ആ വസ്തുത ഹാസ്യരൂപേണ ഞാൻ പ്രതിപാദിക്കുകയില്ല.

ഇക്കാര്യം, പ്രതീക്ഷയും അനന്തരഫലവും തമ്മിലുണ്ടായ അസാംഗത്യം, ജോൺ മാർപ്പാപ്പാ തിരഞ്ഞെടുക്കപ്പെട്ടതു് തല്ക്കാലത്തെ ഒരു മുട്ടുശാന്തിപാപ്പാ എന്ന നിലയ്ക്കാണെന്ന് അല്ലെങ്കിൽ സഭ അവളുടെ ഭാവി ക്രമപാലനം ഏതുതരത്തിലായിരിക്കണമെന്ന് കുറെക്കൂടി വ്യക്തമായി തീരുമാനിക്കുന്നതുവരെ കുറച്ചു കൊല്ലത്തേയ്ക്കു് കാവൽഭരണഭാരം ഏറെറടുക്കുന്ന ഒരിടക്കാല പാപ്പായായിട്ടാണെന്ന് അന്നങ്ങനെ വിചാരിച്ചിരുന്നവർതന്നെ പിന്നീടു വ്യക്തമാക്കിയിട്ടുണ്ട്. 'ഒരിടക്കാല പാപ്പായോ'? തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോഴുണ്ടായ പ്രതികരണം അത്രമാത്രമായിരുന്നു. അദ്ദേഹമാകട്ടെ നാലുകൊല്ലത്തിനുള്ളിൽ അനുഷ്ഠിച്ചതു് യാതൊരാളും നാലു നൂററാണ്ടുകളിൽ ചെയ്തിട്ടുള്ളതിൽ കവിഞ്ഞ പ്രവർത്തനമായിരുന്നു.

മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ച നിഗൂഢവസ്തുതകൾ ചരിത്രകാരന്മാർക്ക് വേണ്ടവിധം വിലയിരുത്തുന്നതിനു് കഴിഞ്ഞില്ലെങ്കിലും സഭാകാര്യങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ച അസാമാന്യവൈദഗ്ദ്ധ്യം ചരിത്രവസ്തുതകളായി രേഖപ്പെടുത്തപ്പെടും. എന്നാൽ ജോൺ മാർപ്പാപ്പയെ സ്മരിക്കത്തക്ക ഏതാനും സ്പഷ്ടമായ സംഭവങ്ങളുള്ളതിൽ രണ്ടുമൂന്നെണ്ണം പ്രത്യേകം ശ്രദ്ധാർഹമാണ്. ഒന്നു്, സഭ സ്വയം നിഷ്കൃഷ്ടമായ ഒരു പരിശോധനക്ക് വിധേയമാക്കുവാൻ കാണിച്ച താല്പര്യം—അതിനൊരു കൗൺസിൽ വിളിച്ചുകൂട്ടുവാൻ ഒരുമ്പെട്ടതു്. മററു രണ്ടും, 'മാതാവും ഗുരുനാഥയും', 'ഭൂമിയിൽ സമാധാനം' എന്നീ രണ്ടു വിശ്വലേഖനങ്ങളുമാണ്. ഇവയിൽ ആദ്യലേഖനം സാമൂഹ്യമണ്ഡലത്തിൽ 'റേരും നൊവാരും', 'ക്വാദ്രജേസിമോ ആന്നോ' എന്നീ ലേഖനങ്ങളുടെതന്നെ ആധുനികമായ ഒരുറച്ച ഉത്ബോധനവും നവീകരണമനഃസ്ഥിതിക്കൊരുദാഹരണവുംകൂടിയായിരുന്നു. ലോകസമാധാനത്തെപ്പററി പ്രതിപാദിക്കുന്ന രണ്ടാമത്തെ ലേഖനമാകട്ടെ, കത്തോലിക്കരെ മാത്രമല്ല, 'സന്മനസ്സുള്ള എല്ലാ ജനങ്ങളെയും' അഭിസംബോധനചെയ്തുകൊണ്ടു് ഇറക്കിയ ആദ്യത്തെ വിശ്വലേഖനമെന്ന സവിശേഷതകൂടിയുള്ളതും മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളെയും സമീപിക്കുവാനുള്ള ജോൺ മാർപ്പാപ്പയുടെ അതീവതാല്പര്യത്തിൻെറ മകുടോദാഹരണവുമായി നിലകൊള്ളുന്നു.

സഭയുടെ നാളിതുവരെയുള്ള അനുഭവജ്ഞാനത്തിൽ ഉറച്ചുനില്ക്കാനും അതേസമയം നവീകരണത്തോട് എല്ലാക്കാലത്തും ക്രൈസ്തവലോകം പ്രദർശിപ്പിക്കാറുള്ള വൈമുഖ്യം ഉപേക്ഷിച്ചുകൊണ്ടു്, എന്നാൽ സഭയുടെ തനതുകൃത്യമായി കരുതപ്പെടുന്ന നവീകരണശ്രമത്തിൽ ഏർപ്പെടാനും അങ്ങനെ കഴിയുന്നത്ര സഭയിൽ നിന്നു് പിരിഞ്ഞുനില്ക്കുന്ന സഹോദരങ്ങളുമായി അടുക്കുവാനും ജോൺ മാർപ്പാപ്പാ കത്തോലിക്കാസഭയ്ക്കു നിർദ്ദേശം നൽകി. ആകയാൽ ജോൺ മാർപ്പാപ്പായുടെ അനുഗാമിയുടെ കീഴിൽ രണ്ടാം വത്തിക്കാൻ സൂനഹദോസു സമ്മേളിക്കുന്ന അവസരത്തിൽ കത്തോലിക്കരുടെയും അകത്തോലിക്കരുടെയും പ്രാർത്ഥന ഒരുപോലെ സൂനഹദോസിൻെറ ആദ്യസമ്മേളനത്തിൽ പ്രകടിതമായിക്കണ്ട ജോൺ പാപ്പായുടെ ആഗ്രഹം സാഫല്യമായിക്കാണുന്നതിനായിരിക്കട്ടെ. അദ്ദേഹം ആരംഭിച്ചതു് അദ്ദേഹത്തിൻെറ സഹപ്രവർത്തകരായ വൈദികമേലദ്ധ്യക്ഷന്മാരാൽ പൂർത്തിയാക്കപ്പെട്ടു എന്നതായിരിക്കും അദ്ദേഹത്തിനേക്ക് സഭയ്ക്കു കാണിക്കാവുന്ന ഏററം മഹത്തരമായ ബഹുമാനത്തിൻെറ അടയാളം.

# 'ശ്ലോമോ ലകുലക്കുൻ'

[നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.]

**ഫാദർ ഡി. സക്കറിയാ**

വിശുദ്ധ കുർബാനസമയത്ത് നാം പലവുരു കേൾക്കുന്ന ഒരു ആശംസയാണ് 'ശ്ലോമോ ലകുലക്കുൻ, "നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ"യെന്നത്. മലങ്കര ആരാധനക്രമത്തിൽ മാത്രമല്ല, മറ്റു ആരാധനക്രമങ്ങളിലും പട്ടക്കാരൻ ഇതേ ആശംസ ആവർത്തിച്ചു പറയുന്നുണ്ട്. വളരെ അർത്ഥവത്തായ ഒന്നാണിത്; അതാണല്ലോ വീണ്ടും, വീണ്ടും ആവർത്തിച്ചു പറയാൻ കാരണം. വിശുദ്ധ കുർബാനസമയത്ത് മാത്രമല്ല സാധാരണ സംഭാഷണത്തിലും വ്യാപകമായ സ്വീകരണം ഈ ആശംസയ്ക്ക് ലഭിച്ചിട്ടുണ്ട്. പരിചയമുള്ളവരെ കാണുമ്പോൾ നാം പറയാറില്ലേ 'സലാം ഉണ്ട്' എന്ന്. പക്ഷേ നാം ചിന്തിച്ചുകാണുകയില്ല സലാം, ശ്ലോമോയുടെ ഒരു വകഭേദമാണെന്നും അതിലൂടെ ഒരു സമാധാനാശംസയാണ് നടത്തുന്നതെന്നും. അതുപോലെ മുഹമ്മദീയർ പരസ്പരം കണ്ടുമുട്ടുമ്പോൾ പറയുന്നു, സലാമിലേക്ക് എന്ന്. നിനക്കു സമാധാനമെന്ന് അർത്ഥമുള്ള ശ്ലോംലോക് എന്ന സുറിയാനി പ്രയോഗത്തിന്റെ അറബി രൂപം മാത്രമാണിത്. സെമിറ്റിക്ക് വർഗ്ഗക്കാരുടെയിടയിലാണ് ഈ ആശംസയുടെ ഉത്ഭവം. രണ്ടു പേർ തമ്മിൽ കൂടിക്കാണുമ്പോൾ സമാധാനം ആശംസിക്കുന്നതിൽപ്പരം അർത്ഥവത്തായി മറ്റെന്താണുള്ളത്?

ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകമറിയത്തെ അഭിസംബോധന ചെയ്തതും ഈ വിധത്തിലാണ്; സമാധാനം നിന്നോടുകൂടെയെന്ന അർത്ഥമുള്ള ശ്ലോംലോക് എന്ന സംബോധനയോടെ യഹൂദാചാരപ്രകാരമാണ് ദൂതൻ അങ്ങനെ ചെയ്തത്. പക്ഷേ അതോടെ ആ ആശംസയ്ക്ക് ഒരു പുതിയ അർത്ഥവും രൂപവും ലഭിച്ചു. ദൈവം പരിശുദ്ധ കന്യകയ്ക്കു നൽകിയ എല്ലാ നൽവരവും, പ്രത്യേകിച്ച് ദൈവമാതൃത്വമെന്ന മഹാഭാഗ്യം—ആ പദത്തിൽ അടങ്ങിയിട്ടുണ്ട്. ദൈവത്തിന്റെ കൃപ ഇറങ്ങിവന്ന പരിശുദ്ധകന്യകയിൽ സമാധാനത്തിന്റെ ഒരു അവസ്ഥ സൃഷ്ടിച്ചു. അതായത് ക്രിസ്തുവിലൂടെ ഒരു പുതിയ സമാധാനം അന്നു മുതൽ മനുഷ്യന് അനുഭവവേദ്യമായി

---

ഞങ്ങളുടെ റോമൻകത്തോലിക്കാസഹോദരങ്ങളോടൊപ്പം അകത്തോലിക്കരായ ഞങ്ങളും അനുശോചിക്കുന്നു. കാരണം ആ വിയോഗം ഞങ്ങൾക്കും സന്താപഹേതുകമാണ്. അദ്ദേഹത്തിന്റെ ഹ്രസ്വമായ ഭരണകാലത്ത് തുറന്നുവിട്ടതും ഇനിയങ്ങോട്ടുള്ള സഭയുടെ പ്രവർത്തനത്തിലേക്ക് അദ്ദേഹം ഒരുക്കിനിവർത്തിയതുമായ ആ ഉത്തേജക ചൈതന്യം അംഗീകരിക്കപ്പെടുമ്പോൾ മാത്രമേ ആ ദുഃഖം ലഘൂകരിക്കപ്പെടുകയുള്ളൂ. അങ്ങനെ ദൈവത്തിന്റെ ഒരുപകരണമായിരുന്ന ആ മനുഷ്യൻ ചെലുത്തിയ സ്വാധീനവും പ്രചോദനവും ആഴ്ചകളും മാസങ്ങളും വർഷങ്ങളും നൂറ്റാണ്ടുകളും പിന്നിട്ടുകൊണ്ട് വാഴ്ച നടത്തുമ്പോൾ അദ്ദേഹത്തിന്റെ പൂജ്യനാമം ബഹുമാനപുരസ്സരം അനുസ്മരിക്കപ്പെടുകയും എന്നാളും സ്നേഹപൂർവ്വം ഉരുവിടുകയും ചെയ്യും.

(വി.വ: ജെ. എൽ. എം.)


**For favours received**



**Inserted by**
JACOB CHARLES
Melavila Veedu,
Manninthala.

ത്തുടങ്ങി. അതേ സമാധാനമാണു് വിശ്വാസികളായ നാമോരോരുത്തരും വിശുദ്ധ കുർബാനയിൽ ആശംസിക്കപ്പെടുന്നതും നാമോരോരുത്തരും ക്രിസ്തീയ ജീവിതത്തിൽ അനുഭവിക്കുന്നതും.

## ക്രിസ്തുവിൻെറ സമാധാനം

'അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതി ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം' എന്നു് ദൈവദൂതന്മാർ ക്രിസ്തുവിൻെറ ജനനത്തിൽ പാടി, ക്രിസ്തു സമാധാനസംവാഹകനാണെന്നു് ലോകത്തെ അറിയിക്കുവാൻ. പിന്നീടു് ആ സമാധാനാശംസ ക്രിസ്തുവിൻെറ അധരങ്ങളിൽ നിന്നുതന്നെ പുറപ്പെട്ടു അവിടുത്തെ ഉയിർത്തെഴുന്നേല്പിനുശേഷം. ആ ആശംസ അതോടെ ഏററം അർത്ഥവത്താകുകയും ചെയ്തു. ഉയിർത്തെഴുന്നേററ ക്രിസ്തുവാണു് തൻെറ മൗതികശരീരമായ സഭയോടു് താദാത്മ്യപ്പെടുന്നതു്; വിശുദ്ധ കുർബാനാനുഭവം വഴിയായി ഓരോ വിശ്വാസിയും ഒന്നിക്കുന്നതും അതേ ക്രിസ്തുവിനോടാണു്. അങ്ങനെ ക്രിസ്തുവിൻെറ അത്ഭുതകരമായ ദ്വിവിധസാന്നിധ്യം നമ്മോടുകൂടിയുണ്ടു്. ഈ സാന്നിധ്യത്തിൻെറ വെളിച്ചത്തിൽ 'സമാധാനം നിങ്ങളോടുകൂടെ' എന്ന വിശുദ്ധാശംസ കൂടുതൽ അർത്ഥമുള്ളതാകുന്നുണ്ടല്ലോ.

ലത്തീൻ ആരാധനക്രമത്തിൽ ഈ ആശംസ 'ദോമിനൂസ് വൊബീസ്കും' (കർത്താവു് നിങ്ങളോടുകൂടെ) എന്നാണു്. അതായതു് ക്രിസ്തുവാണു് നമ്മുടെ സമാധാനം. എങ്ങിനെയാണു് ക്രിസ്തു നമ്മുടെ സമാധാനമാകുക? അതു് അറിയുവാൻ സമാധാനം എന്തെന്നു തന്നെ നമുക്കു് വിശകലനംചെയ്തു നോക്കാം.

മനുഷ്യർ തമ്മിലുള്ള പ്രവർത്തനൈക്യത്തിലെ സുന്ദരമായ ക്രമമെന്നു് സമാധാനത്തെ നമുക്കു് നിർവചിക്കാം. എന്നാൽ മനുഷ്യർ തമ്മിൽ എങ്ങനെയാണു് പ്രവർത്തനൈക്യമുണ്ടാവുക, എന്താണു സുന്ദരമായ ക്രമത്തിൽ മനുഷ്യരെ ഒന്നിപ്പിക്കുന്ന ഘടകം? രാഷ്ട്രങ്ങളും നിയമങ്ങളുമല്ലെന്നതു് വ്യക്തമാണു്. അവയൊന്നും സ്ഥായിയും അഗാധവുമായ സമാധാനം തരുന്നില്ല. രക്തബന്ധവും സ്നേഹസൗഹാർദ്ദവും പോലുള്ള സ്വാഭാവികാടിസ്ഥാനങ്ങളും പോരാ; അവയെല്ലാം ശിഥിലമാവുകയും മനുഷ്യർ ഭിന്നിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ ധാരാളമുണ്ടു്. വാസ്തവത്തിൽ മനുഷ്യപ്രവർത്തനത്തിനു് അതീതമായി അതിനെ നിയന്ത്രിക്കുന്ന ദൈവികവശവും വ്യക്തികളെ തികച്ചും മാനുഷികമായ രീതിയിൽ ഒന്നിപ്പിക്കുന്ന മാനുഷികവശവുമാണു് യഥാർത്ഥസമാധാനത്തിനു് ആവശ്യം. അവ രണ്ടും ക്രിസ്തുവിൽ അത്ഭുതകരവും രഹസ്യാത്മകവുമായ രീതിയിൽ ഒത്തിണങ്ങിയിരിക്കുന്നു. ആ ക്രിസ്തുവാണു് നമ്മുടെ സമാധാനം, ക്രിസ്തുവിൻെറ മൗതികശരീരമായ സഭയിൽ അതു് സ്ഥിതി ചെയ്യുന്നു.

## സഭയുടെ പ്രതിരൂപം

ഓരോ പ്രാവശ്യവും നിങ്ങൾക്കെല്ലാവർക്കും 'സമാധാനം ഉണ്ടായിരിക്കട്ടെ' എന്നു പട്ടക്കാരൻ ആശംസിക്കുകയും അവിടുത്തെ ആത്മാവോടുകൂടിയും ഉണ്ടായിരിക്കട്ടെയെന്നു് ജനം പ്രതിവചിക്കയും ചെയ്യുന്നതോടെ സഭയുടെ പ്രവർത്തനരൂപത്തിൻെറ പൂർണ്ണമായ പ്രകടനമാണു് ഉണ്ടാകുന്നതു്. പട്ടക്കാരൻ ക്രിസ്തുവിൻെറ സ്ഥാനത്തു് നിന്നുകൊണ്ടു് ഈ ആശംസ നൽകുന്നു. പട്ടക്കാരൻ മുഖേനയുള്ള ക്രിസ്തുവിൻെറ പ്രവർത്തനമാണല്ലോ സഭയുടെ ജീവപ്രസരണത്തിൻെറ അടിസ്ഥാനം. അതുപോലെ പട്ടക്കാരൻ സഭയുടെ പ്രതിനിധിയാകയാൽ സഭയും വിശ്വാസികളും തമ്മിലുള്ള ബന്ധവും ഇവിടെ പ്രകടമാകുന്നു. പട്ടക്കാരൻെറ ആശംസാവചനത്തിനു് അവിടുത്തെ ആത്മാവോടുകൂടിയുണ്ടായിരിക്കട്ടെ എന്നു ജനം പ്രതിവചിക്കുമ്പോൾ പട്ടക്കാരനും ഒരു മനുഷ്യനാണെന്നും അദ്ദേഹത്തിനും ദൈവകൃപ ആവശ്യമാണെന്നും ഓർപ്പിക്കുകയാണു്. അതായതു് സഭയ്ക്കു് മുഴുവനും ഒരു മാനുഷികവശമുണ്ടെന്നു് അതിൽ അനുക്തസിദ്ധമാകുന്നു. ദൗർബല്യത്തിൻെറ സാധ്യതകൾ നിറഞ്ഞ സഭ നേരെ പുലരുകയും വളരുകയും ചെയ്യണമെങ്കിൽ ക്രിസ്തുവിൻെറ ആത്മാവും അരൂപിയും അനുസരിച്ചു് സഭയിലുള്ളവരെല്ലാം പ്രവർത്തിച്ചേ മതിയാവൂ. സഭയുടെ പ്രവർത്തന ചൈതന്യത്തിനാകെ ക്രിസ്തുവിൻെറ സമാധാനം ആവശ്യമാണു്, അതാണു് 'അവിടുത്തെ ആത്മാവോടുകൂടിയുണ്ടായിരിക്കട്ടെ' എന്നു് ജനം പ്രതിവചിക്കുന്നതിൻെറ അർത്ഥം. ഇങ്ങനെ ക്രിസ്തുവിൻെറ സമാധാനം, സഭയിൽ എല്ലാ വിശ്വാസികളുടെയും മേൽ ഉണ്ടാകുന്നു. ആ സമാധാനത്തിനു് അനുസൃതമായും സഭാംഗങ്ങളെല്ലാം സഹകരിച്ചെങ്കിൽ മാത്രമേ, അതു് വളർന്നു് എല്ലാവർക്കും അധികമധികം ഫലപ്രദമാകുകയുള്ളുവെന്നു് ഈ വാക്കുകളിൽനിന്നു്

നാം മനസ്സിലാക്കുന്നു. സഭയുടെ പ്രവർത്തനത്തെ മുഴുവൻ ആ ഭാഷകൾ ഉള്ളടക്കുന്നു.

ഈ ആശംസ എത്ര സജീവമായിരിക്കണം ഓരോ വിശ്വാസിയെ സംബന്ധിച്ചിടത്തോളമെന്ന് മനസ്സിലാക്കാൻ സഭയിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിലേയ്ക്കുതന്നെ നാം തിരിഞ്ഞു നോക്കണം. രണ്ടു മനുഷ്യർ പരസ്പരം ചെയ്യുന്ന ആശംസ ബാഹ്യമാണ്. പലപ്പോഴും വെറും വാക്കുകൾ മാത്രവും. എന്നാൽ വിശുദ്ധ കുർബാനയിൽ ക്രിസ്തു നല്കുന്ന സമാധാനാശംസ അങ്ങനെയല്ല. സഭയിലാകെ സന്നിധാനം ചെയ്യുന്ന ക്രിസ്തുവിന്റെ ആശംസയാണത്. സഭയുടെ ജീവന്റെ സമൃദ്ധമായ പ്രകടനമാണ്. ഒരു ശിശു കൈകാലുകൾ ഇളക്കിക്കളിക്കുമ്പോൾ നാം അതിൽ ആ ശിശുവിന്റെ ശക്തിയും ഓജസ്സും ദർശിക്കുന്നു. അതുപോലെ ഓരോ വ്യക്തിയും പല അവസരങ്ങളിലും തന്റെ കരുത്തും പ്രവർത്തനസന്നദ്ധതയും പ്രകടമാക്കി സംസാരിക്കുന്നുണ്ട്. അതുപോലെ സഭയുടെ ആധ്യാത്മികവും ആന്തരികവുമായ ജീവന്റെ പ്രകടനമാണ് ഈ സമാധാനാശംസയും അതിന്റെ പ്രതിവചനവും. അതോടെ ഓരോ വിശ്വാസിക്കും സഭയിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തെയും അതുമൂലമുള്ള ജീവശക്തിയേയും പററി ബോധമുണ്ടായി കൂടുതൽ പ്രവർത്തനസന്നദ്ധനാകുന്നതിന് അവസരമുണ്ടാകുന്നു. സഭയുടെ ജീവന്റെ ഒരു പുതിയ പ്രസരണം അതുമൂലമുണ്ടാകുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യബോധത്തിൽ ഓരോ വിശ്വാസിയും കൂടുതൽ കർമ്മോന്മുഖനാകുന്നു.

## വിശ്വാസികളുടെ ഐക്യം

എങ്ങനെയാണ് ഓരോ വിശ്വാസിയും കർമ്മോന്മുഖനാകുക? അത് ക്രിസ്തുവിനോടും മററു ക്രിസ്ത്യാനികളോടുമുള്ള ഐക്യത്തിൽ വേണം പ്രധാനമായി പ്രകടമാകുവാൻ. വിശുദ്ധ രഹസ്യങ്ങളുടെ കൂദാശയ്ക്കുമുമ്പ് അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി മാറുന്നതിനു മുമ്പ് വിശ്വാസികൾ തമ്മിൽ സമാധാനം കൈമാറുന്നത്. ക്രിസ്തുവിനോട് യോജിക്കുന്നതിനു മുമ്പ് വിശ്വാസികൾ പരസ്പരം ഐക്യപ്പെടണമെന്ന അർത്ഥത്തിലാണ്. ദിവ്യരഹസ്യങ്ങളിൽ പട്ടക്കാരൻ പ്രാപിക്കുന്ന 'സമാധാനം' ശുശ്രൂഷകൻ സ്വീകരിച്ച് ജനങ്ങൾക്കു കൊടുക്കുകയും ജനങ്ങൾ പരസ്പരം കരസ്പർശത്താൽ കൈമാറുകയുമാണല്ലോ ചെയ്യുന്നത്. ഈ പരസ്പരസ്പർശം ക്രിസ്തുവിൽ വിശ്വാസികൾക്കുണ്ടായിരിക്കേണ്ട പരസ്പരബന്ധത്തെ കുറിക്കുന്നു. ക്രിസ്തുവിന്റെ സമാധാനം നമ്മിൽ ഫലപ്രദമാകുവാൻ നാമെല്ലാവരും സ്നേഹത്തിലും സഹായസന്നദ്ധതയിലും ഒന്നിച്ചേ പററൂ. അതിന് വിശ്വാസികൾ പരസ്പരം തെററുകളും കുററങ്ങളും ക്ഷമിക്കണം. 'ശുബക്കോനോ' ശുശ്രൂഷസമയത്ത് കൂടുതൽ വിശദമായി സമാധാനം കൈമാറുമ്പോൾ സഭ വിശ്വാസികൾക്ക് നല്കുന്നത് 'ക്ഷമിക്കുക' എന്ന സന്ദേശമാണ്. അപരന്റെ തെററുകൾ ക്ഷമിക്കുന്ന നമ്മുടെ തെററുകൾ ദൈവം ക്ഷമിക്കും. നമ്മെ പ്രത്യേകരീതിയിൽ ക്രിസ്തുവിന്റെ സമാധാനത്തിലേയ്ക്കു പ്രവേശിപ്പിക്കുകയും ചെയ്യും. അങ്ങനെ വിശ്വാസികൾ തമ്മിലുള്ള ഐക്യത്തിലൂടെ ക്രിസ്തുവിന്റെ സമാധാനം കൂടുതൽ സജീവവും പ്രവർത്തനാത്മകവുമാകും. ഈ ആശയത്തെ പ്രസ്ഫുരിപ്പിക്കുന്ന പ്രാർത്ഥനകളാണ് പട്ടക്കാരൻ 'സമാധാനം കൈമാറൽ സമയത്ത്' ചൊല്ലുന്നത്. അതായത് ഒരേ ബലിയിൽ ഭാഗഭാക്കായി ഒരേ ബലിവസ്തുവിൽ നിന്ന് അനുഭവിച്ച ക്രിസ്തുവിനോടുള്ള ബന്ധത്തിൽ വളരുവാനുള്ള ആഹ്വാനം വിശുദ്ധ കുർബാനസമയത്ത് നമുക്ക് ലഭിക്കുന്നു.

## 'ശ്ലോമോ ലകുലകുൻ'

വിശുദ്ധ കുർബാനസമയത്ത് ഈ ആശംസ ആവർത്തിക്കപ്പെടുന്നതെല്ലാം വളരെ പ്രധാന സന്ദർഭങ്ങളിലാണ്. ആദ്യമായി സുവിശേഷവായനയ്ക്കുമുമ്പ് ഇതു നടത്തുന്നു, ക്രിസ്തുവിന്റെ തിരുവചനങ്ങളുടെ സ്വീകാരംവഴി വേണം നാം ക്രിസ്തുവിന്റെ സമാധാനത്തിനു യോഗ്യരാകുവാൻ എന്നു കാണിക്കുവാൻ. വിശുദ്ധരഹസ്യങ്ങളുടെ ആവിഷ്ക്കരണത്തിനു മുമ്പുള്ള ഈ ആശംസയുടെ അർത്ഥം വിശ്വാസികൾ തമ്മിൽ ഐക്യപ്പെടണമെന്നതാണെന്ന് നേരത്തെ പറഞ്ഞുവല്ലോ. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയ്ക്കുശേഷം രണ്ടു പ്രാവശ്യം ഈ ആശംസ നടത്തുന്നുണ്ട്, ക്രിസ്തുവിന്റെ സമാധാനത്തിനു ആത്മാർത്ഥഹൃദയത്തോടും കൂടി നാം വിധേയരാകണമെന്നും നമുക്കായി ഉയർത്തപ്പെടുന്ന തിരുശരീരരക്തങ്ങളെ സ്വീകരിക്കുവാൻ നാം ഭയത്തോടും വിറയലോടും കൂടെ ഒരുങ്ങണമെന്നും കാണിച്ചുകൊണ്ട്.

അവസാന സമാധാനാശീർവ്വാദം ക്രിസ്തീയ

# മലബാറിലെ പുനരൈക്യവേലകൾ

## (ഫാദർ ജേക്കബ് ആയന്തി)

ക്രൈസ്തവ കാഹളത്തിൻെറ വായനക്കാർക്കായി മലബാറിലെ പുനരൈക്യവാർത്തകൾ ഒരു ലേഖന രൂപത്തിൽ തയ്യാറാക്കി അയക്കണമെന്നു് ബ. ഇഞ്ചക്കലോടിയച്ചൻ പലമുറ ആവശ്യപ്പെട്ടിട്ടും ഇപ്പോൾ മാത്രമാണു് സാധിതമായതു്.

1958 ലാണു് തിരുവല്ലാ രൂപതയുടെ അതിർത്തികൾ വിപുലപ്പെട്ടത്തി ഭാരതപ്പുഴക്കു വടക്കോട്ടുള്ള ഭാഗങ്ങളിൽ പുനരൈക്യജോലികൾ നിർബാധം നടത്തുന്നതിനു് അനുവാദം ലഭിച്ചതു്. ഇന്നു കേരളത്തിൻെറ അതിർത്തികൾക്കപ്പുറത്തു് മദ്രാസ് മൈസൂർ സംസ്ഥാനങ്ങളിലും നമുക്കു് പുനരൈക്യപ്രവർത്തനങ്ങളുമായി പ്രവേശിക്കാം. സുറിയാനിക്കാർക്കുള്ള അധികാര പരിധി തന്നെയാണു് മലങ്കരക്കാർക്കുമുള്ളതു്. ആദ്യമായി തിരുവല്ലായിൽ നിന്നു് 4 വൈദികരെ കാര്യങ്ങൾ അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യുവാനായി നിയോഗിച്ചയച്ചു. മോൺ. തോമസ് നേര്യംപറമ്പിൽ അവർകളുടെ നേതൃത്വത്തിൽ അവർ മലബാറിൻെറ വിവിധഭാഗങ്ങൾ ചുററിസഞ്ചരിച്ചു് മടങ്ങി. അവരുടെ റിപ്പോർട്ടിൻെറ വെളിച്ചത്തിൽ മൂന്നു വൈദികരെ സ്ഥിരതാമസ സൗകര്യങ്ങളോടും വിപുലമായ അധികാരങ്ങളോടും തിരുവല്ലാ രൂപതയിൽ നിന്നു് മലബാറിലേക്കു് അയച്ചു. വയനാട്ടിൽ മാനന്തവാടിയും ബത്തേരിയും താമരശ്ശേരിൽ മൈക്കാവും കേന്ദ്രമാക്കി അവർ പ്രവർത്തിച്ചു തുടങ്ങി. തിരുക്കൊച്ചി ഭാഗങ്ങളെക്കാൾ വിസ്തൃതമായ ഈ പ്രദേശമെല്ലാം മൂന്നു വൈദികർ യാത്ര ചെയ്തു് ആളുകളെ പരിചയപ്പെടുകയും സൗകര്യമായ ഭാഗങ്ങളിൽ മിഷൻ സ്ഥാപിക്കുകയും ചെയ്തു. തെക്കേ മലബാറിൽ നിലമ്പൂർ കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. പക്ഷേ വയനാട്ടിൽ നിന്നായിരുന്നു അവിടെ ചെന്നു് കാര്യങ്ങൾ അന്വേഷിച്ചു പോന്നതു്.

സുറിയാനി കത്തോലിക്കരെപ്പോലെ അകത്തോലിക്കാ ക്രിസ്ത്യാനികൾ വളരെയില്ലായിരുന്നു. മിക്കവാറും ചിന്നിച്ചിതറിയായിരുന്നു അവരുടെ താമസവും. അടുത്തുള്ള ക്രി

---

ജീവിതത്തിൻെറ മുഴുവൻ ഒരു സംക്ഷിപ്തരൂപകടനമാണു്. ഒന്നാമതായി വിശുദ്ധ കുർബാന സ്വീകരണം വഴിയായി ജീവിതയാത്രക്കു് ആവശ്യമായ 'യാത്രാഭക്ഷണം' പ്രാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും രണ്ടാമതായി മാമോദീസായുടെ മുദ്ര പ്രാപിച്ചവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ വലുതാണെന്നും ആ ആശീർവാദത്തിൽ നിന്നു് നാം മനസ്സിലാക്കുന്നു. മൂന്നാമതായി പട്ടക്കാരൻ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വിശ്വാസികൾക്കുള്ള ചുമതലയെ അനുസ്മരിപ്പിച്ചുകൊണ്ടു്, ആനന്ദകരമായ ജീവിതത്തിനു് അടിസ്ഥാനമാണു് ക്രിസ്തുവിൻെറ സമാധാനമെന്നു് വിളിച്ചുപറയുന്നു.

### ക്രിയാത്മകമായ സമാധാനം

സഭയിലെ ക്രിസ്തുവിൻെറ സാന്നിദ്ധ്യം വഴിയായി വിശ്വാസികൾ പ്രാപിക്കുന്ന എല്ലാ അനുഗ്രഹങ്ങളുടെയും സമഗ്രരൂപമാണു് സമാധാനം നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെയെന്ന ആശംസ. ലോകം സമാധാനത്തിൻെറ അഭാവത്തിൽ ഇന്നു് അസ്വസ്ഥമായി കഴിയുന്നു. നാമും പലപ്പോഴും അതിൽ വ്യാകുലപ്പെടാറുണ്ടു്. ക്രിസ്തുവിൻെറ സമാധാനം നമ്മോടുകൂടിയുണ്ടെന്നുള്ള ബോധമില്ലാതെ സമാധാനം നിറഞ്ഞ ഒരു ലോകത്തിനു രൂപം കൊടുക്കാൻ നമ്മുടെ സഹകരണം ആവശ്യമാണു്. അതിനു് നാം എന്താണു ചെയ്യുക? ഒന്നാമതായി നാം നമ്മുടെ തെററുകളെപ്പററി അനുതപിച്ചു ദൈവഹിതം മാത്രം നിറവേററുവാൻ സന്നദ്ധരാവുക, രണ്ടാമതായി വിശ്വാസികൾ പരസ്പരം തെററുകൾ ക്ഷമിച്ചു് സ്നേഹത്തിലും സഹകരണത്തിലും ഒന്നിക്കുക, മൂന്നാമതായി വിശ്വാസികൾ തങ്ങളുടെ പ്രാർത്ഥനയും ജീവിതമാതൃകയും വഴിയായി മററുള്ളവരെ ക്രിസ്തുവിലേക്കു് ആകർഷിക്കുക. ഈ ത്രിവിധ ചുമതലകളാണു് വിശുദ്ധ കുർബാനസമയത്തു് നാം കേൾക്കുന്ന 'നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ' എന്ന ആശംസയിൽ അടങ്ങിയിരിക്കുന്നതു്. ഈ ചുമതലകളുടെ നിർവഹണം വഴിയായി, ആ ആശംസയിൽ ഉദ്ദേശിച്ചിരിക്കുന്നതുപോലെ ക്രിസ്തുവിൻെറ സമാധാനം നമ്മിലോരോരുത്തരിലും, സഭ മുഴുവനിലും വളർന്നു വരികയും കൂടുതൽ കൂടുതൽ ഫലം തരികയും ചെയ്യും.

സ്തീയ ദൈവാലയങ്ങളും പ്രാർത്ഥനക്കൂട്ടങ്ങളും അവർ അഭയംഗമിച്ചു. അങ്ങനെ യാക്കോബായക്കാർ മാർത്തോമ്മായിലേക്കും സി. എസ്സ്. ഐയിലേക്കും കത്തോലിക്കാ സഭയിലേക്കും പലേടത്തും ചെന്നിട്ടുണ്ട്. മലങ്കര റീത്തിൻെറ പ്രവർത്തനങ്ങളെക്കാൾ നേരത്തേ യാക്കോബായ, മർത്തോമ്മാ, പ്രൊട്ടസ്റ്റൻറു വിഭാഗക്കാർ മലബാറിൽ പ്രവർത്തനം ഉറപ്പിച്ചിരുന്നു. അവരുടെ പിന്നാലെ വരുവാൻ മാത്രമേ നമുക്കു കഴിഞ്ഞുള്ളുവെന്നതു് നമ്മുടെ അധ്വാനത്തെ ക്ലേശകരമാക്കിയിട്ടുണ്ട്.


കുടിയേററക്കാർ ധനപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്നവരായതുകൊണ്ടു് മലബാറിൽ ജീവിതക്ലേശം വളരെ സഹിക്കേണ്ടി വന്നു. ഇന്നും ആ നില തീർത്തും മാറിയിട്ടുമില്ല. മലബാറിലെ എല്ലാ കേന്ദ്രങ്ങളും ഇന്നു് അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. കൃഷി, കച്ചവടം, വ്യവസായം, കൈത്തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ തുറകളെല്ലാം വലിയ വ്യതിയാനങ്ങൾ കാണിക്കുന്നു. മദ്രാസിൻെറ കീഴിൽ അവഗണിക്കപ്പെട്ടുകിടന്ന സ്ഥലം കേരളപ്പിറവിയും കുടിയേററവും കൊണ്ടു് വ്യത്യാസപ്പെട്ടുവാൻ തുടങ്ങി. കുറഞ്ഞ വിലയ്ക്കു സ്ഥലങ്ങൾ എവിടെയും കിട്ടുവാനുണ്ടായിരുന്നു. ഒരേക്കറിനു് നാലും അഞ്ചും രൂപയാണു് അന്നു വില. വിലക്കുറവുകൊണ്ടു് ആകൃഷ്ടരായി വളരെയധികം സ്ഥലം വാങ്ങിച്ചു കൂട്ടിയവർ പലരും കടം കേറി നശിച്ചുപോയിട്ടുണ്ട്. പാട്ടം കൊടുക്കുവാൻ കഴിവില്ലാതെ, കൃഷിയിറക്കുവാൻ പണമില്ലാതെ, ചെലവിനു വകയില്ലാതെ എല്ലാം കളഞ്ഞു പൊയ്ക്കളഞ്ഞവരും ചുരുക്കമല്ല.

വൈദികർ കുടിയേററരംഗത്തു വന്നിറങ്ങിയതും താമസിച്ചായിരുന്നു. വൈദികർകൂടി വന്നിരുന്നെങ്കിൽ അനേക പരാധീനതകൾ ഇല്ലാതാക്കാമായിരുന്നു. കുടിയേററക്കാർ പല സ്ഥലങ്ങളിലും താമസിച്ചു് പരിശോധിച്ചശേഷം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. ഇന്നും സ്ഥലങ്ങൾ മാറിക്കൊണ്ടിരിക്കുന്നവർ വളരെയാണു്. അതും അഭിവൃദ്ധിക്കു വിഘാതമാണു്.

പുനരൈക്യ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചും പ്ലാനിട്ടും നടത്താത്തതു കൊണ്ടും വളരെ കുറഞ്ഞ ഫലമേയുള്ളു. അതുകൊണ്ടു് പുനരൈക്യം തീരെ നടക്കുന്നില്ല എന്നർത്ഥമാക്കേണ്ടതില്ല. തിരുവിതാംകൂർ ഭാഗത്തേക്കാൾ നടക്കുന്നുണ്ടു് എന്നു വേണം പറയുവാൻ. 58-ൽ താമരശ്ശേരിൽ നിന്നും ഒരു വൈദികനും ഏതാനും വീട്ടുകാരും കൂടി പുനരൈക്യപ്പെട്ടു. 1959-ൽ മൂന്നു വൈദികരെക്കൂടി സഹായത്തിനായി മലബാറിലേക്കു് അയച്ചു. മാനന്തവാടിയിൽ 2, ബത്തേരിയിൽ 2, താമരശ്ശേരിയിൽ 2, നിലമ്പൂർ 1. അങ്ങനെ 7 വൈദികർ പ്രവർത്തിച്ചു തുടങ്ങി. യാത്രസൗകര്യങ്ങൾ തുലോം ചുരുക്കമാണു്. അനേകം മൈൽ നടന്നുവേണം പല കേന്ദ്രങ്ങളിലും ചെന്നെത്തുവാൻ. പ്രധാന റോഡുകളെല്ലാം നല്ലതാണു്. ഉൾനാട്ടിൽ വഴികൾ വേനൽക്കാലത്തും വർഷകാലത്തും ഒരുപോലെ ബുദ്ധിമുട്ടുള്ളതാണു്. ഈ അടുത്ത ഒരു ദശകം കൊണ്ടു് അനേകായിരം മൈൽ റോഡുകൾ മലബാറിൻെറ മലയോരങ്ങളിൽ കുടിയേററക്കാർ വെട്ടിത്തുറന്നിട്ടുണ്ട്. പല കോളനികളും അഭിവൃദ്ധിപ്പെട്ടു പോരുന്നു. കാർഷികോല്പന്നങ്ങൾ വിപണന സ്ഥലങ്ങളിൽ എത്തിക്കുവാൻ കഴിയാതെ വരുന്നതുകൊണ്ടു, അവയ്ക്കു് ശരിയായ വില കിട്ടുന്നില്ല. ചില സ്ഥലങ്ങളിൽ വർഷകാലം മുഴുവനും വേണ്ടി വരുന്ന അരി, ഉപ്പ്, വിറകു് തുടങ്ങിയവ ശേഖരിച്ചു വെയ്ക്കുന്നില്ലാ എങ്കിൽ വളരെ കഷ്ടപ്പാടുണ്ടായിരിക്കും. അങ്ങനെയുള്ള കേന്ദ്രങ്ങളിൽ ആക്കെങ്കിലും വല്ല രോഗവും പിടിപെട്ടാൽ രക്ഷയില്ല തന്നെ. പഞ്ഞം-പനി-ഭയങ്കരമായ വനം-വനത്തിലെ ഘോരജീവികൾ ഇവയൊക്കെയോടും പടവെട്ടി ക്ഷീണിക്കുകയും വിജയിക്കുകയും ചെയ്ത കുടിയേററക്കാരുടെ അവശതകൾ ഇന്നിപ്പോൾ വീണ്ടും വർദ്ധിച്ചു വരികയാണു്. ജന്മിത്വമാണു് ഏററം ദുസ്സഹമായ ഒരു കാര്യം. കാടുതെളിച്ചു് തോട്ടമാക്കിയപ്പോൾ ഇടത്തട്ടുകാരും മേത്തട്ടുകാരും വെട്ടിപ്പുകാരും തട്ടിപ്പുകാരുമെല്ലാം പുറപ്പെട്ടിരിക്കുകയാണു്. പഞ്ചായത്തു തിരഞ്ഞെടുപ്പിൻെറ ഈ ഘട്ടം ഒരു വലിയ പരീക്ഷണഘട്ടം കൂടിയാണു്. രാഷ്ട്രീയക്കാരുടെ കുത്തിത്തിരിപ്പും വഞ്ചനയും കൊണ്ടു് കൊടും യാതനകളാണു് കുടിയേററക്കാർക്കു് നേരിടുക.

തലശ്ശേരി രൂപതയുടെ ആവിർഭാവം കുടിയേററക്കാരെ അങ്ങേയററം ആശ്വസിപ്പിച്ച ഒന്നാണു്. എല്ലാ കോളനികളിലും വൈദികരെത്തി. പള്ളികളും സ്കൂളുകളും സ്ഥാപിച്ചു. കഴിവുള്ള വൈദ്യ സഹായങ്ങളും നല്കിപ്പോന്നു. ബാഹ്യലോകവുമായി ബന്ധമുണ്ടായി.

അഞ്ചുവർഷം കൊണ്ടു് മലബാർ ഭാഗത്തു് തിരുവല്ലാ രൂപതയിലെ 32 മിഷൻ തുടങ്ങുവാൻ കഴിഞ്ഞു എന്നതു് ഒരു നല്ല കാലാവസ്ഥയല്ലേ? മൂന്നു വൈദികർ തന്നെ പുനരൈക്യപ്പെട്ടു. മാനന്തവാടിയിൽ 4 വൈദികർ താമസ്സമാക്കി കമ്മന, കാട്ടിക്കുളം, കുറുക്കൻ മൂല, പന്നിച്ചാൽ, തോറോം, കരിമം, കണിയാമ്പററ, ചരിയോട്ടു് എന്നീ ഒൻപതു് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നു. ബത്തേരിയിൽ മൂന്നു വൈദികർ താമസിച്ചുകൊണ്ടു് ചിതലയം, മൂലങ്കാവു്, മലങ്കര, ചഞ്ചേരി, മീനങ്ങാടി, ഉപ്പെട്ടി, നീലഗിരിയിലുള്ള ഗൂഡല്ലൂർ, തൃക്കൈപ്പററ തുടങ്ങിയ ഒൻപതു സ്ഥലങ്ങളിൽ മിഷൻ നടത്തുന്നു. താമരശ്ശേരി ഭാഗത്തു് 2 വൈദികർ താമസിച്ചുകൊണ്ടു് മുറമ്പത്തി, മൈക്കാവു്, ഓഞ്ഞിൽ പുതുപ്പാടി തുടങ്ങിയ സ്ഥലങ്ങളിൽ വേല ചെയ്യുന്നു. നിലമ്പൂർ ഭാഗത്തു് 3 വൈദികർ താമസിക്കുന്നുണ്ടു്. അവർ പുളിയങ്കോട്ടു്, അരുവാക്കോട്ടു്, കരുളായി, മുതുകുളം കരുവരുക്കുണ്ടു്, എടക്കര, മാമാങ്കര, തുടങ്ങിയ ഏഴെട്ടു സ്ഥലങ്ങളിൽ വേലയുണ്ടു്. N. S. S. ന്റെ ഇടപെടൽ മൂലം പേരുണ്ടായ കൊട്ടിയൂരിൽ ഒരാൾ താമസിച്ചുകൊണ്ടു് കേളകവും തളിപ്പറമ്പിനടുത്തുള്ള നടുവിലും ജോലി ചെയ്യുന്നു. രൂപത വക



(1960 ൽ തുടങ്ങിയ നടുററിൻ സെൻററു് ജോസഫ്സ് മിഷൻ. ഈ ഷെഡിലാണു് കുർബാന ചെല്ലുന്നതു്. 34 വീട്ടുകാർ ഈ ഇടവകയ്ക്കുണ്ടു്.)

യായ കടവനാട്ടു് തോട്ടത്തിലും ഒരച്ചൻ താമസമുണ്ടു്. കേളകത്തുനിന്നു് 8 മൈൽ നടന്നു പേരാവൂരെത്തി അവിടെ നിന്നു് ഇരിട്ടി ശ്രീകണ്ഠാപുരം വഴിക്കു് രണ്ടു ബസ്സ് കയറി വീണ്ടും 6 മൈൽ നടന്നാൽ നടുവിലെത്താം. ശനിയാഴ്ച രാവിലെ പുറപ്പെട്ടാൽ തിങ്കളാഴ്ച വൈകുമ്പോഴേക്കു് മിഷൻ കഴിഞ്ഞു് താമസസ്ഥലത്തെത്താം. 8 മൈൽ ദൂരത്തിനു് ഒരു ജീപ്പിനു് 40 രൂ. വാടകയാണു് ആവശ്യപ്പെടുക. ബുദ്ധിമുട്ടിന്റെ ഒരു സാമ്പിൾ.

25 വീടു് ശരാശരി കൂട്ടിയാലും 32 മിഷനിൽ 800 വീട്ടുകാരും 4000 ജനങ്ങളുമുണ്ടു്. പല സ്ഥലങ്ങളിലും സ്ഥിരം കെട്ടിടങ്ങളോ പള്ളികളോ ഇല്ല. ചിലടത്തൊക്കെ പുല്ലുമേഞ്ഞ താൽക്കാലിക ഷെഡ്ഡുകളിലാണു് ആരാധന നടത്തുന്നതു്.

ഇനിയും ഉടനേ പുനരൈക്യവേലകൾ വ്യാപിപ്പിക്കേണ്ട സ്ഥലങ്ങൾ വളരെയുണ്ടു് സൗത്തു കാനറായിൽ യാക്കോബായക്കാർ വളരെയുണ്ടു്. ചുരുക്കമായി പുനരൈക്യപ്പെട്ടവരുമുണ്ടു്. ഇരിട്ടിഭാഗത്തും ജോലിചെയ്യുവാൻ സൗകര്യമുണ്ടു്. അതുപോലെ കോയമ്പത്തൂർ, മൈസൂർ, ബോംബെ തുടങ്ങിയ പട്ടണങ്ങളിലും പുനരൈക്യ പ്രവർത്തനങ്ങൾ ഏർപ്പെടേണ്ടിയിരിക്കുന്നു. അടുത്ത വർഷത്തെ ദിവ്യകാരുണ്യ കോൺഗ്രസിന്റെ ചർച്ചാ സമ്മേളനങ്ങളിൽ പുനരൈക്യ വിഷയങ്ങൾ പരിഗണിക്കപ്പെടുവാൻ ബന്ധപ്പെട്ടവർ ബദ്ധപ്പെട്ടുമെങ്കിൽ അതൊരു നല്ല കാര്യമായിരിക്കും.

മലബാറിലെ മിഷൻ കേന്ദ്രങ്ങൾ കണ്ടു വിവരങ്ങൾ ശേഖരിക്കാനും ഗ്രഹിക്കാനും ആഗ്രഹിക്കുന്ന വൈദികരും അവൈദികരുമായ സഹൃദയന്മാർക്കു സ്വാഗതം. തലശ്ശേരി രൂപത വകയായി 'ഗിരിദീപം' എന്ന പേരിൽ ഒരു മാസിക മാനന്തവാടിയിൽ നിന്നു പുറപ്പെടുന്നുണ്ടു്. ആ മാസികയും പല വിവരങ്ങളും നിങ്ങൾക്കു നൽകാൻ പോരുന്നതാണു്.

മലബാറിന്റെ വിവിധ പ്രദേശങ്ങളിൽ ചിതറിപ്പാർക്കുന്ന അകത്തോലിക്കരുടെ കത്തോലിക്കാ ബന്ധുക്കളും സ്നേഹിതരും അകത്തോലിക്കാ ബന്ധുക്കളും സ്നേഹിതരും അവരെ ഞങ്ങൾക്കു പരിചയപ്പെടുത്തിത്തന്നാൽ അവരെ സമീപിക്കുന്നതിനും പുനരൈക്യപ്പെടുത്തുന്നതിനും സഹായകമായിരിക്കും. അതു പോലെ ജോലി സംബന്ധിച്ചും മററും വന്നു താമസിക്കുന്നവരും ധാരാളമുണ്ടു് പ്രാർത്ഥന കൊണ്ടും മററും ഞങ്ങളെയും ഞങ്ങളുടെ അധ്വാധങ്ങളെയും കതിരണിയിക്കണമെന്നു് എല്ലാ സജ്ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

# പരേതനായ ബ. ബ്രദർ ആൻറണി ഒ. ഐ. സി യുടെ

# ഒന്നാം ചരമവാർഷികം

പേരും പെരുമയും സാഹസികജീവിതവുമൊന്നുമല്ല ജീവിതവിജയം. "സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിപ്പിൻ", എന്നുള്ള നമ്മുടെ കർത്താവിന്റെ ആഹ്വാനമത്രെ ജീവിതലക്ഷ്യം. ശുദ്ധവും എളിയതുമായ ഒരു ജീവിതമാണ് ഈ ലക്ഷ്യപ്രാപ്തിക്കുള്ള ഉപാധി.

**R. I. P.**



Date of Birth 27-10-'82.

Date of Death 17-11-'62.

ബ്രദർ ആൻറണി ഓ. ഐ. സി. ലോകത്തിന് അജ്ഞാതനായി മുപ്പത്തിമൂന്നു വർഷം ബഥനി സന്യാസ സമൂഹത്തിൽ സുവിശേഷ പുണ്യങ്ങൾക്കനുസരണമായ ത്രിവ്രതങ്ങളാൽ ബന്ധിതനായി ദിവ്യ നാഥനോടുകൂടി, ബഥനിയിലെ മറിയത്തെപ്പോലെ സല്ലപിച്ചു സഹവസിച്ച സന്യാസവര്യൻ. അനിതരസാധാരണമായ യാതൊന്നും അദ്ദേഹത്തിന്റെ ജീവിതത്തിലില്ല. ലിസ്യൂവിലെ കൊച്ചുറാണിയെപ്പോലെ ശിശുതുല്യനിഷ്കളങ്കതയോടെ, സന്തോഷചിത്തനായി സുസ്മേരവദനനായി ആർക്കും ഏതു സഹായവും ചെയ്തുകൊടുക്കുന്ന ഒരു സാധാരണക്കാരൻ. പ്രാർത്ഥനയുടെ മധുരിമ അങ്ങേയററം നുകർന്ന ദൈവസ്നേഹി. സന്യാസമന്ദിരത്തിലെ എളിയ ഗാർഹികജോലികൾ ദിവ്യസ്നേഹപ്രേരിതനായി അഭംഗം നിർവ്വഹിച്ചു ജീവിച്ച ക്രിസ്തുവിന്റെ എളിയ തൊഴിലാളി. സഹനത്തിന്റെ ഉത്തമ മാതൃക. അന്ത്യനിമിഷങ്ങളിൽ വേദനയുടെ മൂർദ്ധന്യവേളയിലും, "എന്റെ ദൈവമേ, നിനക്കു സ്തുതി" എന്ന് ഉരുവിട്ടുകൊണ്ട് സഹനത്തിന്റെ ദിവ്യമഹിമയ്ക്കു സാക്ഷ്യം വഹിച്ച യോഗിവര്യൻ.

അദ്ദേഹത്തിന്റെ ചരമവാർഷിക ദിനത്തിൽ സഹോദരസമൂഹാംഗങ്ങൾ, സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നിർവ്വഹിച്ച സേവനങ്ങളും നൽകിയ സന്മാതൃകകളും കൃതജ്ഞതയോടെസ്മരിക്കുന്നു. ആ പാവനാത്മാവ് സ്വർഗ്ഗീയ ഊർശ്ലേമിൽ പരിശുദ്ധന്മാരോടു കൂടി ചേർന്ന് ദൈവസന്നിധിയിൽ നിദാന്തം "കാദീശ്" പാടുമാറാകട്ടെ. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം നമുക്ക് എന്നും തുണയായിരിക്കട്ടെ.

ക്രൈസ്തവപുനരൈക്യത്തിനും ഭാരത മാനസാന്തരത്തിനും വേണ്ടി വൈദികരും തുണസഹോദരരുമായി, ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിൽ വേല ചെയ്യുവാൻ സഹനസന്നദ്ധരും കർമ്മധീരരുമായ യുവാക്കന്മാരെ ബഥനി സന്യാസ സമൂഹം സ്വാഗതം ചെയ്യുന്നു.

ഫാദർ സുപ്പീരിയർ,
ബഥനി ആശ്രമം, തിരുവനന്തപുരം-15

# സഭാകലണ്ടർ

## നവംബർ

3—ഞായർ—കൂദോശ് ഈത്തൊ ഞായർ

8—വെള്ളി—മാർ മിഖായേൽ, മാർ ഗബ്രിയേൽ, മാർ റഫായേൽ, ശേഷം മാലാഖമാർ

10—ഞായർ—ഹൂദോസ് ഈത്തൊ ഞായർ

13—ബുധൻ—സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്,

14—വ്യാഴം—മാർ പീലിപ്പോസ് ശ്ലീഹാ.

16—ശനി— മാർ മത്തായിശ്ലീഹാ

17—ഞായർ—സഖറിയായോടുള്ള അറിയിപ്പ്.

21—വ്യാഴം—കന്യകമറിയാമിൻെറ ദേവാലയ പ്രവേശനം.

24—ഞായർ—ദൈവമാതാവിനോടുള്ള വചനിപ്പ്, റോമിലെ വി. ക്ലീമീസ്

30—ശനി— മാർ അന്ത്രയോസ് ശ്ലീഹാ.

## ഡിസംബർ

1—ഞായർ—കന്യകമറിയാം ഏലിശ്ബായെ സന്ദർശിച്ചതു്, ഇരുപത്തഞ്ചു നോമ്പാരംഭം.

4—ബുധൻ—വി. ബാർബറയും വി. യൂലിയാനായും.

6—ആദ്യവെള്ളി—മാർ നിഖലാവോസ്.

* * * * *

## R. I. P.

### പരേതരായ പട്ടക്കാർ

(താഴെ പറയുന്നവരുടെ ചരമ വാർഷികം നവംബർ മാസത്തിലാകുന്നു. വിശ്വാസികളുടെ പ്രാർത്ഥന അവർക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.)

റവ. ഫാദർ തകടിയിൽ, കാരിച്ചാൽ
" തോമസ് വടക്കേക്കര, ഇലന്തൂർ
" എം. ജി. ശാമുവൽ, മങ്കാവിൽ കററാനം.
" സഖറിയാസ്, തെക്കേടത്ത് കൊട്ടാരക്കര.
" മത്തായി മുണ്ടനാട്ട്, കലയപുരം.
" തോമസ് കലയക്കാട്ടിൽ, കവിയൂർ.
മോൺ. ജോൺ കച്ചിറമററം.
റവ. ഫാദർ പൗലോസ് തൈക്കാട്ടിൽ, പിറവം.
റവ. ബ്രദർ ആൻറണി O. I. C.

## വിവിധവൃത്താന്തങ്ങൾ.

### ക്രിസ്തുരാജതിരുനാൾമഹാമഹം

കാഞ്ഞിരംപാറ സെൻററിൽ ആണ്ടുതോറും നടത്തിവരാറുള്ള രാജത്വതിരുനാൾ ഈ വർഷവും ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച കാഞ്ഞിരംപാറ, അഞ്ചാമട, ഇരുമ്പ, കരകുളം, കാവടിത്തല, കുന്നപ്പുഴ, ഉണ്ടമാൻകടവ്, തമലം, മുട്ടത്തറ, മൂന്നാംമൂട്ട്, ശാസ്തമംഗലം, മഞ്ചമ്പാറ എന്നീ ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ പൂർവ്വാധികം വിപുലമായ തോതിൽ ആഘോഷിച്ചിരിക്കുന്നു.

വൈകിട്ട് നാലുമണിക്ക് ജപമാലയും വി. കുർബാനയുടെ വാഴ്‌വും കഴിഞ്ഞതിനുശേഷം കാഞ്ഞിരംപാറ പള്ളിയിൽനിന്നും അഞ്ചാമട പള്ളിയിലേക്ക് ഒരു വമ്പിച്ച ഘോഷയാത്ര നടത്തപ്പെട്ടു. ആയിരക്കണക്കിനു വിശ്വാസികൾ ക്രിസ്തുരാജന് ആവേശഭരിതമായ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടും ഭക്തിനിർഭരമായ ഗാനങ്ങളാലപിച്ചുകൊണ്ടും പങ്കെടുക്കുന്ന ആ ഘോഷയാത്രക്ക് നെററിപ്പട്ടം ധരിച്ച് ചുമലിൽ ക്രിസ്തുരാജൻെറ പടവുമേന്തിയ ഗജവീരൻ നേതൃത്വം നൽകി.

ഘോഷയാത്രക്കുശേഷം അഞ്ചാമടവച്ചു നടത്തപ്പെട്ട പൊതുയോഗത്തിൽ ഫാ. തോമസ് കൊട്ടാരത്തിൽ പ്രസംഗിച്ചു. പൊതുയോഗത്തിനുശേഷം കാഞ്ഞിരംപാറ സെൻറ് ആൻറണീസ് കലാസമിതിയുടെ "ഒരാൾമാത്രം പരാജയപ്പെട്ടു" എന്ന നാടകവും മററു കലാപരിപാടികളും ഉണ്ടായിരുന്നു.

* * * *

തിരുവനന്തപുരം, തിരുവല്ല, കോട്ടയം, വിജയപുരം എന്നീ രൂപതകളിൽപ്പെട്ട കീഴ്‌വൻമഴി, കല്ലിശ്ശേരി, പാണ്ടനാട്ട്, തിരുവൻവണ്ടൂർ, കുറവൂർ, തെങ്ങേലി, പടിഞ്ഞാറെ ഓത

Registered No: K. 405.

റ എന്നീ സ്ഥലങ്ങളിലെ കത്തോലിക്കാ ഇടവകകൾ ഏകോപിച്ച് ഒക്ടോബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് കല്ലിശ്ശേരി സെൻറ് തോമസ് പള്ളിയിൽനിന്ന് ബാൻഡുമേളങ്ങളോടുകൂടി ക്രിസ്തുരാജൻെറ വലിയ പടം അലങ്കരിച്ച കാറിന്മേൽ പൊൻ, വെള്ളിക്കുരിശുകളുടെയും അനവധി മുത്തുക്കുടകളുടെയും അകമ്പടിയോടുകൂടി ആഘോഷമായി മെയിൻറോഡുവഴി കുറവൂർ കത്തോലിക്കാദേവാലയത്തിലേക്ക് ഒരു പ്രദിക്ഷണം നടത്തുകയുണ്ടായി. പ്രദിക്ഷണാനന്തരം റവ. ഫാ. മാത്യു മൂഴി. എസ്സ്. ജെ.യുടെ പ്രസംഗവും, വി. കുർബാനയുടെ ആശീർവാദവും ഉണ്ടായിരുന്നു.

പുനലൂർ, നരിക്കൽ, ഇടമൺ, വിളക്കുവട്ടം, ഇളമ്പൽ, പിറവന്തൂർ, എലിക്കാട്ടൂർ, കടയ്ക്കാമൺ, കറവൂർ എന്നിവിടങ്ങളിലുള്ള വിവിധ റീത്തിൽപ്പെട്ട എല്ലാ കത്തോലിക്കാ ഇടവകകളുംകൂടി യോജിച്ചുകൊണ്ട് ഇക്കൊല്ലത്തെ ക്രിസ്തുരാജൻെറ തിരുനാൾ ആഘോഷിക്കുകയുണ്ടായി എല്ലാ സ്ഥലത്തുനിന്നുമുള്ള ജാഥകൾ മുദ്രാവാക്യങ്ങളും വിളിച്ച് കൃത്യം 4 മണിക്ക് സെൻറ് ജോസഫ്സ് മലങ്കര സിറിയൻ കത്തോലിക്കാപള്ളിയിൽ എത്തിച്ചേരുകയുണ്ടായി. വി. കുർബാനാനന്തരം അവിടെനിന്നും കുരിശുംപിടിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ വിജയത്തിനായുള്ള ഒരു പരിഹാരപ്രദിക്ഷണമായി സെൻറ് മേരീസ് ലത്തീൻകത്തോലിക്കാപള്ളിയിലേക്കു പോകുകയുണ്ടായി. അവിടെവച്ച് വി. കുർബാനയുടെ വാഴ്വും തുടർന്ന് പൊതുയോഗവും നടത്തപ്പെട്ടു. പൊതുയോഗത്തിൽ വെ. റവ. മോൺ. ആഞ്ചലൂസ് ആദ്ധ്യക്ഷംവഹിക്കുകയും റവ. ഫാദർ ഫെർഡിനാൻഡ്, മി ക്ലെമൻറ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## പള്ളിപ്പെരുനാൾ

തിരുവനന്തപുരം അതിരൂപതയിലെ കീഴ്‌വൺമഴി പള്ളിയിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ഒക്ടോബർ 2-ം 3-ം തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടി. അതോടനുബന്ധിച്ച് രണ്ടുദിവസത്തെ പ്രസംഗങ്ങളും വെണ്ണിക്കുളം വത്സലാ സിസ്റ്റേഴ്സിൻെറ കഥാപ്രസംഗവും ഉണ്ടായിരുന്നു. റവ. ഫാ. പാലത്തുംപാട്ട്, P. H. L. D D. Rome, റവ. ഫാ. അഗസ്റ്റിൻ, O. I. C. എന്നിവരായിരുന്നു പ്രാസംഗികർ. വി. മൂന്നിന്മേൽ കുർബാനയോടുകൂടി പെരുനാൾ ആഘോഷങ്ങൾ അവസാനിച്ചു. എല്ലാ ചടങ്ങുകളിലും ധാരാളം കത്തോലിക്കരും അകത്തോലിക്കരും സംബന്ധിച്ചിരുന്നു.

## സണ്ടേസ്കൂൾവാർഷികം.

പത്തനംതിട്ട സെൻറ് പീറ്റേഴ്സ് സണ്ടേസ്കൂളിൻെറ **വാർഷികമഹാമഹം** ഇക്കഴിഞ്ഞ ഒക്ടോബർ 21-ാം തീയതി ഫാ. മാത്യു തുരുത്തിയിലിൻെറ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. പത്തനംതിട്ട ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ മി എം. എം. മാത്യു, ശ്രീ. മത്തായിസാർ അട്ടച്ചാക്കൽ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികളും പ്രഹസനങ്ങളും നടത്തപ്പെട്ടു. പരീക്ഷകളിലും കായികമത്സരങ്ങളിലും വിജയികളായവക്ക്" സമ്മാനങ്ങൾ നല്കപ്പെട്ടു.

## തിരുബാലസഖ്യം

നാലാംചിറ സെൻറ് ജോൺസ് മോഡൽ സ്കൂളിൽ തിരുബാലസഖ്യത്തിൻെറ ഒരു ശാഖ അതിരൂപതാ ഡയറക്ടർ 24 വിദ്യാർത്ഥികളെ സഖ്യത്തിലേക്ക് സ്വീകരിച്ചുകൊണ്ട് ഉത്ഘാടനംചെയ്തിരിക്കുന്നു. സെൻറ് ജോൺസ് മോഡൽസ്കൂൾ അങ്ങിനെ നമ്മുടെ മറ്റെല്ലാ സ്കൂളുകൾക്കും ഒരു മാതൃകയായിരിക്കുന്നു.

## റവ. ഫാ. തോമസ് ഇഞ്ചക്കലോടി

ഏതാനും മാസങ്ങളായി ചികിത്സയിൽ കഴിഞ്ഞിരുന്ന ബ. ഇഞ്ചക്കലോടി അച്ചൻ ഡോക്ടറുടെ നിർദ്ദേശാനുസരണം ഒരു മാസത്തെ വിശ്രമത്തിനായി ബാംഗ്ലൂക്കു പോയിരിക്കുന്നു.

* * * * *

## മിഷ്യൻദിനം.

മാർ ഈവാനിയോസ് കോളെജിലെ കത്തോലിക്കാ വിദ്യാർത്ഥിസംഘടനയുടെ ആഭിമുഖ്യത്തിൽ മിഷ്യൻദിനം വിവിധ പരിപാടികളോടുകൂടെ ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ നടത്തിയ പൊതുസമ്മേളനത്തിൽ റവ. ഫാ. സി എ. ഏബ്രഹാം ആദ്ധ്യക്ഷം വഹിക്കുകയും ശ്രീമതി കുസുമം ജോസഫ്, എം. എൽ. എ., ശ്രീ. എം. ഊ ജോസഫ് (വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ) എന്നിവർ പ്രസംഗിക്കുകയും ചെയ്തു. മിഷ്യൻ ഫണ്ടിലേക്ക് ആയിരം രൂപാ പിരിഞ്ഞുകിട്ടി.

Printed at the St. Mary's Press, Pattom, Trivandrum-4, and Published by Rt. Rev. Msgr. Philipose Remban.

CHRISTHAVA KAHALAM-1963
C09 49633/1964
02001558